# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.21/551/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/04/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

സർ,

വിഷയം : പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.ഡയറക്ടർ ,നഗരകാര്യ വകുപ്പ് ,തിരുവനന്തപുരം(ഉ.പ.സ)
3.റീജിയണൽ ജോയിന്റ് ഡയറക്ടർ,കോഴിക്കോട്
4.സെക്രട്ടറി ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം(ഉ.പ.സ)
5.കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.21/551/2023 തീയ്യതി: 03/04/2023

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2022 മുതൽ 12-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 21-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-03-2023 | 21-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ ഗഫൂർ.സി ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ്.പി.ടി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മൂസ്സ.ഇ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജഹാൻ ഖുറൈഷി.എം അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിനീത പി.പി ഓഡിറ്റർ
ശ്രീമതി.ഷീബ.പി ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ഷാജി | ചെയർമാൻ | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൾ സജീം | സെക്രട്ടറി | 01-04-2021 | 13-10-2021 |
| | | 20-12-2021 | 02-03-2022 |
| ശ്രീ.പി.എം സുനിൽ | സൂപ്രണ്ട് (സെക്രട്ടറി-ഇൻചാർജ്ജ്) | 14-10-2021 | 19-12-2021 |
| ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ | മുനിസിപ്പൽ എഞ്ചിനീയർ (സെക്രട്ടറി-ഇൻചാർജ്ജ്) | 03-03-2022 | 31-03-2022 |
| ശ്രീ.പ്രസന്ന കുമാർ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 05-08-2021 |
| ശ്രീ.അനിൽ കുമാർ.ഡി | മുനിസിപ്പൽ എഞ്ചിനീയർ | 06-08-2021 | 24-11-2021 |
| ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ | മുനിസിപ്പൽ എഞ്ചിനീയർ | 25-11-2021 | 31-03-2022 |
| ശ്രീമതി .മാരിയത്ത് കിബ്ത്തിയ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മനോജ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.സാബിറ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ് ബോസ് | പ്രിൻസിപ്പാൾ ജി.വി.എച്ച്.എസ്.എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗിരിജ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സൈനബ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ശിവപ്രസാദ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ഗോപകുമാർ | പ്രൊജക്ട് ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | സർക്കാരിലേക്ക് അടവാക്കേണ്ട തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയത് തിരിച്ചടക്കേണ്ടതാണ്. | 1-12 |
| 13 | പാരമെഡിക്കൽ സ്ഥാപനങ്ങൾ - വാർഷിക ഫീ ഈടാക്കിയിട്ടില്ല. | 1-13 |
| 14 | പി.വി.സി പൈപ്പ്, ഫിറ്റിങ്സ് എന്നിവക്ക് അധിക നിരക്ക് നൽകി - നഗരസഭക്ക് 3.10 ലക്ഷം രൂപയുടെ നഷ്ടം | 1-14 |
| 15 | റോഡ് നിർമ്മാണം- മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 1-15 |
| 16 | സംരക്ഷണ ഭിത്തി നിർമ്മാണം - അപാകതകൾ | 1-16 |
| 17 | ഷോപ്പിംഗ് കോംപ്ലക്സിലെ റൂമുകൾ ലേലം ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്നു | 1-17 |
| 18 | കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 1-18 |
| 19 | വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-19 |
| 20 | സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി, ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 27340 രൂപ തിരിച്ചടവാക്കി. | 1-20 |
| 21 | ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചത് ക്രമ വിരുദ്ധം | 1-21 |
| 22 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം തുക ലഭിക്കുന്നില്ല | 1-22 |
| 23 | പദ്ധതി രൂപീകരണം- വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും നിയമാനുസൃത കടമകൾ നിർവ്വഹിക്കുന്നില്ല | 1-23 |
| 24 | FACTEOS ലൈസൻസ് - അപേക്ഷയിൽ മൂലധനം രേഖപ്പെടുത്തിയില്ല | 1-24 |
| 25 | കാർഷിക പ്രൊജെക്ടുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ് | 1-25 |
| 26 | ഭവനപുനരുദ്ധാരണം-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 27 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- അവലോകനം | 1-27 |
| 28 | അഗതിരഹിത കേരളം പദ്ധതി അവലോകനം | 1-28 |
| 29 | വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസ പദ്ധതി -അവലോകനം | 1-29 |
| 30 | ഓട്ടുപാറ കോവിലകം പടി പാടം റോഡ് നിർമ്മാണം - അപാകതകൾ | 1-30 |
| 31 | പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല | 1-31 |
| 32 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല | 1-32 |
| 33 | ചമയം ടൗൺ ഹാൾ റോഡ് കട്ട പതിക്കൽ അപാകതകൾ | 1-33 |

| | | |
|---|---|---|
| 34 | ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല | 1-34 |
| 35 | അസിസ്റ്റന്റ് എഞ്ചിനീയർ -രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 1-35 |
| 36 | ഗവ.ഹയർ സെക്കന്ററി സ്കൂൾ പെയിന്റിങ് - അപാകതകൾ | 1-36 |
| 37 | മാമ്പ്രപ്പടി ഹെൽത്ത് സെന്റർ നിർമ്മാണം - പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്ത വിവരം ലഭ്യമല്ല | 1-37 |
| 38 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്റ്റ് വർക്ക് നിരക്ക് നൽകി | 1-38 |
| 39 | റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി | 1-39 |
| 40 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ ഓവർ ഹെഡ് ചാർജ് ഈടാക്കിയതിൽ കുറവ് | 1-40 |
| 41 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി ഓവർ ഹെഡ് ചാർജ് ഈടാക്കിയതിൽ കുറവ് | 1-40-1 |
| 42 | റാക്ക് നിർമ്മാണം - അധിക തുക നൽകി | 1-41 |
| 43 | പ്രൊജക്റ്റ് തയ്യാറാക്കാതെ പ്രവൃത്തികൾ നിർവ്വഹിക്കുന്നു | 1-42 |
| 44 | എസ്.എസ്.എ. വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-43 |
| 45 | രേഖകൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-44 |
| 46 | മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളം-സർക്കാറിലേക്ക് തിരിച്ചടവാക്കാനവശേഷിക്കുന്നു | 1-45 |
| 47 | സാക്ഷരതാ മിഷൻ പ്രേരകിന് ഹോണറേറിയം തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ് | 1-46 |
| 48 | ഓൺലൈൻ വിദ്യാ സഹായ പദ്ധതി - മറുപടി ലഭ്യമാക്കേണ്ടതാണ് | 1-47 |
| 49 | തെരുവ് വിളക്കുകളുടെ റിപ്പയറിനുള്ള AMC -അപാകതകൾ | 1-48 |
| 50 | മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. | 1-49 |
| 51 | അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു | 1-50 |
| 52 | പൊതു തെരുവുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നത് - നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-51 |
| 53 | നികുതി-നികുതിയേതര കുടിശ്ശിക സംബന്ധിച്ച് | 1-52 |
| 54 | വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-53 |
| 55 | മുനിസിപ്പൽ ഫണ്ട്-ബാധ്യതയ്ക്കനുസൃതമായ ഫണ്ട് നീക്കിയിരിപ്പില്ല | 1-54 |
| 56 | മരാമത്ത് പ്രവൃത്തി - കരാറുകാർക്ക് കൊടുത്ത് തീർക്കാനുള്ളത് കോടികൾ | 1-54-1 |
| 57 | ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം - ശുചിത്വ മിഷൻ ഫണ്ട് ലഭ്യമായില്ല | 1-55 |
| 58 | ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-56 |
| 59 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് -കണക്കുകൾ കഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല | 1-57 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പി.വി.സി പൈപ്പ്, ഫിറ്റിങ്സ് എന്നിവക്ക് അധിക നിരക്ക് നൽകി - നഗരസഭക്ക് 3.10 ലക്ഷം രൂപയുടെ നഷ്ടം | 3-1 |
| 2 | റോഡ് നിർമ്മാണം- മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 3-2 |
| 3 | സംരക്ഷണ ഭിത്തി നിർമ്മാണം - അപാകതകൾ | 3-3 |

| | | |
|---|---|---|
| 4 | ഗവ.ഹയർ സെക്കന്ററി സ്കൂൾ പെയിന്റിങ് - അപാകതകൾ | 3-4 |
| 5 | ഓട്ടുപാറ കോവിലകം പടി പാടം റോഡ് നിർമ്മാണം - അപാകതകൾ | 3-5 |
| 6 | റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി | 3-6 |
| 7 | ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചത് ക്രമ വിരുദ്ധം | 3-7 |
| 8 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി | 3-8 |
| 9 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ ഓവർ ഹെഡ് ചാർജ് ഈടാക്കിയതിൽ കുറവ് | 3-9 |
| 10 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി ഓവർ ഹെഡ് ചാർജ് ഈടാക്കിയതിൽ കുറവ് | 3-10 |
| 11 | റാക്ക് നിർമ്മാണം - അധിക തുക നൽകി | 3-11 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 20.02.2021 തിയ്യതിയിലെ തീരുമാനം നമ്പർ (1) | 26.03.2022ലെ തീരുമാനം നമ്പർ (1) |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31.07.2022 | 31.7.2022 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | സാമ്പത്തിക വർഷം 2021-22 |
|---|---|
| മുന്നിരിപ്പ് | 65852354 |
| വരവ് | 389486340 |
| ആകെ | 455338694 |
| ചെലവ് | 391331703 |
| നീക്കിയിരിപ്പ് | 64006991 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 37794867 | 37794867 | 35609271 | 2185596 |
| വികസന ഫണ്ട് (എസ്.സി.പി) | | 17804000 | 17804000 | 7208690 | 10595310 |
| വികസന ഫണ്ട് (ടി.എസ്.പി) | | - | - | - | - |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 19930000 | 19930000 | 9826835 | 10103165 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 17076255 | 17076255 | 8833197 | 8243058 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | | 17612000 | 17612000 | 12063231 | 5548769 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | 36201123 | 36201123 | 18768866 | 17432257 |
| ബി ഫണ്ട് | | 95215200 | 95215200 | 95215200 | |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 427 | 406798617 | 228 | 111397255 | 0 | 199 | 53.39 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകളും | 2770006 | 10080957 | 12850963 | 12564593 | 286370 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നൽകുന്നതും | | | | | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1200 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 6799600 | 406 |
| വിധവ പെൻഷൻ | 31400600 | 2030 |
| വാർദ്ധക്യകാല പെൻഷൻ | 46205100 | 3499 |
| വികലാംഗ പെൻഷൻ | 7901900 | 564 |
| വിവാഹ ധനസഹായം | 240000 | 22 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 2666800 | 181 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.03.2023 ന് 11:30 Am സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 20,094/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
2. വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ വൻ തോതിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നു.
3. ഒറ്റ പ്രോജക്ടായി നടപ്പാക്കേണ്ട മരാമത്ത് പ്രവൃത്തികൾ ഭാഗികമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് വ്യത്യസ്ത പ്രോജക്ടുകളായി നടപ്പാക്കുന്നു.
4.വർക്ക് ബില്ലുകളിൽ നിന്നും കുറവ് ചെയ്തിട്ടുള്ള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ടി- സ്ഥാപനത്തിലേക്ക് അടവാക്കിയിട്ടില്ല.
5. വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ നിയമപരമായ കടമകൾ നിർവ്വഹിക്കുന്നില്ല, മോണിറ്ററിംഗ് കാര്യക്ഷമമല്ല.
6. ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.
7. മുൻകൂർ രജിസ്റ്ററിൽ വിവിധ ഏജൻസികൾക്ക് കൊടുക്കുന്ന മുൻകൂറുകൾ രേഖപ്പെടുത്തുന്നില്ല.
8. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.
9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
10. 1967-68 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ഓഡിറ്റ് തടസ്സം നിലനിൽക്കുന്നുണ്ട്.തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.
11 നഗരസഭാ ഓഫീസിലും വിട്ടു കിട്ടിയ സ്ഥാപനങ്ങളിലും പ്രവൃത്തിസമയം, ഇടവേള, ഉദ്യോഗസ്ഥരുടെ പേരു വിവരം,ഹാജർവിവരം,മൂവ്മെന്റ് വിവരം,സേവനാവകാശ നിയമ വ്യവസ്ഥകൾ എന്നിവ പ്രദർശിപ്പിക്കുന്ന നിയമപ്രകാരമുള്ള നോട്ടീസ് ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ല.
12. കൃഷി ഓഫീസർ പ്രൊജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.07.2014 | 2013-14 | 07.08.2015 |
| എ.ജി ഓഡിറ്റ് | 1.1.2019 | 2017-18 | 6.3.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2021-22 ലെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ബാങ്ക് റീകൺസലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18-ഷെഡ്യൂളിലെ തുകകളുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല. 1991 മുതലുള്ള മുൻകൂറുകൾ ഇനിയും ക്രമീകരിച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7-ഷെഡ്യൂളിലെ ബാധ്യതയായുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4. തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, Entertainment Tax രജിസ്റ്റർ, Cremation Fee രജിസ്റ്റർ, വാടക രജിസ്റ്റർ, എന്നിവയിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിൽ

ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5.SBI OWN Fund 57065238473 ബാങ്ക് ബുക്ക് പ്രകാരം 31.3.22 ലെ നീക്കിയിരിപ്പ് -174826.45 രൂപയാണ് (നെഗറ്റീവ് തുക).

6. B-4ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 7735963 രൂപ ബാലൻസ് ഉണ്ട്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുകകളുടെ വിവരവും പൂർണ്ണമായി ചെലവഴിക്കാത്ത പ്രോജക്ടുകളുടെ വിവരവും മറ്റു വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. 7.HUDCOയിൽ നിന്നും നഗരസഭക്ക് PMAY ലോൺ, മാർക്കറ്റ് ലോൺ എന്നീ രണ്ട് ലോണുകളുണ്ട്. മാർക്കറ്റ് HUDCO ലോൺ, PMAY-HUDCO ലോൺ എന്നിവയുടെ വർഷാവസാനം തിരിച്ചടക്കാനുള്ള ബാലൻസ് തുക ഒരുമിച്ച് ചേർത്ത് 179444540/-രൂപയാണ് ബാലൻസ് ഷീറ്റിൽ കൊടുത്തിരിക്കുന്നത്(B-5 Loan From HUDCO). മാർക്കറ്റ് ലോൺ രജിസ്റ്റർ പ്രകാരം നീക്കി ബാക്കി 39604540 രൂപയാണ്.PMAY ക്ക് ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല,ആയതിനാൽ ഹഡ്കോ വായ്പയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.മാർക്കറ്റ് ലോൺ 39604540 + PMAY ലോൺ 139840000=179444540 രൂപ വാർഷിക കണക്കിൽ നീക്കി ബാക്കിയായി ചേർത്തിട്ടുണ്ട്.

8. അർബൻ കോ-ഓപ്പറേറ്റീവ് അക്കൗണ്ടിൽനിന്നുള്ള ബസ്സ്റ്റാന്റ് ലോൺ ,രജിസ്റ്റർ പ്രകാരം വർഷാവസാനം തിരിച്ചടക്കാനുള്ള തുക 63658433 രൂപയാണ്.എന്നാൽ വാർഷിക കണക്ക് പ്രകാരം 63417148 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.(ലോൺ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.)

9.RP-25 പ്രകാരം 35200000 രൂപ വരവായി കണിച്ചിട്ടുണ്ടെങ്കിലും ആയത് Correction Entry (2019-20 ൽ വരവ് വന്ന തുക) എന്നാണ് ലെഡ്ജറിൽ ചേർത്തിട്ടുള്ളത്. ആയതിന് കാരണം വിശദീകരിക്കപ്പെട്ടില്ല.

10.അർബൻ കോ-ഓപ്പറേറ്റീവ് അക്കൗണ്ടിൽ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയ മുതൽ ഇനത്തിലെ അടവും ബാങ്ക് ബുക്ക് പ്രകാരമുള്ള അടവും(ledger3305100 )തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| ക്രമ നം. | Ledger240500100 | ലോൺ രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| 1 | 872673 | 872670 | 3 |
| 2 | 2667220 | 2507570 | 159650 |
| 3 | 2118173 | 2036535 | 81638 |

അർബൻ കോ-ഓപ്പറേറ്റീവ് അക്കൗണ്ടിൽ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയ പലിശ ഇനത്തിലെ അടവും ബാങ്ക് ബുക്ക് പ്രകാരമുള്ള അടവും(ledger240500100) തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| ക്രമ നം | Ledger240500100 | ലോൺരജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| 1 | 878046 | 878043 | 3 |
| 2 | 1718831 | 1878481 | 159650 |
| 3 | 625891 | 707529 | 81638 |

11. മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടം17(2) പ്രകാരം മുനിസിപ്പൽ ഫണ്ട് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് അനുമതിയില്ല. എന്നാൽ പെരിന്തൽമണ്ണ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ തനത് ഫണ്ട് നിക്ഷേപിച്ചിട്ടുണ്ട് (CD-654). ആയതിൽ7.3.2017 -ൽ 3167305 രൂപ നീക്കിയിരിപ്പ് ഉണ്ട്.ശേഷം Transaction ഒന്നും നടത്തിയതായി കാണുന്നില്ല.

12. B-11 ഷെഡ്യൂളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിനായി ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

13. SBI -SSA A/C 67012456452 -ൽ 31.3.22 ലെ നീക്കിയിരിപ്പ് 14612 രൂപയാണ്. ബാങ്ക് ബുക്ക് പ്രകാരം 14321 രൂപയാണ്. റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

14. വികസന ഫണ്ട് ജനറൽ ACR പ്രകാരം വരവ് 35609271 രൂപയാണ്. എന്നാൽ AFS പ്രകാരം 34695975 രൂപയാണ്.

15. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്തുന്നവയല്ല എന്ന് കാണുന്നു. അനിവാര്യമല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | അക്കൗണ്ട് | 31.03.2022ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | പെരിന്തൽമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(46287) | 56 |
| 2 | SBI-SSA 67012456452 | 14321 |
| 3 | സിന്റിക്കേറ്റ് ബാങ്ക്-സെൻസസ് 46012200033340 | 60077 |
| 4 | SBI -ESCRO 67143974519 | 76493 |

16. അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ച 1000/- രൂപയുടെ സ്ഥിര നിക്ഷേപം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

17. വസ്തുനികുതി ഇനത്തിൽ വാർഷിക കണക്ക്, സഞ്ചയ സ്റ്റേറ്റ്മെന്റ് എന്നിവ ചുവടെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| | തൻ വർഷ ഡിമാന്റ് | തൻ വർഷ കളക്ഷൻ |
|---|---|---|
| വാർഷിക കണക്ക് പ്രകാരം | 42500,000 | 32428923 |
| സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | 50566131 | 32066698 |

18. ബാങ്ക് ബുക്ക് എല്ലാമാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

19. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

20. മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല

21. മുനിസിപ്പൽ (ജനറൽ) ഫണ്ടിന്റെ മുൻവർഷത്തെ നീക്കിയിരിപ്പ്, (B1 Schedule)തൻവർഷത്തെ മുന്നിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | |
|---|---|
| മുൻവർഷത്തെ നീക്കിയിരിപ്പ് | 19,18,17390 |
| തൻവർഷത്തെ മുന്നിരിപ്പ് | 19,18,25250 |

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-15/17.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 സർക്കാരിലേക്ക് അടവാക്കേണ്ട തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയത് തിരിച്ചടക്കേണ്ടതാണ്.

2018ലെ കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടം-ചട്ടം 12(9) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷകളിൽ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ സൂചിപ്പിച്ച നിരക്കിൽ തുക അടവാക്കേണ്ടതാണെന്നും സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണം 3000ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ അപ്രകാരം അധികം വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. റവന്യൂ (പി) വകുപ്പിന്റെ 14.1.2019ലെ പി1/818/2018/ റവന്യൂ നമ്പർ സർക്കുലർ, 3.10.2019ലെ REV-P1/818/2018-REV നമ്പർ സർക്കുലർ എന്നിവ പ്രകാരം പ്രസ്തുത ഫീസ് '0029-00-800-88-Receipts Collected Under Rule 12(9) Of The Kerala Conservation Of Paddy Land And Wetland (Amendment Act) 2018 എന്ന ശീർഷകത്തിൽ അടയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെപ്പറയുന്ന അപേക്ഷകൾ പരിശോധിച്ചപ്പോൾ സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലുള്ള 3000ചതുരശ്ര അടിയിൽ കൂടുതലുള്ള നിർമാണത്തിനുള്ള ഫീസ് മുനിസിപ്പാലിറ്റിയിൽ അടവാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയാണ് ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷകന്റെ പേര് | ഒടുക്കിയ ഫീസ് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | BA 380/21-22 | ശ്രീ. മുഹമ്മദ് എന്ന മാനുഹാജി | 3,71000 | 121010122183/17.3.2022 |
| 2 | BA 378/21-22 | ശ്രീ. അബ്ദുൽ നാസർ | 3,90200 | 121010122181/17.3.2022 |
| 3 | BA 374/21-22 | ശ്രീ. മുജീബ് റഹ്മാൻ, ശ്രീമതി. സുനീറ ബാനു | 69800 | 121010122229/18.3.2022 |
| 4 | BA 518/20-21 | ശ്രീമതി. പുഷ്പാ മണി, ശ്രീമതി. ജിഷ, ശ്രീ. ഹരീഷ്, ശ്രീ. ഗിരീഷ് | 3,59943<br>3,11663 | 120010124039/24.3.2021<br>121010117337/9.2.2022 |
| 5 | BA 328/21-22 | ശ്രീ. അബ്ദുസ്സലാം | 7,26500 | 121010113916/17.12.2021 |
| ആകെ | | | 22,29,106 | |

2022-23 സാമ്പത്തിക വർഷത്തിലും വിവിധ അപേക്ഷകളിൽ ഇത്തരത്തിൽ ഫീസ് ഈടാക്കുകയും ആയത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷകന്റെ പേര് | ഒടുക്കിയ ഫീസ് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | BA 318/22-23 | ശ്രീമതി. റസിയ | 92000 | 122010121029/9.3.2023 |
| 2 | BA 516/22-23 | ശ്രീ. ഉസ്മാൻ | 1,15411 | 122010117069/24.1.2023 |
| 3 | BA 276/22-23 | SECURA DEVELOPERS Pvt. Ltd.<br>ഡയറക്ടേഴ്സ്- ശ്രീ. നൌഷാദ് കെ.പി., ശ്രീ. സൈദ് ഇസ്മായിൽ കോയ കട്ടി തങ്ങൾ | 5,06400 | 122010114220/25.11.2022 |
| 4 | BA 219/22-23 | ശ്രീ. അബ്ദുൽ ഷുക്കൂർ | 16,05800 | 122010500303/25.8.2022 |
| 5 | BA 220/22-23 | ശ്രീ. സന്തോഷ് | 7,74000 | 122010500305/25.8.2022 |
| ആകെ | | | 30,93,611 | |

അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-6/16.3.2023) 2018ലെ കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടം-ചട്ടം 12(9) പ്രകാരം 3000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തൃതി വരുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ അധികം വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100 രൂപ നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പ് വരുത്തണമെന്ന ആർ.ഡി.ഒ.യുടെ നിർദേശ പ്രകാരമാണ് ടി.തുക മുനിസിപ്പൽ ഫണ്ടിൽ അടവാക്കിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല. ഇത്തരത്തിൽ ഈടാക്കേണ്ട ഫീസ് ഏത് ശീർഷകത്തിൽ ഒടുക്കേണ്ടതാണെന്ന് കൃത്യമായ നിർദേശമുള്ളതാണ്. ഇത്തരത്തിൽ ഫീസ് മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കിയ മറ്റ് അപേക്ഷകൾ ഉണ്ടെങ്കിൽ ആയത് കൂടി പരിഗണിച്ച് സർക്കാരിലേക്ക് ഒടുക്കേണ്ട മുഴുവൻ തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള ശീർഷകത്തിൽ അടച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 പാരമെഡിക്കൽ സ്ഥാപനങ്ങൾ - വാർഷിക ഫീ ഈടാക്കിയിട്ടില്ല.

1997 കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 341A പ്രകാരം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്കും , പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും മുനിസിപ്പാലിറ്റി ഏതെങ്കിലും, സേവനം നൽകുന്നുണ്ടെങ്കിൽ ആ സേവനങ്ങൾക്ക് വേണ്ടി കൌൺസിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള വാർഷിക ഫീസ് ഈടാക്കാവുന്നതാണ്.
2020-21 സാമ്പത്തിക വർഷത്തിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കുകയോ/ നിർത്തലാക്കിയ വിവരം അറിയിക്കുകയോ ചെയ്തിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | വാർഷിക ഫീ |
|---|---|---|
| Arogya Homeo Pathic | 23/373-6 | 100 |
| Ascent ENT | 31/1828 | 100 |
| Craft Hospital | 25/198 | 100 |
| Sharp X-Ray | 32/1175 | 100 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ . 3/2021-22/ 15.03.2023 ന് രജിസ്ട്രേഷൻ പുതുക്കാനുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി. നഗരസഭാ പരിധിയിലെ മുഴുവൻ പാരമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 പി.വി.സി പൈപ്പ്, ഫിറ്റിങ്സ് എന്നിവക്ക് അധിക നിരക്ക് നൽകി - നഗരസഭക്ക് 3.10 ലക്ഷം രൂപയുടെ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന സമുച്ചയത്തിൽ കുടിവെള്ള സൗകര്യം പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിയുടെ ഭാഗമായി പി.വി.സി പൈപ്പ്, ബെന്റ്, മറ്റ് ഫിറ്റിങ്സ് എന്നിവക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം നഗരസഭക്ക് 321886 രൂപയുടെ നഷ്ടം സംഭവിച്ചു.

ഈ പ്രവൃത്തിക്കായി ഒബ്ർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ പി.വി.സി പൈപ്പിന്റെയും മറ്റ് ഫിറ്റിങ്സുകളുടെയും മാർക്കറ്റ് നിരക്കിനൊപ്പം തെറ്റായി കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് നൽകിയതും കൂലി, ബെൽഡാർ തുടങ്ങിയ ഇനങ്ങൾക്കുള്ള നിരക്ക് 2018 DSR പ്രകാരമുള്ളത് ഉൾപെടുത്തിയത് കാരണവുമാണ് അധിക നിരക്ക് നൽകാനിടയാത്. ഈ ഇനത്തിൽ നഗരസഭക്ക് അധിക ചെലവ് വരുത്തിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|
| ലൈഫ് ഭവന സമുച്ചയത്തിൽ കുടിവെള്ള സൗകര്യം പൈപ്പ് ലൈൻ നീട്ടൽ (431/22)<br>ബിൽ 2115034700180146O750/28.3.2022 തുക 796148<br>സാങ്കേതികാനമതി 792288/21.10.2020<br>കരാർ 303/19.2.2021<br>കോൺട്രാക്ടർ. ശ്രീ.ഹുസൈൻ.എം<br>അളവ് പുസ്തകം 261/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 90mm Dia പി.വി.സി പൈപ്പ് 986m | 640663 @649.76/m | 392320 @ 397.89/m | 278144 (248343+29801) |
| | 90mm Dia പി.വി.സി പൈപ്പ് ഫിറ്റിങ് 68m | 39013 @573.73/m | 23920 @351.76/m | 16904 (15093+1811) |
| | 90mm Dia പി.വി.സി ബെന്റ് 68 | 18548 @272.76/each | 9580 @140.88/each | 10044 (8968+1076) |
| | 90mm Dia പി.വി.സി ടീ 36 | 11231 @311.98/each | 6096 @169.33/each | 5751 (5135+616) |
| ആകെ | | | | 310843 |

ഇനം 1 നൽകാവുന്ന തുക ഒബ്സർവ്ഡ് ഡാറ്റ 50.18.9.8.2 ൽ നിന്ന് തയ്യാറാക്കിയത്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR54 | PVC Pipe 110mm Dia 6kgf | M | 10.5 | 211 | 2215.50 |

| | | | | | |
|---|---|---|---|---|---|
| 116 | Fitter(grade 1) | Day | 0.25 | 487 | 121.75 |
| 0114 | Beldar | Day | 0.66 | 368 | 242.88 |
| 0114 | Beldar | Day | 0.66 | 368 | 242.88 |
| 0115 | Cooli | Day | 0.66 | 368 | 242.88 |
| Total | | | | | 3065.89 |
| Cost For 10M | | | | | 3065.89 |
| Add Water Charge1% | | | | | 30.66 |
| Add CPOH 15% | | | | | 464.48 |
| Cost For 1 Metre | | | | | 356.10 |
| Cost Index 31.06% (Excluding MR Rs. 2215.50) | | | | | 41.79 |
| Total | | | | | 397.89 |

ഇനം 2 നൽകാവുന്ന തുക ഒബ്സർവ്ഡ് ഡാറ്റ 50.18.9.18.1 ൽ നിന്ന് തയ്യാറാക്കിയത്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR54 | PVC Pipe 110mm Dia 6kgf | M | 10.5 | 211 | 2215.50 |
| 9999 | Sundries (Carriage) | Ls | 22.53 | 1.73 | 38.98 |
| 9999 | Sundries (Adhessive) | Ls | 10.27 | 1.73 | 17.77 |
| 0116 | Fitter | Day | 0.32 | 487 | 155.84 |
| 0114 | Beldar | Day | 0.62 | 368 | 228.16 |
| 0100 | Bandari | Day | 0.13 | 407 | 52.91 |
| 9999 | Sundries (Scaffolding | Ls | 30.98 | 1.73 | 53.60 |
| Total | | | | | 2762.76 |
| Cost For 10M | | | | | 2762.76 |
| Add Water Charge1% | | | | | 27.63 |
| Add CPOH 15% | | | | | 418.56 |
| Cost For 1 Metre | | | | | 320.90 |
| Cost Index 31.06% (Excluding MR Rs. 2215.50) | | | | | 30.86 |
| Total | | | | | 351.76 |

ഇനം 3 നൽകാവുന്ന തുക ഒബ്സർവ്ഡ് ഡാറ്റ 50.18.9.21.4 ൽ നിന്ന് തയ്യാറാക്കിയത്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR80 | PVC Bend 110mm Dia | 1 | 90 | 90 | 90.00 |
| 9999 | Sundries (Carriage) | Ls | 2.73 | 1.73 | 4.72 |
| 9999 | Sundries (Adhessive) | Ls | 9.36 | 1.73 | 16.19 |
| Total | | | | | 110.91 |
| Add Water Charge1% | | | | | 1.11 |
| Add CPOH 15% | | | | | 16.80 |
| Cost Index 31.06% (Excluding MR Rs. 90) | | | | | 12.06 |
| Total | | | | | 140.88 |

ഇനം 4 നൽകാവുന്ന തുക ഒബ്സർവ്ഡ് ഡാറ്റ 50.18.9.21.5 ൽ നിന്ന് തയ്യാറാക്കിയത്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR81 | PVC Tee 110mm Dia | 1 | 112 | 112 | 112.00 |
| 9999 | Sundries (Carriage) | Ls | 3.41 | 1.73 | 5.90 |
| 9999 | Sundries (Adhessive) | Ls | 9.36 | 1.73 | 16.19 |
| Total | | | | | 134.09 |
| Add Water Charge1% | | | | | 1.34 |
| Add CPOH 15% | | | | | 20.31 |
| Cost Index 31.06% (Excluding MR Rs. 112) | | | | | 13.59 |
| Total | | | | | 169.33 |

കുറിപ്പ് - പി.വി.സി പൈപ്പ് മറ്റ് ഫിറ്റിങ്സുകൾ എന്നിവയിൽ 90mm Dia യുടെ നിരക്ക് സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാൽ 110mm Dia ($6kgf/cm^2$) യുടെ നിരക്കുകളാണ് നൽകാവുന്ന നിരക്കായി ഡാറ്റയിൽ ഉൾപെടുത്തിയിട്ടുള്ളത്. ഫിറ്റർ, മറ്റ് ചാർജ്ജുകൾ എന്നിവ 75mm Dia യുടെതുമാണ് ഉപയോഗിച്ചിട്ടുള്ളത്.

പ്രവൃത്തിക്കായി നഗരസഭ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഫിറ്റർ മറ്റ് ചാർജ്ജുകൾ എന്നിവ 2018 DSR പ്രകാരമുള്ളതും 75mm Dia യുടേതുമാണ്. പൈപ്പ്, മറ്റ് ഫിറ്റിങ്സ് എന്നിവയുടെ നിരക്കുകൾ യഥാക്രമം MR 53, 52 എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ പ്രൈസ് സോഫ്റ്റ്‌വെയറിലെ നിരക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റ് എൻക്വയറി 26/21-22/20.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ310843 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-1 കാണുക)

## 1-15 റോഡ് നിർമ്മാണം- മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒടിയൻ ചോല ഫ്ലാറ്റ് റോഡ് സോളിങ്, മെറ്റലിങ്, ടാറിങ്, കോൺക്രീറ്റിങ്, കൾവർട്ട്, ഡ്രൈനേജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ അപ്പൻഡിക്സ് 3 ഇനം 1 ആയി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി മണ്ണ് കിളച്ചെടുത്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 3.5.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് മാനുലായി (Excavation For Road Way In Soil Using Manual Means) പ്രവൃത്തി ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തിയില് ഉൾപെടുത്തി റോഡ് നിർമ്മാണത്തിന് വേണ്ടി 68മീറ്റർ നീളത്തിൽ 5 മീറ്റർ വീതിയിൽ ശരാശരി 77.5cm ആഴത്തിലും മൺ തിട്ട നീക്കം ചെയ്യുന്ന പ്രവൃത്തി കൂടി ചെയ്തിട്ടുണ്ട്. ഇത് റോഡ് നിർമ്മാണത്തിനായി ചെയ്ത പ്രവൃത്തിയാണ്. നഗരസഭ ഓവർസിയർമാരുടെ സാന്നിധ്യത്തിൽ ഈ പ്രവൃത്തി ചെയ്ത സ്ഥലം പരിശോധിക്കുകയും സ്ഥല പരിശോധന റിപ്പോർട്ടിൽ അവർ ഇക്കാര്യം സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി യന്ത്ര സഹായത്തോടെ (Mechanical Means) ചെയ്യാവുന്ന പ്രവൃത്തിയാണ്. യന്ത്ര സഹായത്തോടെ (Mechanical Means) ചെയ്യുന്നതിന് 60.54/$m^3$ മാത്രമാണ് ചെലവ് വരുന്നത്. അപ്രകാരം ചെയ്യാതെ മാനുലായി ചെയ്തതിന് എസ്റ്റിമേറ്റിൽ പ്രത്യേക കാരണമൊന്നും രേഖപ്പെടുത്തിയിട്ടുമില്ല. ഈ ഇനത്തിൽ നഗരസഭക്ക് അധിക ചെലവ് വരുത്തിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക (കോഡ് 3.5.1) | നൽകാവുന്ന തുക (കോഡ് 3.5.2) | അധികം (12% GST അടക്കം) |
|---|---|---|---|---|
| ഒടിയൻ ചോല ഫ്ലാറ്റ് റോഡ് സോളിങ്, മെറ്റലിങ്, ടാറിങ്, കോൺക്രീറ്റിങ്, കൾവർട്ട്, ഡ്രൈനേജ് നിർമ്മാണം ( ഫയൽ PW1-18777/19)<br>ചെക്ക് 174/21.4.2021 തുക 1000000<br>സാങ്കേതികാനുമതി 115478/4.3.2020<br>കരാർ 6/20.5.2020 (17.7% കുറവ്)<br>കോൺട്രാക്ടർ. ശ്രീ.ഹുസൈൻ.എം<br>അളവ് പുസ്തകം 10/18-19<br>കോസ്റ്റ് ഇൻഡക്സ് 31.06% | 264$m^3$ | 49650<br>@188.07/$m^3$<br>17.7% ടെണ്ടർ കുറവിന് ശേഷം നൽകിയത്.<br>എസ്റ്റിമേറ്റ് നിരക്ക്<br>@228.52/$m^3$ | 13152<br>@ 49.82/$m^3$<br>17.7% ടെണ്ടർ കുറവിന് ശേഷം നൽകിയത്.<br>3.5.2 പ്രകാരമുള്ള നിരക്ക്<br>@60.54/$m^3$ | 40878<br>(36498+4380) |

ഓഡിറ്റ് എൻക്വയറി 41/20.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 40,878 രൂപ അടങ്കൽ തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-2 കാണുക)

## 1-16 സംരക്ഷണ ഭിത്തി നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കോലോതൊടി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം (458/22) എന്ന പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കോളനിയിലെ വീടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ള ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ല എന്ന് നഗരസഭ ഓവർസിയർമാരുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ ഓവർസിയർമാർ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ പ്രവൃത്തിക്ക് DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയതും DSR പ്രകാരമുള്ള പ്രവൃത്തിയായിട്ടാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കോലോതൊടി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം (458/22)<br>CO 22339914187/22.2.23 തുക 419001<br>ബിൽ 2115034700180150639/29.3.2022 തുക 50000<br>അളവ് പുസ്തകം 295/20-21<br>കരാറുകാരൻ ശ്രീ. എം.ഹുസൈൻ<br>കരാർ. 50/9.3.2022<br>കോസ്റ്റ് ഇൻഡക്സ് 36.44% | എർത് വർക് എസ്കവേഷൻ 19.215m$^3$ | 6931<br>@360.73/m$^3$ | 5742<br>@298.84<br>DSR 2.8.1 | 1189 |
| | ഡ്രൈറബ്ൾ മേസനറി 74.133m$^3$ | 271332<br>@3660.07/m$^3$ | 260454<br>@3513.33/m$^3$<br>OD 60.7.1 | 10878 |
| | റാന്റം റബ്ൾ മേസനറി 15.091m$^3$ | 105772<br>@7008.97 | 101365<br>@6716.93<br>OD | 4407 |
| | പോയിന്റിങ് ഓൺ സ്റ്റോൺ വർക്ക് 98.055m$^2$ | 34715<br>@354.04/m$^2$ | 33269<br>@339.29/m$^3$<br>OD | 1446 |
| ആകെ | | | | 17920 |
| 12% GST തുക അടക്കം | | | | 20070 |

ഓഡിറ്റ് എൻക്വയറി 43/20-21 /20.3.2023 നൽകിയതിന് -അധിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ 20070 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-3 കാണുക)

## 1-17 ഷോപ്പിംഗ് കോംപ്ലക്സിലെ റൂമുകൾ ലേലം ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്നു

2021-22 സാമ്പത്തിക വർഷത്തേക്ക് നടത്തിയ ലേലം സംബന്ധിച്ച രജിസ്റ്റർ , അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പെരിന്തൽമണ്ണ നഗരസഭയുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകളിലെ താഴെ കൊടുത്തിരിക്കുന്ന റൂമുകൾ 2021-22 വർഷത്തിൽ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഹൈ ടെക്ക് ഷോപ്പിംഗ് കോംപ്ലക്സ്(റൂം നം) | ബൈപാസ് കോംപ്ലക്സ് (റൂം നം) | ആർ എൻ മനഴി ബസ്റ്റാന്റ് കോംപ്ലക്സ് (റൂം നം) |
|---|---|---|---|
| 1 | എഫ് 16 | 5 | ജി 34 |
| 2 | എഫ് 18 | 6 | ജി 38 |
| 3 | എഫ് 05 | 7 | ജി 40 SC |
| 4 | എസ് 11 | 17 | |
| 5 | എസ് 13 | 18 | |
| 6 | എസ് 14 | 19 | |
| 7 | എസ് 20 | 20 | |
| 8 | എസ് 21 | | |
| 9 | എസ് 22 | | |
| 10 | എസ് 23 | | |
| 11 | എസ് 24 | | |
| 12 | എസ് 25 | | |
| 13 | എസ് 26 | | |
| 14 | എസ് 27 | | |
| 15 | ടി 5 | | |
| 16 | ടി 21 | | |
| 17 | ടി 22 | | |
| 18 | ടി 23 | | |

| | | | |
|---|---|---|---|
| 19 | ടി 28 | | |
| 20 | ടി 27 | | |
| 21 | ടി 27 | | |
| 22 | ടി 31 | | |

മേൽ റൂമുകൾ വാടകക്ക് നൽകുന്നതിന് പുനർലേലനടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നിലവിലെ സ്ഥിതി വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ . 30/2021-22/ 20.03.2023 ന് മറുപടി ലഭ്യമായിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന റൂമുകളിൽ ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്. മുറികൾ ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-18 കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (10) എന്നിവ പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ വീതം തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി കോൺട്രാക്ടേഴ്സ് ജോലി ചെയ്തു വരുന്നതായും ബോധ്യപ്പെട്ടു. 2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏറ്റെടുത്ത താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | ക്രമ നം | പേര് |
|---|---|---|---|
| 1 | ടി കെ അബ്ദുൾ മജീദ് | 14 | കെ പി അബൂബക്കർ |
| 2 | നജീബ് ഇ കെ | 15 | ഇ കെ മൊയ്തുക്കുട്ടി |
| 3 | മുഹമ്മദ് ജുറൈജ് | 16 | മുഹമ്മദ് മുസ്തഫ |
| 4 | അൽത്താഫ് അഹമ്മദ് | 17 | ജേക്കബ് കെ എൽ |
| 5 | മുഹമ്മദ് റഫീക്ക് | 18 | മുഹമ്മദ് ആബിദ് ഹുസൈൻ |
| 6 | അബ്ദുൾ സലാം പി പി | 19 | സുബൈർ എ പി |
| 7 | ഹുസൈൻ എം | 20 | ഹസ്കർ എം |
| 8 | കെ പി മുഹമ്മദ് മുസ്തഫ | 21 | കെ പി അബു |
| 9 | കെ പി മൂസ | 22 | പി പി മുസ്തഫ |
| 10 | അബ്ദുൾ ജബ്ബാർ | 23 | ഷമീർബാബു |
| 11 | വീരാൻ കുട്ടി വി | 24 | ജാഫർ വണ്ടുതൊടി |
| 12 | മുസ്തഫ വി | 25 | നവീൻ ഹർഷൽ |
| 13 | ഗിൽട്ടൺ ജെയിംസ് | 26 | വിനോജ് വി ജെ |

അപാകത ഓഡിറ്റ് എൻക്വയറി( ഓഡിറ്റ് എൻക്വയറി നമ്പർ . 31/2021-22/ 20.03.2023 ന് മറുപടി ലഭ്യമായിട്ടില്ല). മുഖേനെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

നഗരസഭയിലെ 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ , തൊഴിൽ നികുതി റിട്ടേണുകൾ , ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ പരിധിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാ രിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| വാർഡ് നം. | സ്ഥാപനം | ലൈസൻസിയുടെ പേര് |
|---|---|---|
| 2 | BISMI TRADERS | UMMER VM |
| 2 | BISMI COOLBAR BAKERY | ABDUL GAFOOR |
| 4 | Shifa Collection | Muhammed Rafeeq C H |
| 4 | Nechiyil Industries | Nishad |
| 4 | Globel Meditech | Jothisree |
| 5 | K H Dry FishKunji | Muhammed Haji |
| 7 | Malabar Silks | Kabeer |
| 7 | VENTO ENTERPRISES | UMMUSALMA |
| 9 | HAYAT | SHAREEF. K.T |
| 6 | Namia Glass World | Khader Kutty V |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ 5 വർഷത്തേക്ക് ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് രേഖപ്പെടുത്താനില്ലാത്തതിനാൽ, ഇതുമൂലം സ്ഥാപനത്തിലെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ ജീവനക്കാർ തൊഴിൽ നികുതി പരിധിയിൽ നിന്ന് ഒഴിവായിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ . 8/2021-22/ 16.03.2023)

തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 1-20 സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി, ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 27340 രൂപ തിരിച്ചടവാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കരുവെട്ടി പാലം (206/22)എന്ന പ്രവൃത്തിയുടെ ഭാഗമായി അബട്ട്മെന്റ്, വിങ് വാൾ എന്നിവക്കായുള്ള കോൺക്രീറ്റ് 18.084$m^3$ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തത് 14.52$m^3$ മാത്രമാണ്. അളവുകൾ കൂട്ടിയതിലെ അപാകത കാരണമാണ് അധിക തുക നൽകാനിടയായത്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 4/21-22 /16.3.2023 നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 27340 രൂപ 112010121708/20.3.2023നമ്പർ രസീത് പ്രകാരം നഗരസഭയിൽ തിരിച്ചടക്കുകയുണ്ടായി. പ്രസ്തുത തുക CFC ഫണ്ടിലേക്ക് തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചത് ക്രമ വിരുദ്ധം

Central Goods And Services Tax Act, 2017 [Central Act 13 Of 2017], Kerala State Goods And Services Tax Act, 2017 [State Act 20 Of 2017] എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് ജി.എസ്.ടി കോംപൻസേഷൻ നൽകാൻ പാടില്ല.

എന്നാൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തി ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തിയിട്ടുള്ളത്. രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർക്ക് ജി.എസ്.ടി ഇനത്തിൽ ടാക്സ് അടവാക്കുന്നതിന് മൂല്യ നിർണ്ണയ തുകയുടെ 12% കോംപൻസേഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്. ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് പിരിച്ചെടുക്കുന്ന ടാക്സ് അടവാക്കാൻ കഴിയാത്തതിനാൽ കോംപൻസേഷൻ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല.

കൂടാതെ മേൽ ആക്ടുകളുടെ സെക്ഷൻ 32(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾ ടാക്സ് കളക്ട് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട് [Section 32 (1) -Prohibition Of Unauthorised Collection Of Tax]. കൂടാതെ ആക്ടിന്റെ സെക്ഷൻ 9(3), (4) എന്നിവ പ്രകാരം [Section 9- Levy And Collection Of Tax] രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തിയിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആയതുമായി ബന്ധപ്പെട്ട നികുതി [റിവേഴ്സ് ചാർജ് പ്രകാരം -Section 3(98)- Reverse Charge], രജിസ്ട്രേഷൻ ഉള്ള വ്യക്തി (Recipient) സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർക്ക് ടാക്സ് അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. കൺവീനറുടെ GST രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കുകയോ അല്ലെങ്കിൽ ജി.എസ്.ടി ഇനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അനുവദിച്ച് നൽകിയ 104464 രൂപ തിരികെ ഈടാക്കി, സെക്ഷൻ 9(3), (4) എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാറിലേക്ക് നേരിട്ട് അടവാക്കി വിവരം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് വിവരം | മൂല്യ നിർണ്ണയ തുക | GST ഇനത്തിൽ നൽകിയ തുക |
|---|---|---|
| പെയിന്റിങ് & അദർ ഫിനിഷിങ് വർക് ഫോർ ഗവ. ഹയർ സെക്കന്ററി സ്കൂൾ PWD ബ്ലോക്ക് ഫയൽ PW1-1070/20(4)<br>ചെക്ക് 1154568/17.8.2021 തുക 286606<br>ചെക്ക് 1154569/17.8.2021 തുക 13394<br>ചെക്ക് 1154570/9.11.2021 തുക 382144<br>ചെക്ക് 1154571/9.11.2021 തുക 17856<br>ചെക്ക് 1154575/2.3.2022 തുക 262224<br>ചെക്ക് 1154576/2.3.2022 തുക 12276<br>കരാർ 186/17.9.2020<br>കൺവീനർ. ശ്രീ.വിനോദ്.വി<br>അളവ് പുസ്തകം 469/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 870536/- | 104464/- |

ഓഡിറ്റ് എൻക്വയറി 20/21-22/20.3.2023 നൽകിയതിന് പ്രവൃത്തിയുടെ GST തുക 32AAAGG0535K1ZS നമ്പർ ഉപയോഗിച്ച് അടവാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.
കൺവീനറിൽ നിന്ന് ഈടാക്കിയ 2% GST തുക അടവാക്കിയതിന്റെ രേഖകളാണ് മറുപടിയോടൊപ്പം ലഭ്യമാക്കിയത്. GST രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർക്ക് 12% GST തുക അനുവദിച്ചതാണ് ഖണ്ഡികയിലെ പരാമർശം. കൺവീനർ GST രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ 104464രൂപ ബിൽ തുക നൽകിയ സെക്രട്ടറിയുടെ ബാധ്യതയായി ചുമത്തുന്നു. (ഖണ്ഡിക 3-7 കാണുക)

## 1-22 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം തുക ലഭിക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത

വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡി.ഡി യായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും അനുവദനീയമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക നഗരകാര്യ ഡയറക്ടർ ഇതിൽ നിന്നും അതാതു നഗരസഭകളുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ്. എന്നാൽ പെരിന്തൽമണ്ണ നഗരസഭ പെൻഷൻ വിഹിതം മാസം തോറും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുകയും പ്രതിമാസം നൽകേണ്ട പെൻഷൻ, നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് യഥാസമയം വിതരണം ചെയ്യുകയുമാണ് ചെയ്തു വരുന്നത്. നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും മുനിസിപ്പൽ ഫണ്ടിലേക്ക് മുഴുവൻ തുകയും ലഭിച്ചിട്ടില്ല. 2021-22വരെയുള്ള സ്ഥിതി വിവരക്കണക്ക് താഴെ ചേർക്കുന്നു.

| വർഷം | CPF ൽ നിന്നും ലഭിക്കേണ്ട തുക | ലഭിച്ച തുക | ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 31-03-2012വരെ | 60,17,983 | - | 60,17,983 |
| 2012-13 | 2049258 | - | 20,49,258 |
| 2013-14 | 3917487 | 20,00,000 (ഡിഡി നം.572848/ 25-10-13) | 19,17,487 |
| 2014-15 | 3225401 | | 32,25,401 |
| 2015-16 | 4344458 | | 43,44,458 |
| 2016-17 | 4119561 | | 41,19,561 |
| 2017-18 | 4194976 | 60,43,054 | (-)18,48,078 |
| 2018-19 | 4613013 | 12,30,178 | 33,82,835 |
| 2019-20 | 8398571 | 0 | 8398571 |
| 2020-21 | 9594972 | 2613214 | 6981758 |
| 2021-22 | 9796068 | 5369997 | 4426071 |
| Total | 60271748 | 17256443 | 43015305 |

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന ₹ 43015305/- ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97 /എൽ.എ.ഡി.തീ.3.5.1997), പ്രകാരമുള്ള ഫുൾ ടൈം കണ്ടിൻജന്റ് എംപ്ലോയീസിനു വേണ്ടി പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്.ആയത് രൂപീകരിച്ചിട്ടില്ല. ഫുൾ ടൈം കണ്ടിൻജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരികരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.(ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 12/17.3.23 ന് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്നും കണ്ടിൻജന്റ് പെൻഷൻ ഫണ്ട് രൂപീകരിക്കാൻ നടപടി സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കി.)

## 1-23 പദ്ധതി രൂപീകരണം- വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും നിയമാനുസൃത കടമകൾ നിർവ്വഹിക്കുന്നില്ല

ഓഡിറ്റ് കാലയളവിലെ പദ്ധതി രൂപീകരണം, നിർവ്വഹണം ,മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട മിനുട്സുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ കാണപ്പെട്ടു.

1. പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകള് ശേഖരിക്കുക , സ്റ്റാറ്റസ് റിപ്പോർട്ടുകൾ പരിഷ്കരിക്കൽ, ഓരോ പ്രൊജക്ടിന്റെയും അടങ്കൽ നിശ്ചയിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ വർക്കിംഗ്ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ വാർഷിക പദ്ധതിയുടെ ആരംഭത്തിൽ രണ്ട് യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു എന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പ് നിഷ്ക്രിയമാണ്. പ്രോജക്ടുകളുടെ ആവശ്യകത, അനുയോജ്യത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഇക്കാര്യത്തിൽ നിഷ്ക്രിയമായിരുന്നുവെന്ന് മിനുട്സിൽ നിന്നും വ്യക്തമാകുന്നു.2021-22 പദ്ധതിക്കായുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തിയതി | പങ്കെടുത്തവർ | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ആരോഗ്യം | 27.1.21<br>16.2.21 | 14<br>24 | ക്ലോസ് ചെയ്തിട്ടില്ല<br>- |
| 2 | പാർപ്പിടം | 27.1.21<br>16.2.21 | 11<br>16 | ക്ലോസ് ചെയ്തിട്ടില്ല |
| 3 | പൊതുമരാമത്ത്,ഊർജം | 27.1.21<br>16.2.21 | 11<br>12 | ക്ലോസ് ചെയ്തിട്ടില്ല |
| 4 | കുടിവെള്ളം | 27.1.21<br>16.2.21 | 12<br>18 | ക്ലോസ് ചെയ്തിട്ടില്ല<br>„ |
| 5 | പൊതു ഭരണം ധനകാര്യം | 27.1.21<br>16.2.21 | 13<br>17 | -<br>- |
| 6 | നഗരാസൂത്രണം | | | ക്ലോസ് ചെയ്തിട്ടില്ല |
| 7 | ശുചിത്വം,മാലിന്യ സംസ്കരണം | 27.1.21<br>16.2.21 | 14<br>17 | ക്ലോസ് ചെയ്തിട്ടില്ല<br>- |
| 8 | കൃഷി അനുബന്ധ മേഖലകളും | 27.1.21<br>16.2.21 | 14<br>17 | ക്ലോസ് ചെയ്തിട്ടില്ല<br>„ |
| 9 | ദുരന്ത നിവാരണം, | 27.1.21<br>16.2.21 | 11<br>16 | ക്ലോസ് ചെയ്തിട്ടില്ല |
| 10 | സാമൂഹ്യ നീതി | 27.1.21<br>16.2.21 | 12<br>30 | ക്ലോസ് ചെയ്തിട്ടില്ല |
| 11 | വനിതാ വികസനം | 27.1.21<br>16.2.21 | 8<br>24 | -<br>- |
| 12 | പട്ടിക ജാതി പട്ടിക വർഗ വികസനം | 27.1.21<br>16.2.21 | 6<br>13 | -<br>ക്ലോസ് ചെയ്തിട്ടില്ല |
| 13 | വിദ്യാഭ്യാസം, കായികം,യുവജനക്ഷേമം | 27.1.21<br>16.2.21 | 9<br>29 | -<br>ക്ളോസ് ചെയ്തിട്ടില്ല |
| 14 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 27.1.21 | 12 | - |
| 15 | ദാരിദ്ര്യ ലഘൂകരണം | 27.1.21<br>16.2.21 | 10<br>24 | ക്ലോസ് ചെയ്തിട്ടില്ല<br>„ |
| 16 | പ്രാദേശിക സാമ്പത്തിക വികസനം | 27.1.21<br>16.2.21 | 9<br>16 | -<br>- |

2. സ്റ്റാന്റിംഗ് കമ്മറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കുന്നില്ല.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ ബന്ധപ്പെട്ട മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളെ പുനസംഘടിപ്പിക്കുന്നതിലും പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകി ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിലും സ്റ്റാൻഡിംഗ് കമ്മറ്റികൾ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടില്ലെന്ന് കാണുന്നു. സ്റ്റാൻഡിംഗ് കമ്മറ്റി യോഗങ്ങളിലൊന്നിലും വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഗൗരവതരമായ ചർച്ചകളോ തീരുമാനങ്ങളോ കൈകൊണ്ടിട്ടില്ല. അതാത് മേഖലകളുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിലും പദ്ധതികളുണ്ടാക്കുന്നതിലും സ്റ്റാൻഡിംഗ് കമ്മറ്റികളുടെ കൃത്യമായ മേൽനോട്ടമാവശ്യമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പുനഃസംഘാടനം, കുറ്റമറ്റ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലെ മേൽനോട്ടം , സ്റ്റാറ്റസ് റിപ്പോർട്ടുകൾ അംഗീകരിക്കൽ, കീഴിൽ വരുന്ന മേഖലകളിലെ പ്രോജക്ടുകൾ പരിശോധിച്ച് ഭരണ സമിതിക്ക് ശുപാർശ ചെയ്യൽ, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗങ്ങൾ ചേരുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തൽ , അംഗീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തൽ, മോണിറ്ററിംഗ് തുടങ്ങിയ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ഇടപെടലും മേൽനോട്ടവും കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഇക്കാര്യത്തിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

A). ഭരണപരമായ ചുമതല നിർവ്വഹിക്കുന്നതിൽ സ്ഥിരം സമിതികളുടെ ശക്തമായ ഇടപെടലുകളും മേൽനോട്ടവും ഉണ്ടാവേണ്ടതാണ്.

B). വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ച് ചേർക്കുകയും പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് സ്ഥിരം സമിതികൾ ഉറപ്പ് വരുത്തേണ്ടതാണ്.

C). വാർഷിക പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ ഫലപ്രദമാവേണ്ടതാണ്.

D). ഓരോ പ്രോജക്ടുകളെ കുറിച്ചും പ്രത്യേകമായി വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തേണ്ടതാണ്. പ്രത്യേകിച്ച് നിർവഹണം ആരംഭിച്ചിട്ടില്ലാത്ത / നിർവഹണ പുരോഗതിയില്ലാത്ത പ്രോജക്ടുകളുടെ കാര്യത്തിൽ വിശകലനം നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടുന്നതിനും സ്ഥിരം സമിതി ജാഗ്രത പുലർത്തേണ്ടതുണ്ട്.

3.മോണിറ്ററിംഗ് കാര്യക്ഷമമല്ല .

സ.ഉ(കൈ)നം.17/2018 ത.സ്വ.ഭ.വ തി.02.02.2018 വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന മാർഗ്ഗരേഖ പ്രകാരം പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ചെയ്യേണ്ടതാണെന്നും അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പദ്ധതിയിലും മോണിറ്ററിംഗ് റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടില്ല.

വർക്കിംഗ്ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മറ്റികളും നിയമപരമായ കടമകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 38/20.3.23 ന് വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി)

## 1-24 FACTEOS ലൈസൻസ് - അപേക്ഷയിൽ മൂലധനം രേഖപ്പെടുത്തിയില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 7 ലെ പട്ടിക-3 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ ഭേദഗതി ചെയ്ത് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചില അപേക്ഷകളിൽ മൂലധനത്തുക കൃത്യമായി രേഖപ്പെടുത്താതെ തന്നെ ലൈസൻസ് അനുവദിച്ചതായി കാണുന്നു. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചത് എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല.ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|
| Retail Surgical Goods(Dental) | 10/789 | 1000 |
| Jubilee Medicals | 27/385 | 500 |
| Namia Aluminium Godown Centre | 28/292-3 | 500 |
| Craft Hospital Canteen | 25/198-6 | 1000 |
| Food Suppliment Sale | 25/180-4 | 1000 |
| Aesthetic Interiors | 25/180-12 | 500 |
| Home General Steel Doors | 25/180-4,5 | 500 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 05/2021-22 Dtd 16.03.2023 ന് തുടർവർഷങ്ങളിൽ മൂലധന നിക്ഷേപ സാക്ഷ്യപത്രം ലൈസൻസികളിൽ നിന്നും വാങ്ങി സൂക്ഷിക്കുമെന്ന് മറുപടി നൽകി. അപേക്ഷകളിൽ മൂലധന ഉക കൃത്യമായി രേഖപ്പെടുത്തി, അതിനനുസരിച്ച് ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

## 1-25 കാർഷിക പ്രൊജെക്ടുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്

കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ പ്രൊജെക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്റ്റിന്റെ നമ്പർ / പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 60/സമഗ്ര കുരുമുളക് കൃഷി വികസനം | 140000 | 115000 |
| 2 | 20/സമഗ്ര പച്ചക്കറി കൃഷി വികസനം-വനിത | 200000 | 200000 |
| 3 | 13/സമഗ്ര വാഴകൃഷി വികസനം- വനിത | 750000 | 405396 |
| 4 | 59/വാഴ മാതൃക പ്രദർശനത്തോട്ടം | 471000 | 420175 |
| 5 | 19/സമഗ്ര കിഴങ്ങ് കൃഷി വികസനം-വനിത | 600000 | 600000 |
| 6 | 22/സമഗ്ര പച്ചക്കറികൃഷി വികസനം | 716420 | 658670 |
| 7 | 12/സമഗ്ര നെൽകൃഷി വികസന പദ്ധതി -വനിത | 1100000 | 681944 |
| 8 | 11/സമഗ്ര നെൽകൃഷി വികസന പദ്ധതി | 2740203 | 2544663 |
| 9 | 37/സമഗ്ര തെങ്ങ്കൃഷി പുനരുദ്ധാരണം | 2348400 | 1832800 |
| | ആകെ | 9066023 | 7458648 |

1 വിവിധ പ്രൊജക്ടുകൾ നിർവഹണം നടത്തിയ ഫയലുകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ,കൃഷി ചെയ്തതിന്റെ വിശദാംശങ്ങൾ ,അനുവദിച്ച സബ്സിഡിയുടെ വിശദാംശങ്ങൾ, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തിയ കൺസോളിഡേറ്റഡ് ഷീറ്റ് ഫയലുകളോടൊപ്പം വച്ചിട്ടില്ല.

2 സ.ഉ (കൈ) 17/2018 തസ്വഭവ തി.2.2.18 പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നമ്പർ 10/17.3.23പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.പ്രൊജക്ട് പ്രകാരമുള്ള ചെലവുകൾ അർഹതയുള്ള ഗുണഭോക്താക്കൾക്കുതന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-26 ഭവനപുനരുദ്ധാരണം-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് ഓഫീസർ നിർവഹണം നടത്തിയ ഭവന പുനരുദ്ധാരണം എന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്റ്റ് നമ്പർ | 212 |
| പ്രോജെക്റ്റിന്റെ പേര് | ഭവനപുനരുദ്ധാരണം 19-20 രണ്ടാംഘട്ട (So) |
| അടങ്കൽ | 175000 -വികസന ഫണ്ട് |
| ചെലവ് | 112500 രൂപ<br>BRNനമ്പർ 211503470008008850471/27.12.21 87500രൂപ<br>211503470008000739172/27.11.21 25000രൂപ |
| നിർവഹണം | പ്രൊജക്റ്റ് ഓഫീസർ |

മേൽ പ്രൊജക്ടിന്റെ നിർവഹമത്തിന്റെ ഭാഗമായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 12,500രൂപ വീതം ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | സൈനബ, കിഴിശ്ശേരി<br>കുന്നപ്പള്ളി | 12500 |
| 2 | സഫിയ ടി, തയ്യിൽ<br>പൊന്ന്യാംകുറുശ്ശി | 12500 |
| 3 | രാമചന്ദ്രൻ, പുത്തൂർ<br>പെരിന്തൽമണ്ണ | 12500 |
| 4 | ഉമൈവ, ആലിക്കൽ<br>ജെ എൻ റോഡ്, പെരിന്തൽമണ്ണ | 12500 |
| 5 | ഉണ്ണികൃഷ്ണൻ സി, ചോലയിൽ<br>തേക്കിൻകോട് | 12500 |
| 6 | നീലി കെ, കുന്നത്തു പുരയ്ക്കൽ<br>പെരിന്തൽമണ്ണ | 12500 |
| 7 | സി ടി മുഹമ്മദാലി, ചെട്ടിയാംതൊടി<br>പെരിന്തൽമണ്ണ | 12500 |
| 8 | ഗൗരി കെ പി, കണക്കഞ്ചേരിപ്പറമ്പിൽ<br>തേക്കിൻകോട് | 12500 |
| 9 | നീലി, ചെറുകുന്നത്ത്<br>പെരിന്തൽമണ്ണ | 12500 |

| | |
|---|---|
| ആകെ | 1,12,500 |

മേൽ ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലും അനുബന്ധരേഖകളും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 13/17.3.23പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. തുടർന്ന് ഫയലുകൾ ഹാജരാക്കുകയുണ്ടായി.മേൽ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭാ ഓവർസിയർ ഓഫീസ് നോട്ടിൽ തന്നെ ഗുണഭോക്താക്കൾക്ക് 12,500 രൂപ അനുവദിക്കാമെന്ന് സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആകെ 25,000 രൂപയാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. അതിൽ 12,500 രൂപ രണ്ടാം ഗഡുവാണ് മേൽ ബില്ല് പ്രകാരം വിതരണം ചെയ്തത്. എത്ര രൂപയുടെ പ്രവൃത്തി നിർവഹണം നടത്തിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.കൃത്യമായ വാല്വേഷൻ ബന്ധപ്പെട്ട ഉദ്യാഗസ്ഥനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

2. ഗുണഭോക്താക്കൾ പ്രവത്തി പൂർത്തീകരിച്ച വിവരം ഭവന റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും രജിസ്റ്റർ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.മാത്രമല്ല രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പൂർണ്ണമായ മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല.

3. പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുമെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- അവലോകനം

നഗരപ്രദേശങ്ങളിൽ കുടുംബങ്ങൾക്ക് 100ദിനം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് 2010മുതൽ സംസ്ഥാനത്ത നടപ്പിലാക്കിയ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.ഇതിലൂടെ നഗരപ്രദേശങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജനവും സാമൂഹിക ആസ്തികളുടെ നിർമ്മാണവും പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ പരിപോഷണവും ,മണ്ണ് ,ജല ജൈവസമ്പത്തുക്കളുടെ സംരക്ഷണവും ഉറപ്പു വരുത്തുന്നു.ഇതു സംബന്ധിച്ച് സ.ഉ (കൈ)നം 216/2017/തസ്വഭവ തി.3.11.17പ്രകാരം പരിഷ്കരിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പെരിന്തൽമണ്ണ നഗരസഭയിൽ 2021-22വർഷത്തിൽ ആക്ഷൻ പ്ലാൻ പ്രകാരം താഴെ പറയുന്ന പ്രവത്തികളാണ് നിർവഹിച്ചിട്ടുള്ളത്.

| ക്രമനമ്പർ | പ്രവത്തിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ഭൂവികസനം | 7 | 1273228 |
| 2 | വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണവും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും | 50 | 3177438 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 4 | 447762 |
| 4 | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ചേരി/ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുപൂരക പ്രവർത്തനങ്ങൾ | 292 | 7020090 |
| | ആകെ | 353 | 11918518 |

ആക്ഷൻ പ്ലാൻ പ്രകാരം 131649 തൊഴിൽ ദിനങ്ങളാണ് ഉള്ളത്.ഓഡിറ്റ് വർഷം 7 ഇനം പ്രവൃത്തികൾ നടപ്പിലാക്കിയതുവഴി 50063 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനായി.3157 കുടുംബങ്ങളാണ് തൊഴിലിനായി രജിസ്റ്റർ ചെയതത്.353 പ്രവൃത്തികളാണ് ആകെ നിർവഹണം നടത്തിയത്.54 പേർക്ക് 100തൊഴിൽ ദിനങ്ങൾ തികയ്ക്കാനായി. പ്രവത്തികളുടെ ആകെ അടങ്കൽ 36750000 രൂപയും ചെലവ് 11918518 രൂപയുമാണ്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ആക്ഷൻ പ്ലാൻ പ്രകാരം വിഭാവനം ചെയ്തതിന്റെ 38% തൊഴിൽ ദിനങ്ങൾ മാത്രമാണ് യഥാർത്ഥത്തിൽ സൃഷ്ടിക്കപ്പെട്ടത്.ആയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

2. അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി മുഖേന 50063 തൊഴിൽ ദിനങ്ങൾക്കുള്ള തുക നൽകുന്നതിനായി 1,41,36,650 രൂപ വേണ്ടിയിരുന്നെങ്കിലും 1,19,18,518 രൂപ മാത്രമാണ് ലഭ്യമാക്കിയത്.ആയതു പ്രകാരം 42,665 തൊഴിൽ ദിനങ്ങൾക്കുള്ള തുക മാത്രമാണ് നഗരസഭയ്ക്ക് തൻവർഷം നൽകാൻ കഴിഞ്ഞത്.തൊഴിലുറപ്പു പദ്ധതിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സൈറ്റിൽ സ.ഉ(കൈ)216/17തസ്വഭവ 3.11.17 ഖ. 7.5.6 പ്രകാരം പ്രവൃത്തിയുടെ പേര് എസ്റ്റിമേറ്റ്,റേറ്റ് പങ്കെടുക്കുന്നവരുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ സൈറ്റ് ബോർഡ് സ്ഥാപിക്കേണ്ടതാണ്.

4. നഗരസഭയിൽ 2021-22 വർഷം ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം കിണർ റീചാർജ് പ്രവൃത്തികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടില്ല. കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ സ.ഉ(കൈ) 161/16തസ്വഭവ 9.11.16 പ്രകാരം കിണർ റീചാർജ് പ്രവൃത്തികളുടെ സാധ്യത പരിശോധിക്കേണ്ടതാണണ്.

5. തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച എല്ലാ രജിസിറ്ററുകളും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച രേഖകൾ ഫയലിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

7. 34 വാർഡുകളുള്ള നഗരസഭയിൽ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരായി ഒരു ഓവർസിയറും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററും മാത്രമാണ് ഉള്ളത്. സ്റ്റാഫിന്റെ അഭാവം തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

ഇതു സംബന്ധിച്ച് നമ്പർ11/17.3.23പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 അഗതിരഹിത കേരളം പദ്ധതി അവലോകനം

കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി

പുനരധിവസിക്കുന്നതിനുള്ള ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം പദ്ധതി.കുടുംബശ്രീയുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതു സംബന്ധിച്ച് സ.ഉ (എംഎസ് )നം 252/2017/തസ്വഭവ 12.12.2017പ്രകാരം മാർഗരേഖ പുറപ്പെടുവിട്ടിട്ടുണ്ട്.

2019-20മുതൽ 2021-22വരെ കാലഘട്ടത്തിലാണ് പെരിന്തൽമണ്ണ നഗരസഭയിൽ പദ്ധതി നടപ്പിലാക്കിയത്.പദ്ധതിക്കായി താഴെ പറയും പ്രകാരം തുക വകയിരുത്തിയിരുന്നു.

| ഫണ്ട് | ഒന്നാം വർഷം | രണ്ടാം വർഷം | മൂന്നാം വർഷം | ആകെ |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 838740 | 838740 | 838740 | 2516220 |
| പ്ലാൻ ഫണ്ട് | 4540000 | | | 4540000 |
| സ്പോൺസർഷിപ്പ് | 148000 | 148000 | 148000 | 444000 |

അഗതിരഹിതകേരളം പദ്ധതി പ്രകാരം ലഭ്യമായ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക | ലഭ്യമായ തിയതി |
|---|---|---|
| മുൻ ബാക്കി | 2644247.91 | --- |
| ചലഞ്ച് ഫണ്ട് | 53168 | 29.7.20 |
| Do | 838740 | 9.2.21 |
| പ്ലാൻ ഫണ്ട് | 250000 | 30.9.19 |
| Do | 250000 | 31.12.21 |
| Do | 200000 | 29.10.22 |

അഗതിരഹിതകേരളം പദ്ധതി പ്രകാരം നാളിതുവരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഫണ്ട് | ഉദ്ദേശ്യം | ചെലവഴിച്ച തുക |
|---|---|---|---|
| 2019-20 | ചലഞ്ച് ഫണ്ട് | ഭക്ഷണം | 528218 |
| | | മെഡിക്കൽ ക്യാമ്പ് | 5250 |
| | | വിദ്യാഭ്യാസ കിറ്റ് | 5000 |
| 2020-21 | ചലഞ്ച് ഫണ്ട് | ഭക്ഷണം | 621586 |
| 2021-22 | | ഭക്ഷണം | 678692 |
| | | വിദ്യാഭ്യാസ കിറ്റ് | 5997 |
| | പ്ലാൻ ഫണ്ട് | ഭവനറിപ്പയർ | 200000 |
| 2022-23 | പ്ലാൻ ഫണ്ട് | ഭക്ഷണം | 195362 |

സ.ഉ (സാധ)1751/22 തസ്വഭവ 21.7.22പ്രകാരം മൂന്നാംഗഡു ചലഞ്ച് ഫണ്ട് ലഭ്യമായി ഗുണഭോക്താക്കൾക്ക് അവശ്യസേവനം ലഭ്യമാകുന്നതുവരെ പദ്ധതിയുടെ കാലയളവ് നീട്ടാൻ തീരുമാനിച്ചിട്ടുണ്ട്.ആയത് പ്രകാരം ഓഡിറ്റ് വർഷത്തിലും പദ്ധതിയുടെ നിർവഹണം നടന്നിട്ടുണ്ട്.

പദ്ധതി തുടങ്ങിയ ഘട്ടത്തിൽ 149 ഗുണഭോക്താക്കളാണ് പദ്ധതിയുടെ ഭാഗമായി ഉണ്ടായിരുന്നത്.നിലവിൽ 137 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. 31.1.23 ൽ 2450149.91 രൂപ അഗതിരഹിതകേരളം അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 0329053000014164 സൗത്ത് ഇന്ത്യൻ ബാങ്ക് പെരിന്തൽമണ്ണ ) മുന്നിരിപ്പുൾപ്പടെ ബാലൻസ് ഉണ്ട്

മേൽ പ്രൊജെക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. പദ്ധതിയുടെ മാർഗരേഖ പ്രകാരം ഓരോ കുടുംബത്തിനും പരിചരണസേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്.അഗതിരഹിതകേരളം പദ്ധതി കാലയളവിൽ 7,00,000രൂപ പ്ലാൻ ഫണ്ട് ലഭിച്ചിട്ടുണ്ടെങ്കിലും 2 ഗുണഭോക്താക്കൾക്ക് ഭവനറിപ്പയറിനായി 2,00,000 രൂപ മാത്രമാണ് സഹായം നൽകിയിട്ടുള്ളത്. 27 ഗുണഭോക്താക്കൾ ഭവനറിപ്പയറിനായുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ചെറിയ കാലയളവ് ഒഴികെ ഭക്ഷണക്കിറ്റ് വിതരണം നടന്നു വരുന്നുണ്ട്. 2 മാസ കാലയളവിലാണ് ഭക്ഷണകിറ്റ് വിതരണം നടന്നു വരുന്നത്. ഓരോ മാസവും കിറ്റ് ലഭ്യമാക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.വിദ്യാഭ്യാസ ആവശ്യങ്ങൾ, മെഡിക്കൽ സേവനം എന്നിവയ്ക്ക് നാമമാത്രമായ തുകയാണ് അനുവദിച്ചിട്ടുള്ളത്. മാർഗരേഖയിൽ പരാമർശിച്ച മറ്റ് ആവശ്യങ്ങൾക്കും ധാരാളം ഗുണഭോക്താക്കൾ അർഹരായി ഉണ്ടെങ്കിലും ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടില്ല. അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിന് നോഡൽ ഓഫീസറായി മെഡിക്കൽ ഓഫീസറെ നിയമിച്ച വിവരവും ഗുണഭോക്താക്കൾക്ക് ഹെൽത്ത് കാർഡ് നൽകിയ വിവരവും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് പദ്ധതി മാർഗരേഖയിൽ പരാമർശിച്ച എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

2. വിലയിരുത്തൽ സമിതി യോഗം ചേർന്ന് അഗതിരഹിതകേരളം പദ്ധതി മോണിറ്റർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വിലയിരുത്തൽ സമിതിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ 24.2.2022 ന് ശേഷം 14.9.22 നാണ് വിലയിരുത്തൽ സമിതി യോഗം ചേർന്നിട്ടുള്ളത്.. വിലയിരുത്തൽ സമിതിയിൽ അഗതിരഹിതകേരളം പദ്ധതിയുടെ വരവ് ചെലവുകൾ അവതരിപ്പിക്കുന്നില്ല.വിലയിരുത്തൽ സമിതി യഥാസമയം യോഗം ചേർന്ന് പദ്ധതി മോണിറ്റർ ചെയ്യുകയും കുറവുകൾ പരിഹരിക്കുകയും ചെയ്യേണ്ടതാണ്.

3. ചലഞ്ച് ഫണ്ടിനത്തിലുള്ള തുകയുടെ അപര്യാപ്തത മൂലം 3/2022മുതൽ 8/22വരെ ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റ് വിതരണം നടന്നിട്ടില്ല. ചലഞ്ച് ഫണ്ട് അടിയന്തിരമായി ലഭ്യമാക്കുകയും ഭക്ഷണകിറ്റ് വിതരണം മുടങ്ങാതിരിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

4. അഗതി മോണിറ്ററിംഗ് രജിസ്റ്ററിൽ മുഴുവൻ ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതിപ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നുറപ്പുവരുത്തേണ്ടതാണ്.

5. അഗതിരഹിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കുടുംബശ്രീ ജില്ലാ മിഷൻ ഉദ്യോഗസ്ഥർ ഓരോ മാസവും പരിശോധന നടത്തണമെന്ന് മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

6. പരോപകാര തല്പരരായ വ്യക്തികളെയും ധർമ്മസ്ഥാപനങ്ങളെയും അഗതികളുടെ ആവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ ന് പ്രേരിപ്പിക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

7. അഗതിരഹിതകേരളം മാർഗരേഖ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ അതിജീവന ആവശ്യങ്ങളും ,മാനസിക ശാരീരിക ആവശ്യങ്ങളും പരിഗണിച്ച് എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും കൃത്യമായി മോണിറ്റർ ചെയ്യുകയും വേണം. ഓഡിറ്റ് എൻക്വയറി നമ്പർ 14/17.3.23 ന് അപാകതകൾ പരിഹരിച്ച് അഗതിരഹിതകേരളം പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

.

## 1-29 വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസ പദ്ധതി -അവലോകനം

ഫയൽ നമ്പർ PC4 12162/20

തെരുവ്, നടപ്പാത എന്നിവിടങ്ങളിൽ ചരക്കുകളോ സാധനങ്ങളോ ഭക്ഷ്യവസ്തുക്കളോ സേവനങ്ങളോ നൽകുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളോണ് തെരുവു കച്ചവടക്കാർ. വഴിയോരക്കച്ചവടക്കാർക്ക് കച്ചവടത്തിന് അനുയോജ്യമായ സ്ഥലം,വായ്പ,സാമൂഹിക സുരക്ഷിതത്വം, മാറിവരുന്ന കമ്പോള അവസരങ്ങൾ പ്രയോജനപ്പെടുത്തുവാനുള്ള കഴിവ് എന്നിവ ഒരുക്കിക്കൊടുക്കുന്നതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസ പരിപാടിയുടെ ലക്ഷ്യം.ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായാണ് തെരുവു കച്ചവടക്കാരുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നത്.

തെരുവു കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും നഗരങ്ങളിലെ തെരുവു കച്ചവടം ബാഹ്യശക്തികളെ ഒഴിവാക്കി നഗരസഭകളുടെ നിയന്ത്രണത്തിലേക്ക് കൊണ്ടുവരുന്നതിനുമായി 2014 ൽ പാർലമെന്റ് തെരുവുകച്ചവട(ജീവനോപാധി സംരക്ഷണവും തെരുവുകച്ചവട നിയന്ത്രണവും ) നിയമം പാസ്സാക്കിയിരുന്നു. ആയതു പ്രകാരം സംസ്ഥാന സർക്കാർ 2018 ൽ തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവു കച്ചവട നിയന്ത്രണവും ) സ്കീം വിജ്ഞാപനം ചെയ്യുകയുണ്ടായി.ആയത് പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നഗരസഭകൾ നടപ്പിലാക്കേണ്ടതുണ്ട്.

1. തെരുവുകച്ചവടക്കാരുടെ സർവ്വേ പൂർത്തീകരിച്ച് ഐഡന്റിറ്റി കാർഡുകൾ നൽകുക

2. ചട്ടപ്രകാരം ടൗൺ വെന്റിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ് നടത്തുക

3. ടൗൺ വെന്റിംഗ് പ്ലാൻ തയ്യാറാക്കുക

4. ടൗൺ വെന്റിംഗ് ബൈലോ വിജ്ഞാപനം ചെയ്യുക

5. സർട്ടിഫിക്കറ്റ് ഓഫ് വെന്റിംഗ്(ലൈസൻസ്) നൽകുക

നഗരകാര്യ ഡയറക്ടറുടെ 7.2.22ലെ ജി1-26752/2019നമ്പർ ഉത്തരവിൽ താഴെ പറയുന്ന കാര്യങ്ങൾ നിർദേശിച്ചിട്ടുണ്ട്.

1. നഗരതെരുവു കച്ചവട സമിതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ തീരുമാനം സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രവർത്തനങ്ങൾ നഗരസഭാ സെക്രട്ടറിമാർ ബന്ധപ്പെട്ട പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

2. സർവ്വേ വഴി കണ്ടെത്തിയ മുഴുവൻ തെരുവ് കച്ചവടക്കാർക്കും കേരള തെരുവ് കച്ചവടക്കാരുടെ (ജീവനോപാധി സംരക്ഷണവും ,കച്ചവടനിയന്ത്രണവും ലൈസൻസിംഗും ) സ്കീം 2019 പാലിച്ചുകൊണ്ട് വെന്റിംഗ് സർട്ടിഫിക്കറ്റും ഐഡി കാർഡും നൽകേണ്ടതാണ്.

3. കച്ചവടമേഖലകൾ സമയബന്ധിതമായി കണ്ടെത്തി പ്രസിദ്ധീകരിക്കുന്നതിന് നഗരസഭാ തലത്തിൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ടൗൺ വെന്റിംഗ് പ്ലാൻ അടിയന്തിരമായി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. അർഹതപ്പെട്ട മുഴുവൻ തെരുവ് കച്ചവടക്കാർക്കും PM സ്വാനിധി വായ്പ ലഭ്യമാക്കുന്നതിന് നഗരസഭാതലത്തിൽ കാമ്പയിനുകൾ സംഘടിപ്പിക്കേണ്ടതാണ്.

സ.ഉ(സാധാ) 1226/2021/തസ്വഭവ തി.29.6.21 പ്രകാരം നഗരസഭകളിൽ സർവ്വേ നടത്തുന്നതിന് നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം പെരിന്തൽമണ്ണ നഗരസഭയിൽ വഴിയോരക്കച്ചവടക്കാരുടെ സർവ്വേ സംഘടിപ്പിച്ച് ഡാറ്റ എൻട്രി ചെയ്യുന്നതിന് 13 ജീവനക്കാരെ സെക്രട്ടറി നിയമിച്ചിരുന്നു. (PC4-12423/20തി. 7.7.21)

സംസ്ഥാന സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണനഗരസഭയിൽ 2021 ജൂലൈ മാസത്തിൽ സർവ്വേ നടത്തുകയും 181 വഴിയോരക്കച്ചവടക്കാരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സർവ്വേ ലിസ്റ്റ് വെന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും കൗൺസിലിലേക്ക് സമർപ്പിച്ച് അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട് .ആയത് പ്രകാരം വെന്റിംഗ് സർട്ടിഫിക്കറ്റ്/തിരിച്ചറിയൽകാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൗൺ വെന്റിംഗ് അന്തിമ ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. വഴിയോരക്കച്ചവട ബൈലോ തയ്യാറാക്കിയതിനുശേഷം ടൗൺ വെന്റിംഗ് പ്ലാൻ തയ്യാറാക്കുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

നഗരസഭയിലെ വഴിയോരകച്ചവടക്കാരിൽ പിഎം സ്വനിധി പ്രകാരം 81പേർക്ക് ആദ്യഘട്ട വായ്പ 10,000രൂപ ലഭ്യമാക്കുകയും ഒന്നാം ഗഡു തിരിച്ചടച്ചവരിൽ 45പേർ രണ്ടാം ഗഡു 20000രൂപ വായ്പയും 10 പേർ മൂന്നാം ഗഡു 50,000രൂപ വായ്പയെടുക്കുകയും ചെയ്തിട്ടുണ്ട്.56 കച്ചവടക്കാർക്ക് യു പി ഐ ഐഡിയും സ്കാനിംഗ് കാർഡും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിൽ അസംഘടിത തൊഴിലാളികൾക്കായി നടപ്പിലാക്കിയ ഇശ്രം കാർഡ് പദ്ധതി നഗരത്തിലെ വിവിധ മേഖലകളിൽ ക്യാമ്പ് സംഘടിപ്പിച്ച് 85 കച്ചവടരെ സ്കീമിൽ ഉൾപ്പെടുത്തി നഗരസഭയോട് ചേർന്ന് ഭക്ഷ്യമേഖലയിൽ കച്ചവടം ചെയ്യുന്നവർക്ക് വേണ്ടി ആരോഗ്യവിഭാഗത്തിന്റെ സഹകരണത്തോടെ ഹെൽത്ത് കാർഡ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പെരിന്തൽമണ്ണ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന നഗരമായതിനാലും നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചുവരുന്നതിനാലും തെരുവോരകച്ചവടക്കാരുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും പുതിയതായി വരുന്നവർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ശ്രദ്ധിക്കേണ്ടതാണ്.ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിച്ച് തെരുവോരക്കച്ചവടക്കാരുടെ പുനരധിവാസം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 29/20.3.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നഗരസഭയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-30 ഓട്ടുപാറ കോവിലകം പടി പാടം റോഡ് നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഓട്ടുപാറ കോവിലകം പടി പാടം റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ അപ്പൻഡിക്സ് 2 ഇനം 2 ആയി ഡ്രൈനേജിന്റെ സ്ലാബ് സ്ഥാപിക്കുന്നതിനായി 18 തൊഴിലാളികൾക്ക് പ്രത്യേകമായി കൂലി നൽകിയിട്ടുണ്ട്. Man Cooli Engaged For Removing/ Replacing/ Placingof The Cover Slab എന്ന് രേഖപ്പെടുത്തിയാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി 884.29/each പ്രകാരം ഈ പ്രവൃത്തിക്ക് നിരക്ക് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ അങ്ങിനെ പ്രത്യേകമായി സ്ലാബ് സ്ഥാപിക്കുന്നതോ, നീക്കം ചെയ്യുന്നതോ ആയ ഒരു പ്രവൃത്തിയും എസ്റ്റിമേറ്റിൽ ഇല്ല. അപ്പൻഡിക്സ് 1 ഇനം പ്രകാരം ഡ്രൈനേജിന് സ്ലാബ് നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത സ്ലാബ് ഡ്രൈനേജിന് മുകളിൽ വെച്ച് തന്നെ നിർമ്മിക്കാവുന്നതാണ്. മാത്രമല്ല സമാന പ്രവൃത്തിയിൽ നഗരസഭയിലും ജില്ലയിലെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഇത്തരത്തിൽ സ്ലാബ് സ്ഥാപിക്കുന്നതിന് പ്രത്യേകമായി നിരക്ക് അനുവദിച്ചിട്ടുമില്ല.

സ്ലാബ് സ്ഥാപിക്കുന്നതിന് 18 തൊഴിലാളികൾക്ക് പ്രത്യേകമായി കൂലി നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 24 /21-22/20.3.2023 നൽകിയതിന് സ്ലാബ് കോൺക്രീറ്റ് ചെയ്തത് ഡ്രൈനേജിന് മുകളിൽ വെച്ചല്ല എന്നും റോഡിൽ തടസ്സങ്ങൾ ഇല്ലാതിരിക്കാൻ സൈറ്റിൽ നിന്ന് മാറി മറ്റൊരു സ്ഥലത്ത് വെച്ച് കോൺക്രീറ്റ് ചെയ്ത് ഡ്രൈനേജിന് മുകളിലേക്ക് കൊണ്ട് വന്ന് വെക്കുകയായിരുന്നു എന്ന് മറുപടി ലഭ്യമാക്കി.

ഡ്രൈനേജ് ബെഡ്, സ്ലാബ് എന്നിവയും കോൺക്രീറ്റിലാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത ഡ്രൈനേജിന്റെ മുകളിൽ വെച്ച് സ്ലാബ് കോൺക്രീറ്റ് ചെയ്യുന്നതിന് പ്രത്യേക തടസ്സമൊന്നുമില്ല എന്ന് വ്യക്തമാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല. ഈ ഇനത്തിൽ നൽകിയ അധിക തുക 17827 ഈടാക്കേണ്ടതാണ്.

അധികം നൽകിയ തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഖണ്ഡിക 3-5 കൂടി കാണുക)

| പ്രവൃത്തി | ഇനം, | നൽകിയ തുക | ഈടാക്കേണ്ട തുക 12% GST അടക്കം |
|---|---|---|---|
| ഓട്ടുപാറ കോവിലകം പടി പാടം റോഡ് നിർമ്മാണം (196 /22)<br>CO 32287058775/30.3.2022 തുക 225000<br>വൗച്ചർ 42/3-22<br>സാങ്കേതികാനുമതി 77883/22.1.2022<br>കരാർ 47/9.3.2022<br>കോൺട്രാക്ടർ. ശ്രീ.ഷമീർ ബാബു. വി<br>അളവ് പുസ്തകം 33/20-21<br>കോസ്റ്റ് ഇൻഡക്സ് 36.44% | കൂലി<br>18 Nos | 15917<br>@884.29 /m | 17827<br>(15917+1910) |

## 1-31 പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല

2021-22 വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 355പദ്ധതികൾ തയ്യാറാക്കിയതിൽ 169 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 206 പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയതിൽ 128 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയില്ല. സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ നഗരസഭക്കായിട്ടില്ല. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 355 | ആകെ അടങ്കൽ | 304147024 |
| നടപ്പിലാക്കിയത് | 169 | ചെലവ് | 47982908 |
| ശതമാനം | 47.61% | ചെലവ് ശതമാനം | 15.78% |

മേൽ നൽകിയ വിവരങ്ങൾ നഗരസഭയുടെ സുലേഖ പ്ലാൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതാണ്.

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, 5 ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

നഗരസഭയെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 1-32 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-33 ചമയം ടൗൺ ഹാൾ റോഡ് കട്ട പതിക്കൽ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ ഇനം 5 ആയി ഈ റോഡിൽ സിമന്റ് കോൺക്രീറ്റ് കട്ട വിരിക്കുന്നതിന് മുമ്പായി 15/10cm കനത്തിൽ വെറ്റ് മിക്സ് മെക്കാഡം (WMM) വിരിച്ചിട്ടുണ്ട്. WMM ഉപയോഗിക്കുന്നത് റോഡ് ടാറിങ് പ്രവൃത്തികളിലാണ്. സിമന്റ് കോൺക്രീറ്റ് കട്ട പതിക്കുന്നതിന് മുമ്പായി പ്രതലം ബലപ്പെടുത്താൻ സാധാരണ ക്വാറി മക്ക് ആണ് ഉപയോഗിക്കാറുള്ളത്. 80Cm കനത്തിലുള്ള സിമന്റ് കോൺക്രീറ്റ് കട്ടയാണ് ഇവിടെ വിരിച്ചിട്ടുള്ളത്. ഇവിടെ WMM ഉപയോഗിച്ചതിന്

വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി 23/21-22/20.3.2023 നൽകിയതിന് - നിലവിലെ റോഡിലെ ഡ്രൈനേജ് സൗകര്യത്തിന്റെ അപര്യാപ്തതയും മഴക്കാലത്ത് റോഡിലുണ്ടാവുന്ന ഉറവയുടെ ഭാഗമായി റോഡ് തകർന്നത് കാരണം, ചീഫ് എഞ്ചിനീയറുടെ 4.7.2022ലെ DB3/5215/2013/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരമാണ് ഈ പ്രവൃത്തിയിൽ WMM ഉപയോഗിച്ചത്. ടി റോഡുകൾ വളരെ വേഗം കേടുപാടുകൾ വരാതിരിക്കുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുമാണ് ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

ചുവടെ കാണിച്ച കാരണങ്ങളാൽ ഈ മറുപടി സ്വീകാര്യമല്ല.

1. 55495/31.10.2021 നമ്പറായി സാങ്കേതികാനുമതി ലഭിച്ച ഈ പ്രവൃത്തിക്ക് ചീഫ് എഞ്ചിനീയറുടെ 4.7.2022 ലെ സർക്കുലറിലെ നിർദ്ദേശ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന മറുപടി അതിശയോക്തിപരമാണ്. 85/2.3.2022 നമ്പറായി കരാർ വെച്ച ഈ പ്രവൃത്തി തീയ്യതി പൂർത്തിയായി 31.3.2022 നൽ കരാറുകാരൻ ബിൽ നൽകിയിട്ടുണ്ട്.

2. ചീഫ് എഞ്ചിനീയറുടെ 6.4.2022 ലെ 31/2022 നമ്പർ സർക്കുലറിൽ ഇത്തരം പ്രവൃത്തികൾ Defects Liability Period 5 വർഷത്തിൽ കുറയാത്ത രീതിയിൽ ടെണ്ടർ നിബന്ധനകളിൽ ഉൾപെടുത്തി നിർവ്വഹിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. അത്തരം നിബന്ധനകളൊന്നും ഈ പ്രവൃത്തിയുടെ ടെണ്ടറിൽ ഉൾപെടുത്തുകയോ കരാറിൽ പ്രസ്തുത നിബന്ധന ഉൾപെടുത്തുകയോ ചെയ്തിട്ടില്ല.

ഈ പ്രവൃത്തിയുടെ Defects Liability Period 5 വർഷത്തിൽ കുറയാത്ത കാലയളവാക്കി പുതിയ കരാറിൽ ഒപ്പ് വെക്കുകയോ അല്ലാത്തപക്ഷം ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ഇവിടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക (WMM) | ക്വാറി മക്ക് വിരിച്ചിരുന്നെങ്കിൽ ചെലവ് | വ്യത്യാസം |
|---|---|---|---|---|
| ചമയം ടൗൺ ഹാൾ റോഡ് കട്ട പതിക്കൽ (316/22)<br>CO 82129512536 /31.3.2022 തുക 1250000<br>കരാർ 85/2.3.2022 (5% അധിക നിരക്ക്)<br>സാങ്കേതികാനുമതി 55495/31.10.2021<br>കോൺട്രാക്ടർ. ശ്രീ.ഹസ്കർ. എം<br>അളവ് പുസ്തകം 248/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 102.236$m^3$ | 306259<br>@2995.61/$m^3$<br>5% അധിക നിരക്ക് (എസ്റ്റിമേറ്റ് നിരക്ക് 2852.96$m^3$ ) | 99643<br>@974.64/$m^3$<br>5% അധിക നിരക്ക് (എസ്റ്റിമേറ്റ് നിരക്ക് 928.23m3 ) | 206616 |

## 1-34 ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല

2021-22 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും നഗരസഭയുടെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 അസിസ്റ്റന്റ് എഞ്ചിനീയർ -രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. കാഷ് ബുക്കിൽ പണമിടപാടുകൾ നടന്ന തീയ്യതി രേഖപ്പെടുത്തുന്നില്ല. ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവയും കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2. ട്രഷറി മുഖേനയുള്ള ചെലവുകളുടെ ബിൽ നമ്പർ, തീയ്യതി, തുക നഗരസഭയിൽ നിന്ന് തനത് ഫണ്ടിനത്തിൽ ലഭിക്കുന്ന തുകകളുടെ ചെക്ക് നമ്പർ, തീയ്യതി, തുക തുടങ്ങിയ വിശദാംശങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3. സെക്യൂരിറ്റി രജിസ്റ്റർ,ഇ.എം.ഡി രജിസ്റ്റർ തുടങ്ങിയവ സൂക്ഷിച്ചിട്ടില്ല.

## 1-36 ഗവ.ഹയർ സെക്കന്ററി സ്കൂൾ പെയിന്റിങ് - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗവ.ഹയർ സെക്കന്ററി സ്കൂൾ പെയിന്റിങ് എന്ന പ്രവൃത്തിയുടെ ഇനം 4 ആയി പെയിന്റിങ്ങിനായി ഉപയോഗിച്ച സ്കാഫോൾഡിങ്ങിന് DSR 14.72 പ്രകാരം 196.20/$m^2$ തുക നൽകിയിട്ടുണ്ട്. ഈ ഡാറ്റയിൽ ഈ പ്രവൃത്തിയുടെ മറ്റിനങ്ങൾക്കായി സ്കാഫോൾഡിങ് ഉപയോഗിക്കുന്നുണ്ടെങ്കിൽ പ്രസ്തുത ഡാറ്റയിൽ നിന്ന് സ്കാഫോൾഡിങ് നിരക്ക് കുറവ് ചെയ്താണ് ബിൽ തുക നൽകേണ്ടതെന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ സ്കാഫോൾഡിങ് എത്ര ദിവസം ഉപയോഗിച്ചാലും ഇതേ നിരക്ക് തന്നെയാണ് നൽകേണ്ടതെന്നും, കൂടുതൽ നൽകേണ്ടതില്ല എന്നും ഈ ഡാറ്റയുടെ വിശദാംശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (The Payment Will Be Made Once Irrespectiveof Duration Of Scaffolding).

ഇതേ പ്രവൃത്തിയുടെ ഇനം 2 ആയി കെട്ടിടത്തിന്റെ ചുമരിൽ പ്ലാസ്റ്റർ ഓഫ് പാരീസ് പുട്ടി ഉപയോഗിച്ച് ഫിനിഷിങ് പ്രവൃത്തി ചെയ്തതിന് നൽകിയ നിരക്കിൽ (DSR 13.26) സ്കാഫോൾഡിങ്ങിനുള്ള നിരക്ക് ഉൾപെടുന്നുണ്ട്. സ്കാഫോൾഡിങ്ങിനുള്ള നിരക്ക് കുറവ് ചെയ്യാതെയാണ് ഈ പ്രവൃത്തിക്ക് തുക നൽകിയിട്ടുള്ളത്. സ്കാഫോൾഡിങ് നിരക്ക് കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/18.3.2023 നൽകിയതിന് ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. DSR 14.72 പ്രകാരമുള്ള സ്കാഫോൾഡിങ് 10 മീറ്ററിലധികം ഉയരമുള്ള കെട്ടിടങ്ങളുടെ പുറം ഭാഗം പെയിന്റ് ചെയ്യുന്നതിന് ഒഴിച്ച് കൂടാനാവാത്തതാണ്.

2. DSR 13.26 ൽ എത്ര ഉയരം വരെയുള്ളതിന് ഈ നിരക്ക് ഉപോയോഗിക്കാമെന്നത് സംബന്ധിച്ച് പ്രസ്തുത ഡാറ്റയിൽ വ്യക്തമായ പരാമർശങ്ങൾ കാണുന്നില്ല.

മുകളിൽ പരാമർശിച്ച രണ്ട് ഡാറ്റകളിലും കെട്ടിടത്തിന്റെ ഉയരം പരാമർശിക്കുന്നില്ല. ഓഡിറ്റ് പരാമർശങ്ങളെ ഖണ്ഡിക്കാവുന്ന മറുപടികളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12% GST ഉൾപെടെ) |
|---|---|---|---|---|
| പെയിന്റിങ്ങ് & അദർ ഫിനിഷിങ് വർക് ഫോർ ഗവ. ഹയർ സെക്കന്ററി സ്കൂൾ PWD ബ്ലോക്ക് ഫയൽ PW1-1 070/20(4)<br>ചെക്ക് 1154568/17.8.2021 തുക 286606<br>ചെക്ക് 1154569/17.8.2021 തുക 13394<br>ചെക്ക് 1154570/9.11.2021 തുക 382144<br>ചെക്ക് 1154571/9.11.2021 തുക 17856<br>ചെക്ക് 1154575/ . .2022 തുക 262224<br>ചെക്ക് 1154576/ . .2021 തുക 12276<br>സാങ്കേതികാനുമതി 336/17.4.2020<br>കരാർ 186/17.9.2020<br>കൺവീനർ. ശ്രീ.വിനോദ്.വി<br>അളവ് പുസ്തകം 469/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | പ്ലാസ്റ്റർ ഓഫ് പാരീസ് 755.47m$^2$ | 109860<br>@145.42/m $^2$ | 94245<br>@124.75/m$^2$<br>DSR 13.26 പ്രകാരമുള്ള പ്രവൃത്തിയിൽ നിന്ന് സ്കഫോൾഡിങ്ങിനുള്ള നിരക്ക്<br>@20.67/m $^2$<br>കുറവ് ചെയ്ത് നൽകാവുന്ന നിരക്ക് .<br>എസ്റ്റിമേറ്റ് നിരക്ക് 145.42/m $^2$ | 17489<br>(15615+1874) |
| പെയിന്റിങ്ങ് & അദർ ടു 150 ആനുവൽ മെമ്മോറിയൽ ബിൽഡിങ് അറ്റ് ഗവ. ഹയർ സെക്കന്ററി സ്കൂൾ വിജയരാഘവൻ ബ്ലോക്ക് ഫയൽ PW1-1070/20(5)<br>ചെക്ക് 1154566/8.4.2021 തുക 525000<br>സാങ്കേതികാനുമതി<br>കരാർ 46/7.7.2020<br>കൺവീനർ. ശ്രീ.പി.മുഹമ്മദ് മുസ്ഥഫ<br>അളവ് പുസ്തകം /19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 442.94m$^2$ | 64412<br>@145.42/m $^2$ | 55257<br>@ 124.75/m$^2$<br>DSR 13.26പ്രകാരമുള്ള പ്രവൃത്തിയിൽ നിന്ന് സ്കഫോൾഡിങ്ങിനുള്ള നിരക്ക്<br>@20.67/m $^2$<br>കുറവ് ചെയ്ത് നൽകാവുന്ന നിരക്ക് | 9155<br>(ഈ പ്രവൃത്തിയിൽ മൂല്യ നിർണ്ണയ തുകയോടൊപ്പം 12%GST നൽകിയിട്ടില്ല) |
| | | | ആകെ | 26644 |

അധികം നൽകിയ 26644 രൂപ അടങ്കൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-4 കാണുക)

## 1-37 മാമ്പ്രപ്പടി ഹെൽത്ത് സെന്റർ നിർമ്മാണം - പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്ത വിവരം ലഭ്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാമ്പ്രപ്പടി ഹെൽത്ത് സെന്റർ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി പഴയ കെട്ടിടത്തിന്റെ ഓട് മേഞ്ഞ മേൽക്കൂരയും (91.449m$^2$) ജനൽ, വാതിൽ എന്നിവയും (21 എണ്ണം ) പൊളിച്ച് നീക്കിയിട്ടുണ്ട്. എന്നാൽ ഇവ ലേലം ചെയ്തതിന്റെയോ പുനരുപയോഗിച്ചതിന്റെയോ വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഓടുകൾ, പട്ടിക, കഴുക്കോൽ എന്നിവ എത്ര എണ്ണം, അളവ് എന്നിവയും പ്രത്യേകമായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | നൽകിയ തുക |
|---|---|---|
| മാമ്പ്രപ്പടി ഹെൽത്ത് സെന്റർ നിർമ്മാണം (435/22)<br>ബിൽ 201503470018011853411/4.3.2021 തുക 1000000<br>ബിൽ 211503470018005152911/13.10.2021 തുക 1000000<br>ബിൽ 221503470018004438451/22.8.2022 തുക 200000<br>ബിൽ 22150347001800919894/16.12.2022 തുക 67200<br>കരാർ 151/3.3.2020<br>കോൺട്രാക്ടർ. ശ്രീ.മുഹമ്മദ് റഫീഖ്.ടി<br>അളവ് പുസ്തകം 113/20-21, 179/20-21, 116/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 1. ഡിസ്മാന്റലിങ് ടൈൽഡ് റൂഫിങ് 91.449m$^2$<br>2. ഡിസ്മാന്റലിങ് ഡോർസ് & വിന്റോസ് 21 | 9648 @105.50/m$^2$<br>4055 @193.09/each |

ഓഡിറ്റ് എൻക്വയറി 27 /21-22/20.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ച് നീക്കിയ മേൽ പരാമർശിച്ച സാധനങ്ങൾ ലേലം ചെയ്തതിന്റെയോ പുനരുപയോഗിച്ചതിന്റെയോ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-38 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വാർഡ് 8 ലെ അംഗൻവാടി അധിക സൗകര്യങ്ങളൊരുക്കൽ എന്ന പ്രവൃത്തിയുടെ ഭാഗമായി റെക്ടാങ്കുലർ പൈപ്പ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചതിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തി സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാവുന്നു. കൂടാതെ ആകെ ഉപയോഗിച്ചതിൽ 166.48Kg പർലിൻ ആണ്. ഇതിന് സിംഗിൾ സെക്ഷന് ബാധകമായ നിരക്കാണ് നൽകാവുന്നത് എന്ന് വ്യക്തമാണ്. തെറ്റായ ഡാറ്റ പ്രകാരമുള്ള തുക നൽകിയതിന് വിശദീകരണം നൽകുകയോ അല്ലാത്ത പക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | യഥാർത്ഥ അളവ് | നൽകിയ തുക 50.10.1 പ്രകാരം | നൽകാവുന്ന തുക 50.10.2 പ്രകാരം | അധികം12% GSTഉൾപ്പെടെ |
|---|---|---|---|---|
| വാർഡ് 8 ലെ അംഗൻവാടി അധിക സൗകര്യങ്ങളൊരുക്കൽ (322/22)<br>ബിൽ 2115034700180859744/29.12.21<br>തുക 199057<br>സാങ്കേതികാനുമതി 105160/21.2.2020<br>കരാർ 122/4.3.2020<br>കോൺട്രാക്ടർ. ശ്രീ.മുഹമ്മദ് റഫീഖ്.ടി<br>അളവ് പുസ്തകം 175/20-21<br>കോസ്റ്റ് ഇൻഡക്സ് 3 1.06% | 314.30Kg | 41255 @131.26/ Kg | 33592 @106.88/Kg | 8583 (7663+920) |

ഓഡിറ്റ് എൻക്വയറി 19/21-22/18.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 8583 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-8 കാണുക)

## 1-39 റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വളപ്പിൽ ഹംസ റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഭാഗമായി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് MoRD സ്പെസിഫിക്കേഷൻ അംഗീകൃത ഒബ്സർവ്ഡ് കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തികളുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്.

എന്നാൽ ഈ പ്രവൃത്തിയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്തിട്ടില്ല എന്ന് നഗരസഭ ഓവർസിയറുടെ സാന്നിധ്യത്തിൽ 20.3.2023 തീയതിയിൽ മേൽ പ്രവൃത്തികൾ നേരിൽ സന്ദർശിച്ചപ്പോൾ വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ ഇക്കാര്യം അവർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സിമന്റ് കോൺക്രീറ്റ് അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | വളപ്പിൽ ഹംസ റോഡ് കോൺക്രീറ്റ് ( 463/22)<br>ബിൽ CO 3223887439/11.3.2022<br>തുക 396785 (CFC)<br>കരാർ 56/4.2.2022<br>അളവ് പുസ്തകം 253/21-22<br>കോൺട്രാക്ടർ ശ്രീ.നജീബ്.ഇ.കെ<br>കോസ്റ്റ് ഇൻഡക്സ് 36.44% | 38.10m$^3$ | 318450<br>@8358.28/m$^3$ | 306202<br>@8036.81/m$^3$ | 13718<br>(12248+1470) |

അധിക തുക അനുവദിച്ചതിന് എൻക്വയറി (ഓഡിറ്റ് എൻക്വയറി 42 /2021-22/20.3.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 13718 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-6 കാണുക)

## 1-40 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ ഓവർ ഹെഡ് ചാർജ് ഈടാക്കിയതിൽ കുറവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി നഗരസഭക്ക് 37847രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യുന്നതിന് പകരം 2.5% മാത്രം കുറവ് ചെയ്താണ് കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പെയിന്റിങ് (383/22)<br>ബിൽ 2115034700180066320 1/17.11.21<br>തുക 500000<br>കരാർ 309/23.2.2021<br>കൺവീനർ . ശ്രീമതി ശോഭ.എൻ.ജി<br>അളവ് പുസ്തകം 168/20-21,95/20-21<br>കോസ്റ്റ് ഇൻഡക്സ് 3 1.06% | 866508 | 40303 | 21663 | 18640 |
| ആകെ | | | | 18640 |

ഓഡിറ്റ് എൻക്വയറി 20/21-22/18.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 18640 രൂപ ബിൽ തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-9 കാണുക)

## 1-40-1 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി ഓവർ ഹെഡ് ചാർജ് ഈടാക്കിയതിൽ കുറവ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി നഗരസഭക്ക് 37847രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യുന്നതിന് പകരം 2.5% മാത്രം കുറവ് ചെയ്താണ് കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| പെയിന്റിങ് & അദർ ഫിനിഷിങ് വർക് ഫോർ ഗവ. ഹയർ സെക്കന്ററി സ്കൂൾ PWD ബ്ലോക്ക് ഫയൽ PW1-1070/20(4)<br>ചെക്ക് 1154568/17.8.2021 തുക 286606<br>ചെക്ക് 1154569/17.8.2021 തുക 13394<br>ചെക്ക് 1154570/9.11.2021 തുക 382144<br>ചെക്ക് 1154571/9.11.2021 തുക 17856<br>ചെക്ക് 1154575/2.3.2022 തുക 262224<br>ചെക്ക് 1154576/2.3.2022 തുക 12276<br>കരാർ 186/17.9.2020<br>കൺവീനർ. ശ്രീ.വിനോദ്.വി<br>അളവ് പുസ്തകം 469/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 892857 | 41528 | 22321 | 19207 |
| ആകെ | | | | 19207 |

ഓഡിറ്റ് എൻക്വയറി 20/21-22/18.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 19207 രൂപ ബിൽ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-10 കാണുക)

## 1-41 റാക്ക് നിർമ്മാണം - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സെൻട്രൽ സ്കൂൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി റെക്ടാങ്കുലർ പൈപ്പ് ഉപയോഗിച്ച് സ്കൂളിൽ റാക്ക് നിർമ്മിച്ചതിന് DSR കോഡ് 9.48.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്ക് കെട്ടിടങ്ങളിൽ ജനലിന് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. MS റൗണ്ട് ബാർ, ഫ്ലാറ്റ് എന്നിവ ഉപയോഗിച്ചാണ് ഈ പ്രവൃത്തി ചെയ്യുന്നത്. എന്നാൽ ഇവിടെ റെക്ടാങ്കുലർ പൈപ്പ് ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. ഈ ഇനത്തിൽ അധിക തുക നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST ഉൾപ്പെടെ |
|---|---|---|---|---|
| സെൻട്രൽ സ്കൂൾ നിർമ്മാണം (100/22)<br>വൗച്ചർ 29/3-22 തീയ്യതി 25.3.2022<br>ബിൽ 21150347001801528183/30.3.2022 തുക 499000<br>സാങ്കേതികാനുമതി 49824/25.10.2021<br>കരാർ 81/8.2.2022<br>കോൺട്രാക്ടർ. ശ്രീ.ശ്രീ.മുഹമ്മദ് റഫീഖ്.ടി<br>അളവ് പുസ്തകം 332/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 175.34Kg | 24044<br>@137.13 /Kg | 18740<br>@106.88/Kg | 5940<br>(5304+636) |

ഓഡിറ്റ് എൻക്വയറി 18 /21-22/18.3.2023 നൽകിയതിന് - മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 5940 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-11 കാണുക)

## 1-42 പ്രൊജക്റ്റ് തയ്യാറാക്കാതെ പ്രവൃത്തികൾ നിർവ്വഹിക്കുന്നു

നഗരസഭയിൽ തനത് ഫണ്ട് വിനിയോഗിച്ചുള്ള മിക്ക മരാമത്ത് പ്രവൃത്തികളും പ്രൊജക്റ്റ് രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിക്കാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഒരു തദ്ദേശഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏത് തന്നെ ആയിരുന്നാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും, പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ലായെന്നും അങ്ങിനെ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകാൻ പാടില്ല എന്നും 13-ാം പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തനത് ഫണ്ട് വിഭവ സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്താൻ മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. മിച്ച തനത് ഫണ്ടിന്റെ 25 ശതമാനം വിനിയോഗിച്ച് അടിയന്തിര സ്വഭാവമുള്ള മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് മാത്രമാണ് ഇക്കാര്യത്തിൽ ഇളവ് നൽകിയിട്ടുള്ളത്.

വാർഡ് സഭ, വർക്കിങ്ങ് ഗ്രൂപ്പുകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനത്തിലൂടെ രൂപീകരിക്കുന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അംഗീകാരം നേടി നടപ്പിലാക്കേണ്ടതാണ് ഇത്തരം പ്രവൃത്തികൾ എന്ന് സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വളരെയധികം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണമെന്ന സങ്കൽപത്തിന് തന്നെ വിരുദ്ധമായ നടപടിയാണിത്. പെറ്റി വർക്കുകളും അടിയന്തിര പ്രവൃത്തികളും ഒഴിവാക്കിയാൽ തന്നെ ഓഡിറ്റ് വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവഴിച്ച മുൻവർഷങ്ങളിൽ ആരംഭിച്ചവ ഉൾപ്പടെയുള്ള 22 പ്രവൃത്തികൾ താഴെ ലിസ്റ്റ് ചെയ്യുന്നു. റോഡ് കോൺക്രീറ്റിങ്, ടാറിങ് പ്രവൃത്തികളും ബസ്റ്റാന്റ് നിർമ്മാണം, ടൗൺഹാൾ നിർമ്മാണം, ഹെൽത്ത് സെൻറർ നിർമ്മാണം തുടങ്ങിയ വൻ തുക ചെലവ് വരുന്ന പ്രൊജക്ടുകളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഈ പ്രവൃത്തികളെല്ലാം തന്നെ ആവശ്യമായ സമയം നൽകി ടെണ്ടർ നടപടികളിലൂടെയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്നതിനാൽ മേൽ പ്രവൃത്തികൾ അടിയന്തിര സ്വഭാവമുള്ളവയല്ല എന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു -

| ക്രമ നം | പ്രവൃത്തി | തുക | വൗച്ചർ നം./തിയ്യതി |
|---|---|---|---|
| 1 | മനോംകീഴായ അംഗൻവാടി കോമ്പൗണ്ട് വാൾ പ്രവൃത്തി (ഫയൽ നം.PW1-16759/19) | 2,50,000 | 22/08-04-2021 |
| 2 | സഹകരണ സ്കൂൾ റോഡ് പൂർത്തികരണം (ഫയൽ നം.PW1-413/19-20) | 2,45,000 | 23/08-04-2021 |
| 3 | നെച്ചിലക്കാത്ത് ഹംസ റോഡ് പുനരുദ്ധാരണം (ഫയൽ നം.PC1-255/19-20) | 4,93,605 | 24/08-04-2021 |
| 4 | Rejected Waste Removal - Malabar Processന് നൽകിയത് (ഫയൽ നം. H2-22339/19) | 2,07,725<br>253698 | 25/08-04-2021<br>70/29-04-2021 |
| 5 | ചൂരുതൊടി നാരായണൻ റോഡ് പ്രവൃത്തി (ഫയൽ നം.PC1-370/18-19) | 1,29,626 | 38/15-04-2021 |
| 6 | പുതിയ മുനിസിപ്പൽ ബിൽഡിംഗ് സ്റ്റെയർ ഹാൻഡ് റെയിൽ (ഫയൽ നം.PW1-14621/20(1)) | 4,94,957 | 51/21-04-2021 |
| 7 | കൗൺസിൽ ഹാൾ ബാൽക്കണി സ്റ്റെയർ നിർമ്മാണം (ഫയൽ നം.PW1-14368/20) | 4,98,000 | 52/21-04-2021 |
| 8 | വില്ലേജ് ഓഫീസ് പടി -ലൈഫ് അപാർട്ട്മെൻറ് റോഡ് പ്രവൃത്തി (ഫയൽ നം.PW1-18777/19) | 10,00,000 | 52/21-04-2021 |
| 9 | കുടുംബശ്രീ, മറ്റു സെക്ഷനുകൾ എന്നിവയുടെ ഓഫീസ് അറേഞ്ച്മെൻറ്സ് (ഫയൽ നം.PW1-314/19-20) | 5,06,711 | 54/21-04-2021 |
| 10 | ഓഫീസ് ബിൽഡിംഗ് ഇലക്ട്രോണിക്സ് വർക്ക് (ഫയൽ നം.PW1-12109/20(2)) | 4,37,807 | 55/21-04-2021 |
| 11 | GMHSS പെരിന്തൽമണ്ണ വീജയരാഘവൻ ബ്ലോക്ക് Front Elevation And Allied Works, Phase-2 (ഫയൽ നം.PW1-15837/20) | 4,86,304 | 56/21-04-2021 |
| 12 | GMHSS പെരിന്തൽമണ്ണ വീജയരാഘവൻ ബ്ലോക്ക് Front Elevation And Allied Works, Phase-1 (ഫയൽ നം.PW1-15825/20) | 4,98,000 | 57/21-04-2021 |
| 13 | New Bus Stand Electrification Work Payment To National Engineering Company, Calicut (PW1-2509/20) | 5,00,000<br>4,50,000<br>5,00,000 | 65/27-04-2021<br>69/18-08-2021<br>83/27-08-2021 |

| | | | |
|---|---|---|---|
| | | 5,00,00 | 35/07-12-2021 |
| | | 5,00,000 | 56/17-12-2021 |
| | | 12,82,914 | 62/25-01-2022 |
| 14 | Town Hall Building Construction Payment To FACT-RCF (PW1-13921/19) | 5,00,000 | 41/10-05-2021 |
| | | 5,00,000 | 16/03-09-2021 |
| | | 5,00,000 | 46/16-12-2021 |
| 15 | Health Centre Construction Payment To FACT-RCF (PW1-1305/18) | 75,00,000 | 61/24-02-2022 |
| 16 | Compound Wall Painting And Workers Room Renovation At Solid Waste Treatment Plant (PW2-10252/20) | 570568 | 28/15-07-2021 |
| 17 | Electrification At Solid Waste Treatment Plant (PW1-22557/17(1)) | 4,16,956 | 34/16-07-2021 |
| 18 | Landscaping And Gardening At Solid Waste Treatment Plant (PW2-21570/19) | 3,69,907 | 29/08-10-2021 |
| 19 | മാലിന്യ സംസ്കരണ പ്ലാൻറ് മോഡേണൈസേഷൻ (PW1-10659/18) | 16,80,457 | 31/08-10-2021 |
| 20 | Installation Of Modular Rack In Urban PHC (PW1-18026/19) | 230459 | 61/29-10-2021 |
| 21 | സാന്ത്വനം ബിൽഡിംഗ് നിർമ്മാണം (PW1-15362/19) | 5,26,315 | 15/08-11-2021 |
| 22 | Vermi Compost Unit Construction Payment To IRTC,Mundur | 787647 | 43/02-03-2022 |

ആവശ്യമായ ഫണ്ട് വകയിരുത്താതെയും ഫണ്ടിന്റെ ലഭ്യത പരിശോധന വിധേയമാക്കാതെയും വൻ തുക ചെലവ് വരുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ നിർവ്വഹണ ഏജൻസികൾക്ക് പണം നൽകാനാവാതെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന അവസ്ഥയാണുള്ളത്. അത്യന്തം ഗൗരവമർഹിക്കുന്ന മേൽ വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു. 32/20-03-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഭാഗമാക്കാതെ പ്രവത്തികൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-43 എസ്.എസ്.എ. വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S001/2022

അടങ്കൽ - 15,13,660 (വികസന ഫണ്ട് )

BRN : 21150347000500243352/27-07-2021 : 15,13,660

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S002/2022

അടങ്കൽ - 10,00,000 (വികസന ഫണ്ട്- SCP )

BRN : 21150347000500243378/27-07-2021 : 10,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 25,13,660 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 17/2018/തസ്വഭവ തി. 02-02-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 25,13,660 രൂപ കൈപ്പറ്റിയതിന്റെ രശീതി, നഗരസഭാ പരിധിയിൽപ്പെട്ട ഓരോ സ്കൂളുകളിലും എന്തെല്ലാം ചെലവാണ് പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയത് എന്നതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദമായ യൂട്ടിലൈസേഷൻ ലഭ്യമാക്കി വിവരം ലഭ്യമാക്കുന്നതാണ് എന്ന് 16/18-03-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-44 രേഖകൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല ചെലവ് തുക തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | പ്രവൃത്തി | വൗച്ചർ നമ്പർ/ തീയതി | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | മൂസക്കുട്ടി സ്മാരക ബസ്സ്റ്റാൻറിലെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ (ഫയൽ -PWI-15490/21) | 45/17-09-2021 | 85,141 | KSEBഇലക്ട്രിക് സെക്ഷൻ, പെരിന്തൽമണ്ണയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 2 | വെട്ടി കോളനിയിലെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 20/02-03-2022 | 21,609 | KSEBഇലക്ട്രിക് സെക്ഷൻ, പെരിന്തൽമണ്ണയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 3 | ഓൾഡ് മാർക്കറ്റിലെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ (ഫയൽ -PWI-18165/18) | 09/04-05-2021 | 20554 | KSEBഇലക്ട്രിക് സെക്ഷൻ, പെരിന്തൽമണ്ണയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 4 | ഓൾഡ് മാർക്കറ്റിലെ 76 ഇലക്ട്രിക് കണക്ഷനുകൾ Dismantlingന് നൽകിയത് | 77/29-06-2021 | 9,880 | KSEBഇലക്ട്രിക് സെക്ഷൻ, പെരിന്തൽമണ്ണയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 5 | മൂസക്കുട്ടി സ്മാരക ബസ്സ്റ്റാൻറിലെ താൽക്കാലിക ഇലക്ട്രിക് കണക്ഷന് നൽകിയ തുക | 09/05-10-2021 | 12,590 | KSEBഇലക്ട്രിക് സെക്ഷൻ, പെരിന്തൽമണ്ണയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 6 | ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നിവയുടെ ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട സ്ക്രൂട്ടിനി ചാർജ് | 33/12-10-2021<br>16/06-01-2022<br>16/06-01-2022 | 10,340<br>13,425<br>895 | മലപ്പുറം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 7 | മൂസക്കുട്ടി സ്മാരക ബസ്സ്റ്റാൻറിലെ ഇലക്ട്രിക് കണക്ഷന് നൽകിയ തുക | 09/04-01-2022<br>51/18-01-2022<br>63/27-01-2022<br>63/15-03-2022 | 11812<br>361268<br>6432<br>11354 | KSEBഇലക്ട്രിക് സെക്ഷൻ, പെരിന്തൽമണ്ണയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 8 | ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും പൈപ്പ് ലൈൻ നീട്ടൽ<br>S0153/2022<br>(ഫയൽ -PW2-153/21) | ചെക്ക് നം.C012251078530/27-01-2022 | 54,40,000<br>(15,90,000+ 38,50,000)<br>-CFC Fund | KWA, PH ഡിവിഷൻ,മലപ്പുറത്ത് നിന്നും 38,50,000 രൂപയുടെ കൂടി വിനിയോഗ സാക്ഷ്യപത്രം |
| 9 | ജെ.ജെ.എം. ഹൗസ് വാട്ടർ കണക്ഷൻ -ഡിസൈൻ&സർവ്വേ (ഫയൽ -PWI-14569/21) | C032258704399/<br>23-03-2022 | 21,10,000<br>-CFC Fund | KWA, PH ഡിവിഷൻ,മലപ്പുറത്ത് നിന്നുംള്ള വിനിയോഗ സാക്ഷ്യപത്രം |
| 10 | സ്കൂളുകളിലെ കുടിവെള്ളം പരിശോധിക്കുന്നതിനായി ശ്രീ. വിനോദ് ഗോപാലകൃഷ്ണൻ,JHIക്ക് നൽകിയത് (H2-19339) | 51/27-10-2021 | 16,000 | ക്രമീകരിച്ച വിവരം |
| | | ആകെ | 8131300 | |

രേഖകൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 8131300രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കുന്നതാണ് എന്ന് 33/20-03-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-45 മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളം-സർക്കാറിലേക്ക് തിരിച്ചടവാക്കാനവശേഷിക്കുന്നു

ഫയൽ : G1-14470/18

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം മുനിസിപ്പൽ സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടവാക്കേണ്ടതാണ്. എന്നാൽ, മുനിസിപ്പൽ സെക്രട്ടറി ശ്രീ. അബ്ദുൾ സജീം എസ് ന്റെ ശമ്പള ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക 2019-20 മുതൽ 2020-21 വരെ 23,55,815 രൂപ സർക്കാറിലേക്ക് തിരിച്ചടവാക്കാനവശേഷിക്കുന്നുണ്ട്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് തുക അടവാക്കി വിവരം ലഭ്യമാക്കുന്നതാണ് എന്ന് 39/20-03-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. ആയത് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-46 സാക്ഷരതാ മിഷൻ പ്രേരകിന് ഹോണറേറിയം തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം.34/6-05-2021 : 22500

വൗച്ചർ നം.35/6-05-2021 : 13440

വൗച്ചർ നം.66/28-12-2021 : 42,432

ഹോണറേറിയം ഇനത്തിൽ മേൽ വൗച്ചർ പ്രകാരമുള്ള തുകകൾ സാക്ഷരതാ മിഷനിലെ പ്രേരക് മാരായ ശ്രീമതി ശബരികുമാരി, ശ്രീമതി ഷീജ കെ.സി എന്നിവർക്ക് ഹോണറേറിയം ഇനത്തിൽ നൽകിയിട്ടുണ്ട്. ആയത് ജി.ഒ.(ആർ.ടി) നം.626/LSGD/26-02-2021 ലെ നിർദ്ദേശ

പ്രകാരം ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 40/20-03-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

## 1-47 ഓൺലൈൻ വിദ്യാ സഹായ പദ്ധതി - മറുപടി ലഭ്യമാക്കേണ്ടതാണ്

ചെക്ക് നം. 061955/3-09-2021 : 3,34,238

കോവിഡ് കാലത്ത് വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകളിൽ ഹാജരാകുന്നതിന് കെ.എസ്.എഫ്.ഇ യുടെ സഹായത്തോടെ സൗകര്യമൊരുക്കുന്ന ഓൺലൈൻ വിദ്യാ സഹായ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുണ്ട്. 22 ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകൾ, 9 വായനശാലകൾ, 3 അംഗൻവാടികൾ എന്നിവിടങ്ങളിലാണ് ആകെ 34 ടി.വി.സെറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. ജി.ഒ (ആർ.ടി) നം.408/2020/നി.വ/18-06-2020 പ്രകാരം ടെലിവിഷൻ സെറ്റിന്റെ വിലയുടെ 75% തുക കെ.എസ്.എഫ്.ഇ.യും, 25% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ സോഴ്സുകളിൽ നിന്നും ലഭ്യമാക്കിയും വഹിക്കേണ്ടതാണ്. എന്നാൽ, കെ.എസ്.എഫ്.ഇ യിൽ നിന്നും ലഭ്യമായ 3,40,000 മാത്രം ഉപയോഗിച്ചാണ് കണ്ണംകണ്ടി ഫ്രിഡ്ജ് ഹൗസ് പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും (ടാക്സ് ഇൻവോയ്സ് നം. GDLR/PMN/5/23-06-2021) ടി.വി.സെറ്റുകൾ വാങ്ങിയിട്ടുള്ളത്. ആവശ്യമെങ്കിൽ, 25% തുക കൂടി കണ്ടെത്തി കൂടുതൽ ടി.വി.സെറ്റുകൾ വാങ്ങുകയോ, അല്ലെങ്കിൽ ആകെ ചെലവ് തുകയുടെ 75% ഒഴികെയുള്ള തുക കെ.എസ്.എഫ്.ഇ യിലേക്ക് തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല.

2. ആകെ 34 ടി.വി.സെറ്റുകൾ സ്ഥാപിച്ചതിൽ 3എണ്ണം മാത്രമാണ് അംഗൻവാടികളിൽ സ്ഥാപിച്ചത്. ഭാവിയിൽ തുടർന്നും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനാവും വിധം അംഗൻവാടികൾക്ക് മുൻഗണന നൽകി ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

3. വായനശാല/സ്പോർട്സ് ക്ലബുകൾ മുഖേനയും ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിരുന്നോയെന്നും നിലവിൽ ടെലിവിഷനുകൾ പ്രവർത്തിക്കുന്നുണ്ടോയെന്നും അറിയിക്കേണ്ടതാണ്.

കോവിഡ് കാലത്ത് ഓൺലൈൻ പഠന സൗകര്യം ഇല്ലാത്ത വിദ്യാർത്ഥികൾക്ക് പഠനം മുടങ്ങാതിരിക്കാനുള്ള സംവിധാനം എന്ന നിലയിൽ നടപ്പാക്കിയ ഓൺലൈൻ വിദ്യാസഹായി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന വിലയിരുത്തൽ നടത്തിയതുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

നഗരസഭയുടെ വിദ്യാഭ്യാസ സ്ഥിരം സമിതിയുടെ നേതൃത്വത്തിൽ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയട്ടുണ്ട് എന്നും 25% തുക തനത് ഫണ്ടിൽ നിന്നും KSFEയിലേക്ക് തിരിച്ചടവാക്കുന്നതാണ് എന്നും 45/21-03-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-48 തെരുവ് വിളക്കുകളുടെ റിപ്പയറിനുള്ള AMC -അപാകതകൾ

ഫയൽ നം. PW1-11957/2010 (Vol -5)

തെരുവ് വിളക്കുകളുടെ റിപ്പയറിനുള്ള AMC ചാർജ്ജിനത്തിൽ ശ്രീ. ദീപക് ഇ, ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് 24-09-2020 മുതൽ 23-09-2021 വരെ മാസം 2,96,900 രൂപ +GST കണക്കാക്കി തുക നൽകിയിട്ടുണ്ട്. 15-12-2021 മുതൽ മാസം 2,20,645 രൂപ +GST കണക്കാക്കി യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരത്തിനും തുക നൽകിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. തെരഞ്ഞെടുക്കപ്പെട്ട കോൺട്രാക്ടർ ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് താഴെ കാണും പ്രകാരമാണ്:

എ) 24-09-2020 മുതൽ 23-09-2021 വരെ

| ക്ര.നം. | വിളക്കുകളുടെ ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | 40W Single Fluorescent Light | 500 | 520 |
| 2 | 20W CFL | 450 | 1550 |
| 3 | 2X11W 4 Pin CFL | 500 | 694 |
| 4 | 40X2W CFL | 600 | 70 |
| 5 | 2X11W Single Fluorescent Light | 500 | 250 |
| 6 | 120W LED Light | 1600 | 408 |
| 7 | 20/22W LED Light | 600 | 1105 |

| | | | |
|---|---|---|---|
| 8 | 45W LED Light | 1100 | 405 |
| 9 | Sodium Vapour Lamp | 2000 | 165 |

ബി) 15-12-2021 മുതൽ

| ക്ര.നം. | വിളക്കുകളുടെ ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | 40W Single Fluorescent Light | 285 | 520 |
| 2 | 20W CFL | 250 | 1550 |
| 3 | 2X11W 4 Pin CFL | 495 | 694 |
| 4 | 40X2W CFL | 450 | 70 |
| 5 | 2X11W Single Fluorescent Light | 280 | 250 |
| 6 | 120W LED Light | 925 | 408 |
| 7 | 20/22W LED Light | 694 | 1105 |
| 8 | 45W LED Light | 700 | 405 |
| 9 | Sodium Vapour Lamp | 1450 | 165 |

ഓരോ മാസവും തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല, വിളക്കുകൾ റിപ്പയർ ചെയ്തത് സംബന്ധിച്ച് വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് പ്രകാരം, റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം അനുസരിച്ചുള്ള തുകയാണ് നൽകേണ്ടത്. എന്നാൽ ആയത് പരിശോധിക്കാതെ, ടെണ്ടറിൽ രേഖപ്പെടുത്തിയ ആകെ തുക ഓരോ മാസത്തേക്കുമുള്ള തുല്യ ഗഡുക്കളായി നൽകുകയാണ് ചെയ്തിട്ടുള്ളത്.

2. പ്രവൃത്തി നടത്തുന്നതിന് KSEB യിൽ നിന്നും അനുവാദം ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും നഗരസഭയിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുണ്ട്. ആയത് പ്രകാരം യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് 21/18-03-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-49 മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17(2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന മുഴുവൻ തുകയും ഗവ.ട്രഷറി സേവിങ്സ് അക്കൗണ്ടിലോ അല്ലെങ്കിൽ ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ആണ് അടക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചതാണ്. എന്നാൽ മുനിസിപ്പാലിറ്റിയുടെ വിവിധ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൽക്ക് വിരുദ്ധമായി സ്വകാര്യ ബാങ്കുകളിലും , സഹകരണ ബാങ്കിലും നഗരസഭ അക്കൗണ്ട് ആരംഭിച്ചതായി വ്യക്തമായി. ഇത്തരം അക്കൗണ്ടുകളുടെ വിവരം താഴെ നൽകുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൌണ്ട് നമ്പർ |
|---|---|---|
| 1 | സൌത്ത് ഇന്ത്യൻ ബാങ്ക് | 0329053000014648 |

| | | |
|---|---|---|
| 2 | HDFC ബാങ്ക് | 50100289808301 |
| 3 | ആക്സിസ് ബാങ്ക് | 919010084025120 |
| 4 | പെരിന്തൽമണ്ണ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | 0001001000019251 |
| 5 | സൌത്ത് ഇന്ത്യൻ ബാങ്ക് | 0329053000014577 |
| 6 | HDFC ബാങ്ക് | 50100328340178 |

അപാകതക ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-34/20.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-50 അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനവദിച്ചു

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകേണ്ടത് മുനിസിപ്പൽ സെക്രട്ടറിയാണ് ( 1999 ലെ ചട്ടം 22, 2019 ലെ ചട്ടം 20 ) . ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച ഏതാനം ഫയലുകളിൽ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ഒപ്പുവച്ചതായി കാണുന്നു.

| ഫയൽ നം. | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം |
|---|---|---|
| TP1-1232/2022 Dt 24.01.2022 | ശ്രീ. അഹമ്മദ് മുതൽപ്പേർ | വാണിജ്യാവശ്യം (334.74 $M^{2)}$ |
| TP1-16227/2021 Dt 10.09.2021 | ശ്രീ. അൽത്താഫ് | കൊമേഴ്ഷ്യൽ കം-റെസിഡൻഷ്യൽ ( 578.32 $M^2$ ) |
| TP1-7136/2021 Dt .09.03. 2021 | ശ്രീ. ഷൌക്കത്ത് & അലി | വാണിജ്യാവശ്യം ( 3373.31 $M^2$ ) |

ഇത്തരത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകാൻ ആധാരമാക്കിയ സർക്കാർ നിർദ്ദേശം/ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-35/20.3.2023) ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കാൻ സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. അത്തരത്തിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കാൻ മറ്റൊരാളെ ചുമതലപ്പെടുത്താൻ സെക്രട്ടറിക്ക് അനുവാദമില്ല. അപാകത ആവർത്താക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-51 പൊതു തെരുവുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നത് - നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ ) ചട്ടങ്ങൾ പ്രകാരം

1. മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ പൊതു തെരുവിലോ, റോഡിലോ പൊതു സ്ഥലത്തോ അതിനുമുകളിലോ കമാനങ്ങളോ പരസ്യ ബോർഡുകളോ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ലൈസൻസ് ആവശ്യമാണ്. (ചട്ടം 3)

2. പരസ്യം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ആൾ വിശദ വിവരം ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതും നിശ്ചിത നിരക്കിലുള്ള ഫീസ് അടക്കേണ്ടതുമാണ്. (ചട്ടം 4)

3. ഇത്തരത്തിൽ പരസ്യം, കമാനം എന്നിവ സ്ഥാപിക്കുന്നതിന് കൗൺസിലിന് അത് നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് ചുമത്താവുന്നതാണ് (ചട്ടം 6)

മേൽ ചട്ടം പ്രകാരം നഗരസഭാ പ്രദേശത്ത് പരസ്യം പ്രദർശിപ്പിക്കുന്നവരിൽ നിന്ന് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചതിന്റെയും ഇത്തരത്തിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ലഭിച്ച അപേക്ഷകളിൽ തുടർ നടപടി സ്വീകരിച്ചതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-37/20.3.2023) 2021-22 സാമ്പത്തിക വർഷത്തിൽ അത്തരത്തിലുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ലായെന്നും നിലവിൽ പി.ഡബ്ല്യു.ഡി. വകുപ്പാണ് അനുമതി നൽകുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പി.ഡബ്ല്യു.ഡി. റോഡുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിനാണ് പി.ഡബ്ല്യു.ഡി. വകുപ്പ് അനുമതി നൽകുന്നത്. മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ പൊതു തെരുവിലോ, റോഡിലോ പൊതു സ്ഥലത്തോ പരസ്യം, കമാനം എന്നിവ സ്ഥാപിക്കുന്നതിന് ഏർപ്പെടുത്തേണ്ട ഫീസ് കൗൺസിൽ നിശ്ചയിക്കേണ്ടതും ഇത്തരം സ്ഥലങ്ങളിൽ അനധികൃതമായി പരസ്യങ്ങളും കമാനങ്ങളും സ്ഥാപിക്കുന്നത് നിയന്ത്രിക്കേണ്ടതുമാണ്.

## 1-52 നികുതി-നികുതിയേതര കുടിശ്ശിക സംബന്ധിച്ച്

2021-22 ലെ വാർഷിക കണക്കുകൾ (ഷെഡ്യൂൾ-B-15) പ്രകാരം മുനിസിപ്പാലിറ്റിയുടെ വിവിധ നികുതി- നികുതിയേതര ഇനങ്ങളിൽ ചുവടെ കാണിച്ച പ്രകാരം തുക പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്.

| ഇനം | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക |
|---|---|
| വസ്തുനികുതി | 51339719 |
| തൊഴിൽ നികുതി | 29672389 |
| ലൈസൻസ് ഫീസ് | 229640 |
| പരസ്യ നികുതി | 318000 |
| വാടക | 1487079 |
| ആകെ | 8,30,46827 |

കുടിശ്ശിക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-36/20.3.2023) മറുപടിയായി വസ്തു നികുതി ഇനത്തിൽ 1997 മുതലുള്ള കുടിശ്ശിക തെറ്റായി വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും യഥാർത്ഥ കുടിശ്ശികയല്ല വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ആയത്

ക്രമീകരിക്കാൻ IKM മായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തൊഴിൽ നികുതിയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 1278291 രൂപയാണ് കുടിശ്ശിക ഉണ്ടായിരുന്നതെന്നും ആയതിൽ 720969 രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും ബാക്കി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും വാടകയിനത്തിൽ നിലവിൽ കുടിശ്ശിക 32058 രൂപയാണെന്നും ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും പരസ്യ നികുതിയിനത്തിൽ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലായെന്നും വാർഷിക കണക്കിൽ ഈയിനങ്ങളിൽ തുക തെറ്റായി വന്നത് സംബന്ധിച്ച് അക്കൌണ്ട് സെക്ഷനിൽ നിന്നും റിപ്പോർട്ട് വാങ്ങാവുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക കണക്കിൽ തെറ്റായി ഉൾപ്പെട്ട തുക കണ്ടെത്തി ആയത് പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കാനുള്ള തുക പിരിച്ചെടുക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-53 വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള MODERN INDOOR MARKET COMPLEX ലെ ചുവടെപ്പറയുന്ന റൂമുകളുടെ 2021-22ലെ വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | റൂം നമ്പർ | വാടകക്കാരന്റെ പേര് | ഒടുക്കേണ്ട തുക | ഈടാക്കിയ തുക | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 17 | ശ്രീ. ഹസ്സൻ, ശ്രീ.അബ്ദുറഹ്മാൻ, ശ്രീ.അസീസ്, ശ്രീ.മുനീർ, ശ്രീ.ഹംസത്തലി,ശ്രീ.ഹുസൈൻ | 23023 | 10465 | 12558 |
| 2 | 100 | ശ്രീ.മമ്മി എം. | 27500 | 20000 | 7500 |
| 3 | 104 | ശ്രീ.ഫിറോസ് ബാബു | 22000 | 10000 | 12000 |

വാടക കുടിശ്ശിക പിരിച്ചെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കുകയോ തുക ഈടാക്കി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-9/16.3.2023) വാടക അടക്കാൻ അവശേഷിക്കുന്ന മൂന്ന് പേർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക അടവാക്കുന്ന മുറക്ക് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

## 1-54 മുനിസിപ്പൽ ഫണ്ട്-ബാധ്യതയ്ക്കനുസൃതമായ ഫണ്ട് നീക്കിയിരിപ്പില്ല

നഗരസഭയുടെ 2021-22 സാമ്പത്തിക വർഷം അവസാനിച്ച് തയ്യാറാക്കിയ ബാലൻസ് ഷീറ്റ് പ്രകാരം പ്രത്യേക ഉദ്ദേശഗ്രാന്റുകളായി സർക്കാരിൽ നിന്നും ലഭിച്ചതിൽ B4 ഷെഡ്യൂൾ പ്രകാരം വിനിയോഗിക്കാൻ ശേഷിക്കുന്നത് 308,019,518.15രൂപയും EMD,SECURITY,RENT-AUCTION തുടങ്ങിയവയ്ക്ക് ഡെപ്പോസിറ്റായി സ്വീകരിച്ചതിൽ തിരികെ നൽകാൻ ശേഷിക്കുന്നത് B-7ഷെഡ്യൂൾ പ്രകാരം 470,758,828രൂപയും ലൈബ്രറിസെസ്സ് ഉൾപ്പടെ സർക്കാരിലേക്കും മറ്റും ഒടുക്കുന്നതിനുവേണ്ടി നികുതികളുടെയും മറ്റും കൂടെ കളക്റ്റ് ചെയതതും മുൻകൂറായി ലഭിച്ച നികുതികളും ഫീസുകളും ഉൾപ്പടെ B-9ഷെഡ്യൂൾ പ്രകാരം 15,901,091.19 രൂപയും കൂടി പ്രസ്തുത 3ഷെഡ്യൂളുകൾ പ്രകാരം മാത്രം 794679437.34 ആകെ രൂപയും ബാധ്യതയുണ്ട്. വർഷം പൂർത്തിയാക്കിയ 31.3.22 തിയതിയിൽ RP-40(b) പ്രകാരം വിവിധ അക്കൗണ്ടുകളിലായി ആകെ മുൻസിപ്പൽ ഫണ്ട് ബാലൻസ് ഉള്ളത് ( 61,862,669.01ബാങ്ക്, 2,144,322കാഷ്)- 64006991.01രൂപ മാത്രമാണ്. ആയതിൽ തനത് ഫണ്ട് 2593438.76രൂപയുമാണ്.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം നഗരസഭയ്ക്ക് ലഭിക്കുന്ന തനത് ഫണ്ട് ഏകദേശം ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പടെ 117189626 വരും. ശമ്പളവും മറ്റു ഭരണചെലവുകളും മാത്രം 53002134രൂപ ചെലവുണ്ട്. അതായത് പ്രസ്തുത ഷെഡ്യൂളുകൾ പ്രകാരം ബാധ്യത തീർക്കുന്നതിന് നഗരസഭയുടെ തനത് വരുമാനം പര്യാപ്തമല്ല.അതോടൊപ്പംബാലൻസ് ഷീറ്റ് B-1ഷെഡ്യൂൾ പ്രകാരം മുനിസിപ്പൽ ഫണ്ട് 258520166.17രൂപ കമ്മിയിലാണ്.

സർക്കാരിലേക്കും മറ്റും നൽകുന്നതിനായി കളക്റ്റ് ചെയ്ത തുകയിൽ ഒടുക്കാൻ തിരികെ നൽകാൻ ശേഷിക്കുന്ന തുകയ്ക്കനുസൃതമായി നഗരസഭാ ഫണ്ടിൽ തുക ഇല്ലാത്തത് സംബന്ധിച്ചും മുനിസിപ്പൽ ഫണ്ട് ബാലൻസ് ഷീറ്റ് പ്രകാരം 25 കോടിയിലധികം കമ്മിയായി കാണുന്നതും സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. തുടർന്നും 129തനത് ഫണ്ട് പ്രൊജെക്ടുകൾ രൂപീകരിക്കുകയും (എന്നാൽ അതിൽ നിന്നും തുക ചെലവഴിച്ചതായി ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം കാണുന്നില്ല). വൻതോതിലുള്ള ബാധ്യത പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ28/18.3.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-54-1 മരാമത്ത് പ്രവൃത്തി - കരാറുകാർക്ക് കൊടുത്ത് തീർക്കാനുള്ളത് കോടികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ വർഷങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക ഇനത്തിൽ കരാറുകാർക്ക് നഗരസഭ കോടിക്കണക്കിന് രൂപ കൊടുത്ത് തീർക്കാനുണ്ട്. ബിൽ തുക ലഭ്യമാക്കാനാവശ്യപ്പെട്ട് നഗരസഭക്കെതിരെ കേസ് നൽകിയ 3 കരാറുകാർക്ക് മാത്രമായി 2.27 കോടി രൂപ നഗരസഭ നൽകാനുണ്ടെന്ന് എഞ്ചിനീയറിങ് വിഭാഗം ലഭ്യമാക്കിയ പത്രികയിൽ നിന്ന് വ്യക്തമാവുന്നുണ്ട്. കേസ് നടപടികളിലേക്ക് പോവാത്ത മറ്റ് കരാറുകാർക്കും തുക നൽകാൻ അവശേഷിക്കുന്നുണ്ട്.

ഏതൊക്കെ കരാറുകാർക്ക് എത്ര തുക വീതം നൽകാനുണ്ടെന്ന് വ്യക്തമാക്കുന്ന രജിസ്റ്റർ നഗരസഭ തയ്യാറാക്കിയിട്ടില്ല. ബിൽ തുക നൽകാനുള്ള ഫയലുകൾ പ്രത്യേകമായി നഗരസഭ സൂക്ഷിച്ചിരിക്കുകയാണ്.

ഓഡിറ്റ് കാലയളവിൽ ചുവടെ കാണിച്ച പ്രവൃത്തികൾക്ക് ബിൽ തുക നൽകിയതായി കാണുന്നു. വർഷങ്ങൾക്ക് മുമ്പെ പ്രവൃത്തി പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തികൾക്ക് പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം മുൻ വർഷങ്ങളിൽ ബിൽ നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് രേഖകൾ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ബിൽ നൽകാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിവരം സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയും തുടർ വർഷങ്ങളിൽ ബിൽ തുക നൽകുമ്പോൾ വിവരം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

നഗരസഭയുടെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്ത് മാത്രം ഭാവിയിൽ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതും നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം പാലിച്ചും സാമ്പത്തിക നില ഭദ്രമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഓഡിറ്റ് വർഷം ബിൽ തുക നൽകിയ പഴയ പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചത് | കൺവീനർ/ കരാറുകാരന് നൽകിയ തുക |
|---|---|---|---|
| 1 | അൽഷിഫ ചെമ്പൻകുന്ന് റോഡ് ഡ്രൈനേജ് നിർമ്മാണം (241/22)<br>കരാർ 201/3.1.2018<br>കരാറുകാരൻ ശ്രീ. വിനോജ്. വി.ജെ<br>പ്രവൃത്തിയുടെ മൂല്യം-498705<br>ഒന്നാം പാർട്ട് ബിൽ നൽകിയത് 12.3.2020 തുക 300000 | 9.7.2018 | ബിൽ 21150347001800859711/29.12.2021<br>തുക 198705 |
| 2 | സ്കൂൾ മല റോഡ് കുടിവെള്ള പദ്ധതി വിപുലീകരണം (243/22)<br>കരാർ 247/5.2.2018<br>കരാറുകാരൻ ശ്രീ. വിനോജ്. വി.ജെ<br>പ്രവൃത്തിയുടെ മൂല്യം-<br>830852.70<br>ഒന്നാം പാർട്ട് ബിൽ നൽകിയത് 28.3.2019 തുക 250000 | 6.5.2019 | ബിൽ 21150347001800663213/17.11.2021<br>തുക 580583 |
| 3 | കിഴങ്ങത്തോൾ കുടിവെള്ള പദ്ധതി (242/22)<br>കരാർ 246/5.2.2018<br>കരാറുകാരൻ ശ്രീ. വിനോജ്. വി.ജെ<br>പ്രവൃത്തിയുടെ മൂല്യം-<br>1111041<br>ഒന്നാം പാർട്ട് ബിൽ നൽകിയത് 28.3.2019 തുക 600000 | 13.5.2019 | ബിൽ 21150347001800663211/17.11.2021<br>തുക 511041 |

ബിൽ തുക നൽകുന്നത് സംബന്ധിച്ച് കേസ് ഉണ്ടാകുന്ന പക്ഷം ആയതിന് തനത് ഫണ്ട് പെരുപ്പിച്ച് കാണിച്ച് പദ്ധതി തയ്യാറാക്കിയ ഉത്തരവാദപ്പെട്ട സെക്രട്ടറി പ്രൊജക്റ്റ് തയ്യാറാക്കാതെയാണ് പ്രവൃത്തിക്ക് അനുമതി നൽകിയതെങ്കിൽ മേൽ ഉദ്യോഗസ്ഥൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്. ആയതിനാൽ ഭാവിയിൽ യഥാർത്ഥ തനത് ഫണ്ട് മിച്ചം മാത്രം കണക്കാക്കി പ്രൊജക്റ്റുകൾ തയ്യാറാക്കേണ്ടതാണ്.

## 1-55 ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മാണം - ശുചിത്വ മിഷൻ ഫണ്ട് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതി പ്രകാരം നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ 28 ടോയ്ലറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2133630 രൂപയും ശുചിത്വ മിഷൻ ഫണ്ട് 1164240 രൂപയും വകയിരുത്തിയാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ ശുചിത്വ മിഷൻ ഫണ്ട് നാളിത് വരെ നഗരസഭക്ക് ലഭ്യമായിട്ടില്ല.

പ്രൊജക്റ്റ് പ്രകാരം 28 യൂണിറ്റുകൾക്കായി ആകെ 3568206 രൂപ രണ്ട് ബില്ലുകളിലായി നഗരസഭ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പ്രൊജക്റ്റ് 246/22

സ്ഥാപനം . മോഡേൺ ഡിസ്ട്രോപോളിസ് ലിമിറ്റഡ്. ആനക്കയം

ഇൻവോയ്സ്. SER/004/20-21/28.11.2020 തുക 2070000 (12 എണ്ണം 172500 നിരക്കിൽ)

ഇൻവോയ്സ്. SER/103/18-19/12.2.2019 തുക 2887500 (11 എണ്ണം 180000 നിരക്കിൽ, 4 എണ്ണം 172500 നിരക്കിൽ, ഒന്ന് 217500 രൂപ)

ബിൽ 21150347001801033597/28.1.2022 തുക 1434576

ബിൽ 18150347001801474490/22.3.2019 തുക 2133630

ഓഡിറ്റ് കാലയളവിൽ 12 ടോയ്‌ലറ്റ് യൂണിറ്റുകൾ സ്ഥാപിച്ചതിന് ചെലവഴിച്ച 2070000 രൂപയിൽ ശുചിത്വ മിഷൻ ഫണ്ടായി ലഭിക്കേണ്ട 764004 രൂപ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നഗരസഭ സംസ്ഥാന ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് PW-16212/18 തീയ്യതി 15.3.2022 നമ്പറായി കത്തയച്ചതിന് - പദ്ധതി പ്രകാരം സ്ഥാപിച്ച ടോയ്‌ലറ്റുകൾ പോർട്ടപിൾ/മോഡുലാർ ടൈപ്പ് ആണെന്നും ടി യൂണിറ്റുകളിൽ നിർമ്മാണ പ്രവൃത്തികൾ ഉൾപെട്ടിട്ടില്ലാത്തതിനാലും ആയതിന്റെ സ്പെസിഫിക്കേഷൻ ശുചിത്വ മിഷൻ അംഗീകരിച്ചിട്ടില്ലാത്തതിനാലും നിലവിൽ ലഭ്യമാക്കിയ ബിൽ പരിശോധിക്കാൻ സാധിക്കുന്നില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. ടെണ്ടർ നടപടി ക്രമങ്ങളുടെ രേഖകൾ സമർപ്പിക്കാനും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രസ്തുത മറുപടിയിലുണ്ട്.

ശുചിത്വ മിഷൻ അംഗീകാരമില്ലാത്ത സ്പെസിഫിക്കേഷൻ പ്രകാരം ടോയ്‌ലറ്റ് സ്ഥാപിച്ചതിനാലാണ് ഫണ്ട് ലഭ്യമാവാൻ വൈകിയത് എന്ന് വ്യക്തമാണ്. ശുചിത്വ മിഷൻ ആവശ്യപ്പെട്ട രേഖകൾ സമർപ്പിച്ച് പ്രൊജക്ടിൽ വകയിരുത്തിയ 764004 രൂപ എത്രയും വേഗം ലഭ്യമാവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതി പ്രകാരം മനഴി സ്റ്റാന്റിൽ 5 ടോയ്‌ലറ്റുകൾ (172500 പ്രകാരമുള്ളവ) സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധന നടത്തിയപ്പോൾ ടോയ്‌ലറ്റുകൾ കാണാനായില്ല. പ്രസ്തുത ടോയ്‌ലറ്റുകൾ മറ്റെവിടേക്കെങ്കിലും മാറ്റി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-56 ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ്, അളവ് പുസ്തകം, അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് പ്രവൃത്തികളുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ചെലവ് തുക |
|---|---|---|
| 1 | മംഗലം കുളം നവീകരണം (214/22)<br>ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ് | 496124 |
| 2 | കുന്നപ്പള്ളി ഹെൽത്ത് സെന്റർ പൂർത്തീകരണം(219/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 499000 |
| 3 | നഗരസഭ കുടുംബശ്രീ ഓഫീസ് ഇന്റീരിയർ പാർട്ടീഷൻ ഡോർ അനുബന്ധ പ്രവൃത്തികൾ (229/22) ഫണ്ട് - പ്ലാൻ ജനറൽ | 200000 |
| 4 | കുണ്ടൻചോല അങ്കത്ത് വരെ റീ ടാറിങ് (331/22) ഫണ്ട് - പ്ലാൻ ജനറൽ | 589195 |
| 5 | ലൈഫ് ഭവന സമുച്ചയത്തിൽ അഴുക്ക് ചാൽ നിർമ്മാണം (432/22)<br>ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1372856 |
| 6 | പുഷ്പഗിരി പാലം പുനർ നിർമ്മാണം (434/22) ഫണ്ട് - പ്ലാൻ ജനറൽ | 208043 |
| 7 | ജി.എം.എച്ച്.എസ്.എസ് റൂഫ് കവറിങ് ഒന്നാം ഘട്ടം (465/22)<br>ഫണ്ട്. മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 489000 |
| | ആകെ | 3854218 |

ഓഡിറ്റ് എൻക്വയറി 44/21-22/20.3.2023 നൽകിയിട്ടും പ്രസ്തുത ഫയലുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 3854218/-രൂപ തടസ്സം ചെയ്യുന്നു.

## 1-57 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് -കണക്കുകൾ കഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെരിന്തൽമണ്ണ ശാഖയിൽ ഉള്ള 67312375561 നമ്പർ അക്കൗണ്ടിൽ, പരിശോധനക്ക് ലഭ്യമാക്കിയ പത്രിക പ്രകാരം 30.7.2022ൽ 256292രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. 8.1.2022 മുതൽ 4.7.22വരെ യുള്ള പത്രികയാണ് ബാങ്ക് ലഭ്യമാക്കിയിട്ടുള്ളത്. ഈ ബാങ്ക് അക്കൗണ്ടിലെ പണമിടപാടുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുമില്ല. ഈ -ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുകയാണ് ഇതെന്ന് മനസ്സിലാവുന്നു. പ്രസ്തുത തുക നഗരസഭയിലേക്ക് കൈമാറേണ്ടതും അക്കൗണ്ടിൽ വരവ് വരുന്ന തുകകളും, അക്കൗണ്ടിൽ നിന്ന് പിൻവലിക്കുന്ന തുകകൾ സംബന്ധിച്ച വിവരങ്ങളും കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പി.വി.സി പൈപ്പ്, ഫിറ്റിങ്ങ്സ് എന്നിവക്ക് അധിക നിരക്ക് നൽകി - നഗരസഭക്ക് 3.10 ലക്ഷം രൂപയുടെ

നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന സമുച്ചയത്തിൽ കുടിവെള്ള സൗകര്യം പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിയുടെ ഭാഗമായി പി.വി.സി പൈപ്പ്, ബെന്റ്, മറ്റ് ഫിറ്റിങ്സ് എന്നിവക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം നഗരസഭക്ക് 321886 രൂപയുടെ നഷ്ടം സംഭവിച്ചു.

ഈ പ്രവൃത്തിക്കായി ഒബ്ർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ പി.വി.സി പൈപ്പിന്റെയും മറ്റ് ഫിറ്റിങ്സുകളുടെയും മാർക്കറ്റ് നിരക്കിനൊപ്പം തെറ്റായി കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് നൽകിയതും കൂലി, ബെൽഡാർ തുടങ്ങിയ ഇനങ്ങൾക്കുള്ള നിരക്ക് 2018 DSR പ്രകാരമുള്ളത് ഉൾപെടുത്തിയത് കാരണവുമാണ് അധിക നിരക്ക് നൽകാനിടയാത്. ഈ ഇനത്തിൽ നഗരസഭക്ക് അധിക ചെലവ് വരുത്തിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|
| ലൈഫ് ഭവന സമുച്ചയത്തിൽ കുടിവെള്ള സൗകര്യം പൈപ്പ് ലൈൻ നീട്ടൽ (431/22)<br>ബിൽ 2115034700180146075O/28.3.2022 തുക 796148<br>സാങ്കേതികാനുമതി 792288/21.10.2020<br>കരാർ 303/19.2.2021<br>കോൺട്രാക്ടർ. ശ്രീ.ഹുസൈൻ.എം<br>അളവ് പുസ്തകം 261/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 90mm Dia പി.വി.സി പൈപ്പ് 986m | 640663 @649.76/m | 392320 @ 397.89/m | 278144 (248343+29801) |
| | 90mm Dia പി.വി.സി പൈപ്പ് ഫിറ്റിങ് 68m | 39013 @573.73/m | 23920 @351.76/m | 16904 (15093+1811) |
| | 90mm Dia പി.വി.സി ബെന്റ് 68 | 18548 @272.76/each | 9580 @140.88/each | 10044 (8968+1076) |
| | 90mm Dia പി.വി.സി ടീ 36 | 11231 @311.98/each | 6096 @169.33/each | 5751 (5135+616) |
| ആകെ | | | | 310843 |

ഇനം 1 നൽകാവുന്ന തുക ഒബ്സർവ്ഡ് ഡാറ്റ 50.18.9.8.2 ൽ നിന്ന് തയ്യാറാക്കിയത്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR54 | PVC Pipe 110mm Dia 6kgf | M | 10.5 | 211 | 2215.50 |
| 116 | Fitter(grade 1) | Day | 0.25 | 487 | 121.75 |
| 0114 | Beldar | Day | 0.66 | 368 | 242.88 |
| 0114 | Beldar | Day | 0.66 | 368 | 242.88 |
| 0115 | Cooli | Day | 0.66 | 368 | 242.88 |
| Total | | | | | 3065.89 |
| Cost For 10M | | | | | 3065.89 |
| Add Water Charge1% | | | | | 30.66 |
| Add CPOH 15% | | | | | 464.48 |
| Cost For 1 Metre | | | | | 356.10 |
| Cost Index 31.06% (Excluding MR Rs. 2215.50) | | | | | 41.79 |
| Total | | | | | 397.89 |

ഇനം 2 നൽകാവുന്ന തുക ഒബ്സർവ്ഡ് ഡാറ്റ 50.18.9.18.1 ൽ നിന്ന് തയ്യാറാക്കിയത്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR54 | PVC Pipe 110mm Dia 6kgf | M | 10.5 | 211 | 2215.50 |
| 9999 | Sundries (Carriage) | Ls | 22.53 | 1.73 | 38.98 |
| 9999 | Sundries (Adhessive) | Ls | 10.27 | 1.73 | 17.77 |
| 0116 | Fitter | Day | 0.32 | 487 | 155.84 |
| 0114 | Beldar | Day | 0.62 | 368 | 228.16 |
| 0100 | Bandari | Day | 0.13 | 407 | 52.91 |
| 9999 | Sundries (Scaffolding | Ls | 30.98 | 1.73 | 53.60 |

| | |
|---|---|
| Total | 2762.76 |
| Cost For 10M | 2762.76 |
| Add Water Charge1% | 27.63 |
| Add CPOH 15% | 418.56 |
| Cost For 1 Metre | 320.90 |
| Cost Index 31.06% (Excluding MR Rs. 2215.50) | 30.86 |
| Total | 351.76 |

ഇനം 3 നൽകാവുന്ന തുക ഒബ്സർവ്ഡ് ഡാറ്റ 50.18.9.21.4 ൽ നിന്ന് തയ്യാറാക്കിയത്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR80 | PVC Bend 110mm Dia | 1 | 90 | 90 | 90.00 |
| 9999 | Sundries (Carriage) | Ls | 2.73 | 1.73 | 4.72 |
| 9999 | Sundries (Adhessive) | Ls | 9.36 | 1.73 | 16.19 |
| Total | | | | | 110.91 |
| Add Water Charge1% | | | | | 1.11 |
| Add CPOH 15% | | | | | 16.80 |
| Cost Index 31.06% (Excluding MR Rs. 90) | | | | | 12.06 |
| Total | | | | | 140.88 |

ഇനം 4 നൽകാവുന്ന തുക ഒബ്സർവ്ഡ് ഡാറ്റ 50.18.9.21.5 ൽ നിന്ന് തയ്യാറാക്കിയത്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR81 | PVC Tee 110mm Dia | 1 | 112 | 112 | 112.00 |
| 9999 | Sundries (Carriage) | Ls | 3.41 | 1.73 | 5.90 |
| 9999 | Sundries (Adhessive) | Ls | 9.36 | 1.73 | 16.19 |
| Total | | | | | 134.09 |
| Add Water Charge1% | | | | | 1.34 |
| Add CPOH 15% | | | | | 20.31 |
| Cost Index 31.06% (Excluding MR Rs. 112) | | | | | 13.59 |
| Total | | | | | 169.33 |

കുറിപ്പ് - പി.വി.സി പൈപ്പ് മറ്റ് ഫിറ്റിങ്സുകൾ എന്നിവയിൽ 90mm Dia യുടെ നിരക്ക് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാൽ 110mm Dia (6kgf/cm$^2$) യുടെ നിരക്കുകളാണ് നൽകാവുന്ന നിരക്കായി ഡാറ്റയിൽ ഉൾപെടുത്തിയിട്ടുള്ളത്. ഫിറ്റർ, മറ്റ് ചാർജ്ജുകൾ എന്നിവ 75mm Dia യുടെതുമാണ് ഉപയോഗിച്ചിട്ടുള്ളത്.

പ്രവൃത്തിക്കായി നഗരസഭ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഫിറ്റർ മറ്റ് ചാർജ്ജുകൾ എന്നിവ 2018 DSR പ്രകാരമുള്ളതും 75mm Dia യുടേതുമാണ്. പൈപ്പ്, മറ്റ് ഫിറ്റിങ്സ് എന്നിവയുടെ നിരക്കുകൾ യഥാക്രമം MR 53, 52 എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ പ്രൈസ് സോഫ്റ്റ്‌വെയറിലെ നിരക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് എൻക്വയറി 26/21-22/20.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 3,10,843 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 റോഡ് നിർമ്മാണം- മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒടിയൻ ചോല ഫ്ലാറ്റ് റോഡ് സോളിങ്, മെറ്റലിങ്, ടാറിങ്, കോൺക്രീറ്റിങ്, കൾവർട്ട്, ഡ്രൈനേജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ അപ്പൻഡിക്സ് 3 ഇനം 1 ആയി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി മണ്ണ് കിളച്ചെടുത്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 3.5.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് മാന്വലായി (Excavation For Road Way In Soil Using Manual Means) പ്രവൃത്തി ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തിയില് ഉൾപെടുത്തി റോഡ് നിർമ്മാണത്തിന് വേണ്ടി 68മീറ്റർ നീളത്തിൽ 5 മീറ്റർ വീതിയിൽ ശരാശരി 77.5cm ആഴത്തിലും മൺ തിട്ട നീക്കം ചെയ്യുന്ന പ്രവൃത്തി കൂടി ചെയ്തിട്ടുണ്ട്. ഇത് റോഡ് നിർമ്മാണത്തിനായി ചെയ്ത പ്രവൃത്തിയാണ്. നഗരസഭ ഓവർസിയർമാരുടെ സാന്നിധ്യത്തിൽ ഈ പ്രവൃത്തി ചെയ്ത സ്ഥലം പരിശോധിക്കുകയും സ്ഥല പരിശോധന റിപ്പോർട്ടിൽ അവർ ഇക്കാര്യം സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി യന്ത്ര സഹായത്തോടെ (Mechanical Means) ചെയ്യാവുന്ന പ്രവൃത്തിയാണ്. യന്ത്ര സഹായത്തോടെ (Mechanical Means) ചെയ്യുന്നതിന് 60.54/m$^3$ മാത്രമാണ് ചെലവ് വരുന്നത്. അപ്രകാരം ചെയ്യാതെ മാന്വലായി ചെയ്തതിന് എസ്റ്റിമേറ്റിൽ പ്രത്യേക കാരണമൊന്നും രേഖപ്പെടുത്തിയിട്ടുമില്ല. ഈ ഇനത്തിൽ നഗരസഭക്ക് അധിക ചെലവ് വരുത്തിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക (കോഡ് 3.5.1) | നൽകാവുന്ന തുക (കോഡ് 3.5.2) | അധികം (12% GST അടക്കം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഒടിയൻ ചോല ഫ്ലാറ്റ് റോഡ് സോളിങ്, മെറ്റലിങ്, ടാറിങ്, കോൺക്രീറ്റിങ്, കൾവർട്ട്, ഡ്രൈനേജ് നിർമ്മാണം ( ഫയൽ PW1-18777/19)<br>ചെക്ക് 174/21.4.2021 തുക 1000000<br>സാങ്കേതികാനുമതി 115478/4.3.2020<br>കരാർ 6/20.5.2020 (17.7% കുറവ്)<br>കോൺട്രാക്ടർ. ശ്രീ.ഹുസൈൻ.എം<br>അളവ് പുസ്തകം 10/18-19<br>കോസ്റ്റ് ഇൻഡക്സ് 31.06% | $264m^3$ | 49650<br>@$188.07/m^3$<br>17.7% ടെണ്ടർ കുറവിന് ശേഷം നൽകിയത്.<br>എസ്റ്റിമേറ്റ് നിരക്ക്<br>@$228.52/m^3$ | 13152<br>@ $49.82/m^3$<br>17.7% ടെണ്ടർ കുറവിന് ശേഷം നൽകിയത്.<br>3.5.2 പ്രകാരമുള്ള നിരക്ക്<br>@$60.54/m^3$ | 40878<br>(36498+4380) |

ഓഡിറ്റ് എൻക്വയറി 41/20.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 40,878 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 സംരക്ഷണ ഭിത്തി നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കോലോതൊടി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം (458/22) എന്ന പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കോളനിയിലെ വീടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ള ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ല എന്ന് നഗരസഭ ഓവർസിയർമാരുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ ഓവർസിയർമാർ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ പ്രവൃത്തിക്ക് DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയതും DSR പ്രകാരമുള്ള പ്രവൃത്തിയായിട്ടാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കോലോതൊടി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം (458/22)<br>CO 22339914187/22.2.23 തുക 419001<br>ബിൽ 21150347001801506391/29.3.2022 തുക 50000<br>അളവ് പുസ്തകം 295/20-21<br>കരാറുകാരൻ ശ്രീ. എം.ഹുസൈൻ<br>കരാർ. 50/9.3.2022<br>കോസ്റ്റ് ഇൻഡക്സ് 36.44% | എർത് വർക് എസ്കവേഷൻ<br>$19.215m^3$ | 6931<br>@$360.73/m^3$ | 5742<br>@298.84<br>DSR 2.8.1 | 1189 |
| | ഡ്രൈറബ്ൾ മേസനറി<br>$74.133m^3$ | 271332<br>@$3660.07/m^3$ | 260454<br>@$3513.33/m^3$<br>OD-60.7.1 | 10878 |
| | റാന്റം റബ്ൾ മേസനറി<br>$15.091m^3$ | 105772<br>@7008.97 | 101365<br>@6716.93<br>OD | 4407 |
| | പോയിന്റിങ് ഓൺ സ്റ്റോൺ വർക്ക്<br>$98.055m^2$ | 34715<br>@$354.04/m^2$ | 33269<br>@$339.29/m^3$<br>OD | 1446 |
| ആകെ | | | | 17920 |
| 12% GST തുക അടക്കം | | | | 20070 |

ഓഡിറ്റ് എൻക്വയറി 43/20-21 /20.3.2023 നൽകിയതിന് -അധിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

അധികം നൽകിയ 20,070 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 ഗവ.ഹയർ സെക്കന്ററി സ്കൂൾ പെയിന്റിങ് - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗവ.ഹയർ സെക്കന്ററി സ്കൂൾ പെയിന്റിങ് എന്ന പ്രവൃത്തിയുടെ ഇനം 4 ആയി പെയിന്റിങ്ങിനായി ഉപയോഗിച്ച സ്കഫോൾഡിങ്ങിന് DSR 14.72 പ്രകാരം $196.20/m^2$ തുക നൽകിയിട്ടുണ്ട്. ഈ ഡാറ്റയിൽ ഈ പ്രവൃത്തിയുടെ മറ്റിനങ്ങൾക്കായി സ്കഫോൾഡിങ് ഉപയോഗിക്കുന്നുണ്ടെങ്കിൽ പ്രസ്തുത ഡാറ്റയിൽ നിന്ന് സ്കഫോൾഡിങ് നിരക്ക് കുറവ് ചെയ്താണ് ബിൽ തുക നൽകേണ്ടതെന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ സ്കഫോൾഡിങ് എത്ര ദിവസം ഉപയോഗിച്ചാലും ഇതേ നിരക്ക് തന്നെയാണ് നൽകേണ്ടതെന്നും, കൂടുതൽ നൽകേണ്ടതില്ല എന്നും ഈ ഡാറ്റയുടെ വിശദാംശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (The Payment Will Be Made Once Irrespectiveof Duration Of Scaffolding).

ഇതേ പ്രവൃത്തിയുടെ ഇനം 2 ആയി കെട്ടിടത്തിന്റെ ചുമരിൽ പ്ലാസ്റ്റർ ഓഫ് പാരീസ് പുട്ടി ഉപയോഗിച്ച് ഫിനിഷിങ് പ്രവൃത്തി ചെയ്തതിന് നൽകിയ നിരക്കിൽ (DSR 13.26) സ്കഫോൾഡിങ്ങിനുള്ള നിരക്ക് ഉൾപെടുന്നുണ്ട്. സ്കഫോൾഡിങ്ങിനുള്ള നിരക്ക് കുറവ് ചെയ്യാതെയാണ് ഈ പ്രവൃത്തിക്ക് തുക നൽകിയിട്ടുള്ളത്. സ്കഫോൾഡിങ് നിരക്ക് കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ

അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/18.3.2023 നൽകിയതിന് ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. DSR 14.72 പ്രകാരമുള്ള സ്കഫോൾഡിങ് 10 മീറ്ററിലധികം ഉയരമുള്ള കെട്ടിടങ്ങളുടെ പുറം ഭാഗം പെയിന്റ് ചെയ്യുന്നതിന് ഒഴിച്ച് കൂടാനാവാത്തതാണ്.

2. DSR 13.26 ൽ എത്ര ഉയരം വരെയുള്ളതിന് ഈ നിരക്ക് ഉപയോഗിക്കാമെന്നത് സംബന്ധിച്ച് പ്രസ്തുത ഡാറ്റയിൽ വ്യക്തമായ പരാമർശങ്ങൾ കാണുന്നില്ല.

മുകളിൽ പരാമർശിച്ച രണ്ട് ഡാറ്റകളിലും കെട്ടിടത്തിന്റെ ഉയരം പരാമർശിക്കുന്നില്ല. ഓഡിറ്റ് പരാമർശങ്ങളെ ഖണ്ഡിക്കാവുന്ന മറുപടികളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12% GST ഉൾപ്പെടെ) |
|---|---|---|---|---|
| പെയിന്റിങ് & അദർ ഫിനിഷിങ് വർക് ഫോർ ഗവ. ഹയർ സെക്കന്ററി സ്കൂൾ PWD ബ്ലോക്ക് ഫയൽ PW1-1070/20(4)<br>ചെക്ക് 1154568/17.8.2021 തുക 286606<br>ചെക്ക് 1154569/17.8.2021 തുക 13394<br>ചെക്ക് 1154570/9.11.2021 തുക 382144<br>ചെക്ക് 1154571/9.11.2021 തുക 17856<br>ചെക്ക് 1154575/ 2.3 .2022 തുക 262224<br>ചെക്ക് 1154576/2.3 .2022 തുക 12276<br>സാങ്കേതികാനുമതി 336/17.4.2020<br>കരാർ 186/17.9.2020<br>കൺവീനർ. ശ്രീ.വിനോദ്.വി<br>അളവ് പുസ്തകം 469/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | പ്ലാസ്റ്റർ ഓഫ് പാരീസ് 755.47m$^2$ | 109860<br>@145.42/m $^2$ | 94245<br>@124.75/m$^2$<br>DSR 13.26 പ്രകാരമുള്ള പ്രവൃത്തിയിൽ നിന്ന് സ്കഫോൾഡിങ്ങിനുള്ള നിരക്ക്<br>@20.67/m $^2$<br>കുറവ് ചെയ്ത് നൽകാവുന്ന നിരക്ക് .<br>എസ്റ്റിമേറ്റ് നിരക്ക് 145.42/m $^2$ | 17489<br>(15615+1874) |
| പെയിന്റിങ് & അദർ ട 150 ആനുവൽ മെമ്മോറിയൽ ബിൽഡിങ് അറ്റ് ഗവ. ഹയർ സെക്കന്ററി സ്കൂൾ വിജയരാഘവൻ ബ്ലോക്ക് ഫയൽ PW1-1070/20(5)<br>ചെക്ക് 1154566/8.4.2021 തുക 525000<br>സാങ്കേതികാനുമതി<br>കരാർ 46/7.7.2020<br>കൺവീനർ. ശ്രീ.പി.മുഹമ്മദ് മുസ്ഥഫ<br>അളവ് പുസ്തകം /19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 442.94m$^2$ | 64412<br>@145.42/m $^2$ | 55257<br>@ 124.75/m$^2$<br>DSR 13.26പ്രകാരമുള്ള പ്രവൃത്തിയിൽ നിന്ന് സ്കഫോൾഡിങ്ങിനുള്ള നിരക്ക്<br>@20.67/m $^2$<br>കുറവ് ചെയ്ത് നൽകാവുന്ന നിരക്ക് | 9155<br>(ഈ പ്രവൃത്തിയിൽ മൂല്യ നിർണ്ണയ തുകയോടൊപ്പം 12%GST നൽകിയിട്ടില്ല) |
| | | | ആകെ | 26644 |

അധികം നൽകിയ 26,644 രൂപ അടങ്കൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 ഓട്ടുപാറ കോവിലകം പടി പാടം റോഡ് നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഓട്ടുപാറ കോവിലകം പടി പാടം റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ അപ്പൻഡിക്സ് 2 ഇനം 2 ആയി ഡ്രൈനേജിന്റെ സ്ലാബ് സ്ഥാപിക്കുന്നതിനായി 18 തൊഴിലാളികൾക്ക് പ്രത്യേകമായി കൂലി നൽകിയിട്ടുണ്ട്. Man Cooli Engaged For Removing/ Replacing/ Placingof The Cover Slab എന്ന് രേഖപ്പെടുത്തിയാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി 884.29/each പ്രകാരം ഈ പ്രവൃത്തിക്ക് നിരക്ക് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ അങ്ങിനെ പ്രത്യേകമായി സ്ലാബ് സ്ഥാപിക്കുന്നതോ, നീക്കം ചെയ്യുന്നതോ ആയ ഒരു പ്രവൃത്തിയും എസ്റ്റിമേറ്റിൽ ഇല്ല. അപ്പൻഡിക്സ് 1 ഇനം പ്രകാരം ഡ്രൈനേജിന് സ്ലാബ് നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത സ്ലാബ് ഡ്രൈനജിന് മുകളിൽ വെച്ച് തന്നെ നിർമ്മിക്കാവുന്നതാണ്. മാത്രമല്ല സമാന പ്രവൃത്തിയിൽ നഗരസഭയിലും ജില്ലയിലെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഇത്തരത്തിൽ സ്ലാബ് സ്ഥാപിക്കുന്നതിന് പ്രത്യേകമായി നിരക്ക് അനുവദിച്ചിട്ടുമില്ല.

സ്ലാബ് സ്ഥാപിക്കുന്നതിന് 18 തൊഴിലാളികൾക്ക് പ്രത്യേകമായി കൂലി നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 24 /21-22 /20.3.2023 നൽകിയതിന് സ്ലാബ് കോൺക്രീറ്റ് ചെയ്യുന്നത് ഡ്രൈനേജിന് മുകളിൽ വെച്ചല്ല എന്നും റോഡിൽ തടസ്സങ്ങൾ ഇല്ലാതിരിക്കാൻ സൈറ്റിൽ നിന്ന് മാറി മറ്റൊരു സ്ഥലത്ത് വെച്ച് കോൺക്രീറ്റ് ചെയ്ത് ഡ്രൈനേജിന് മുകളിലേക്ക് കൊണ്ട് വന്ന് വെക്കുകയായിരുന്നു എന്ന് മറുപടി ലഭ്യമാക്കി.

ഡ്രൈനേജ് ബെഡ്, സ്ലാബ് എന്നിവയും കോൺക്രീറ്റിലാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത ഡ്രൈനേജിന്റെ മുകളിൽ വെച്ച് സ്ലാബ് കോൺക്രീറ്റ് ചെയ്യുന്നതിന് പ്രത്യേക തടസ്സമൊന്നുമില്ല എന്ന് വ്യക്തമാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല. ഈ ഇനത്തിൽ നൽകിയ അധിക തുക 17827 ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, | നൽകിയ തുക | ഈടാക്കേണ്ട തുക 12% GST അടക്കം |
|---|---|---|---|
| ഓട്ടുപാറ കോവിലകം പടി പാടം റോഡ് നിർമ്മാണം (196/22)<br>CO 32287058775/30.3.2022 തുക 225000<br>വൗച്ചർ 42/3-22<br>സാങ്കേതികാനുമതി 77883/22.1.2022<br>കരാർ 47/9.3.2022<br>കോൺട്രാക്ടർ. ശ്രീ.ഷമീർ ബാബു. വി<br>അളവ് പുസ്തകം 33/20-21<br>കോസ്റ്റ് ഇൻഡക്സ് 36.44% | കൂലി<br>18 Nos | 15917<br>@884.29 /m | 17827<br>(15917+1910) |

അധികം നൽകിയ തുക 17,827 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-6 റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വളപ്പിൽ ഹംസ റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഭാഗമായി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് MoRD സ്പെസിഫിക്കേഷൻ അംഗീകൃത ഒബ്സർവ്ഡ് കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്.

എന്നാൽ ഈ പ്രവൃത്തിയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്തിട്ടില്ല എന്ന് നഗരസഭ ഓവർസിയറുടെ സാന്നിധ്യത്തിൽ 20.3.2023 തീയ്യതിയിൽ മേൽ പ്രവൃത്തികൾ നേരിൽ സന്ദർശിച്ചപ്പോൾ വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ ഇക്കാര്യം അവർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സിമന്റ് കോൺക്രീറ്റ് അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | വളപ്പിൽ ഹംസ റോഡ് കോൺക്രീറ്റ് ( 463/22)<br>ബിൽ CO 3223887439/11.3.2022<br>തുക 396785 (CFC)<br>കരാർ 56/4.2.2022<br>അളവ് പുസ്തകം 253/21-22<br>കോൺട്രാക്ടർ ശ്രീ.നജീബ്.ഇ.കെ<br>കോസ്റ്റ് ഇൻഡക്സ് 36.44% | 38.10$m^3$ | 318450<br>@8358.28/$m^3$ | 306202<br>@8036.81/$m^3$ | 13718<br>(12248+1470) |

അധിക തുക അനുവദിച്ചതിന് ഓഡിറ്റ് എൻക്വയറി 42 /2021-22/20.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 13,718 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-7 ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചത് ക്രമ വിരുദ്ധം

Central Goods And Services Tax Act, 2017 [Central Act 13 Of 2017], Kerala State Goods And Services Tax Act, 2017 [State Act 20 Of 2017] എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് ജി.എസ്.ടി കോംപൻസേഷൻ നൽകാൻ പാടില്ല.

എന്നാൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തി ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തിയിട്ടുള്ളത്. രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർക്ക് ജി.എസ്.ടി ഇനത്തിൽ ടാക്സ് അടവാക്കുന്നതിന് മൂല്യ നിർണ്ണയ തുകയുടെ 12% കോംപൻസേഷൻ അനുവദിച്ച നൽകിയിട്ടുണ്ട്. ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് പിരിച്ചെടുക്കുന്ന ടാക്സ് അടവാക്കാൻ കഴിയാത്തതിനാൽ കോംപൻസേഷൻ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല.

കൂടാതെ മേൽ ആക്ടുകളുടെ സെക്ഷൻ 32(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾ ടാക്സ് കളക്ട് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട് [Section 32 (1) -Prohibition Of Unauthorised Collection Of Tax]. കൂടാതെ ആക്ടിന്റെ സെക്ഷൻ 9(3), (4) എന്നിവ പ്രകാരം [Section 9- Levy And Collection Of Tax] രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തിയിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആയതുമായി ബന്ധപ്പെട്ട നികുതി [റിവേഴ്സ് ചാർജ് പ്രകാരം -Section 3(98)- Reverse Charge], രജിസ്ട്രേഷൻ ഉള്ള വ്യക്തി (Recipient) സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർക്ക് ടാക്സ് അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. കൺവീനറുടെ GST രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കുകയോ അല്ലെങ്കിൽ ജി.എസ്.ടി ഇനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അനുവദിച്ച് നൽകിയ 104464 രൂപ തിരികെ ഈടാക്കി, സെക്ഷൻ 9(3), (4) എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാറിലേക്ക് നേരിട്ട് അടവാക്കി വിവരം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് വിവരം | മൂല്യ നിർണ്ണയ തുക | GST ഇനത്തിൽ നൽകിയ തുക |
|---|---|---|
| പെയിന്റിങ് & അദർ ഫിനിഷിങ് വർക് ഫോർ ഗവ. ഹയർ സെക്കന്ററി സ്കൂൾ PWD ബ്ലോക്ക് ഫയൽ PW1-1070/20(4)<br>ചെക്ക് 1154568/17.8.2021 തുക 286606<br>ചെക്ക് 1154569/17.8.2021 തുക 13394<br>ചെക്ക് 1154570/9.11.2021 തുക 382144<br>ചെക്ക് 1154571/9.11.2021 തുക 17856<br>ചെക്ക് 1154575/2.3.2022 തുക 262224<br>ചെക്ക് 1154576/2.3.2022 തുക 12276<br>കരാർ 186/17.9.2020<br>കൺവീനർ. ശ്രീ.വിനോദ്.വി<br>അളവ് പുസ്തകം 469/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 870536/- | 104464/- |

ഓഡിറ്റ് എൻക്വയറി 20/21-22/20.3.2023 നൽകിയതിന് പ്രവൃത്തിയുടെ GST തുക 32AAAGGG0535K1ZS നമ്പർ ഉപയോഗിച്ച് അടവാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.
കൺവീനറിൽ നിന്ന് ഈടാക്കിയ 2% GST തുക അടവാക്കിയതിന്റെ രേഖകളാണ് മറുപടിയോടൊപ്പം ലഭ്യമാക്കിയത്. GST രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർക്ക് 12% GST തുക അനുവദിച്ചതാണ് ഖണ്ഡികയിലെ പരാമർശം. കൺവീനർ GST രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ 1,04,464 രൂപ ബിൽ തുക നൽകിയ സെക്രട്ടറിയുടെ ബാധ്യതയായി ചുമത്തുന്നു.

## 3-8 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വാർഡ് 8 ലെ അംഗൻവാടി അധിക സൗകര്യങ്ങളൊരുക്കൽ എന്ന പ്രവൃത്തിയുടെ ഭാഗമായി റെക്ടാങ്കുലർ പൈപ്പ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചതിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തി സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാവുന്നു. കൂടാതെ ആകെ ഉപയോഗിച്ചതിൽ 166.48Kg പർലിൻ ആണ്. ഇതിന് സിംഗിൾ സെക്ഷന് ബാധകമായ നിരക്കാണ് നൽകാവുന്നത് എന്ന് വ്യക്തമാണ്. തെറ്റായ ഡാറ്റ പ്രകാരമുള്ള തുക നൽകിയതിന് വിശദീകരണം നൽകുകയോ അല്ലാത്ത പക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | യഥാർത്ഥ അളവ് | നൽകിയ തുക (ഒബ്സർവ്ഡ് ഡാറ്റ 50.10.1 പ്രകാരം) | നൽകാവുന്ന തുക (ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരം) | അധികം (12%GST ഉൾപ്പെടെ) |
|---|---|---|---|---|
| വാർഡ് 8 ലെ അംഗൻവാടി അധിക സൗകര്യങ്ങളൊരുക്കൽ (322/22)<br>ബിൽ 2115034700180859744/29.12.21 തുക 199057<br>സാങ്കേതികാനുമതി 105160/21.2.2020 | 314.30Kg | 41255<br>@131.26/Kg | 33592<br>@106.88/Kg | 8583<br>(7663+920) |

| | | | | |
|---|---|---|---|---|
| കരാർ 122/4.3.2020<br>കോൺട്രാക്ടർ. ശ്രീ.മുഹമ്മദ് റഫീഖ്.ടി<br>അളവ് പുസ്തകം 175/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |

ഓഡിറ്റ് എൻക്വയറി 19/21-22/18.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 8,583 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ ഓവർ ഹെഡ് ചാർജ് ഈടാക്കിയതിൽ കുറവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി നഗരസഭക്ക് 37847രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യുന്നതിന് പകരം 2.5% മാത്രം കുറവ് ചെയ്താണ് കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പെയിന്റിംഗ് (383/22)<br>ബിൽ 211503470018006632O1/17.11.21<br>തുക 500000<br>കരാർ 309/23.2.2021<br>കൺവീനർ . ശ്രീമതി ശോഭ.എൻ.ജി<br>അളവ് പുസ്തകം 168/20-21,95/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 866508 | 40303 | 21663 | 18640 |
| ആകെ | | | | 18640 |

ഓഡിറ്റ് എൻക്വയറി 20/21-22/18.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 18,640 രൂപ ബിൽ തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-10 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി ഓവർ ഹെഡ് ചാർജ് ഈടാക്കിയതിൽ കുറവ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി നഗരസഭക്ക് 37847രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യുന്നതിന് പകരം 2.5% മാത്രം കുറവ് ചെയ്താണ് കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പെയിന്റിങ് & അദർ ഫിനിഷിങ് വർക് ഫോർ ഗവ. ഹയർ സെക്കന്ററി സ്കൂൾ PWD ബ്ലോക്ക് ഫയൽ PW1-1 070/20(4)<br>ചെക്ക് 1154568/17.8.2021 തുക 286606<br>ചെക്ക് 1154569/17.8.2021 തുക 13394<br>ചെക്ക് 1154570/9.11.2021 തുക 382144<br>ചെക്ക് 1154571/9.11.2021 തുക 17856<br>ചെക്ക് 1154575/2.3.2022 തുക 262224<br>ചെക്ക് 1154576/2.3.2022 തുക 12276<br>കരാർ 186/17.9.2020<br>കൺവീനർ. ശ്രീ.വിനോദ്.വി<br>അളവ് പുസ്തകം 469/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 892857 | 41528 | 22321 | 19207 |
| ആകെ | | | | 19207 |

ഓഡിറ്റ് എൻക്വയറി 20/21-22/18.3.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 19,207 രൂപ ബിൽ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-11 റാക്ക് നിർമ്മാണം - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സെൻട്രൽ സ്കൂൾ നിർമ്മാണം എന്ന പ്രവൃത്തികളുടെ ഭാഗമായി റെക്ടാങ്കുലർ പൈപ്പ് ഉപയോഗിച്ച് സ്കൂളിൽ റാക്ക് നിർമ്മിച്ചതിന് DSR കോഡ് 9.48.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്ക് കെട്ടിടങ്ങളിൽ ജനലിന് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. MS റൗണ്ട് ബാർ, ഫ്ലാറ്റ് എന്നിവ ഉപയോഗിച്ചാണ് ഈ പ്രവൃത്തി ചെയ്യുന്നത്. എന്നാൽ ഇവിടെ റെക്ടാങ്കുലർ പൈപ്പ് ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. ഈ ഇനത്തിൽ അധിക തുക നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GSTഉൾപ്പെടെ) |
|---|---|---|---|---|
| സെൻട്രൽ സ്കൂൾ നിർമ്മാണം (100/22)<br>വൗച്ചർ 29/3-22 തീയ്യതി 25.3.2022<br>ബിൽ 21150347001801528183/30.3.2022 തുക 499000<br>സാങ്കേതികാനുമതി 49824/25.10.2021<br>കരാർ 81/8.2.2022<br>കോൺട്രാക്ടർ. ശ്രീ.ശ്രീ.മുഹമ്മദ് റഫീഖ്.ടി<br>അളവ് പുസ്തകം 332/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 175.34Kg | 24044<br>@137.13 /Kg | 18740<br>@106.88/Kg | 5940<br>(5304+636) |

ഓഡിറ്റ് എൻക്വയറി 18 /21-22/18.3.2023 നൽകിയതിന് - മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 5,940 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|
| 2021-22 | 13.03.2023 മുതൽ 21.03.2023 വരെയുള്ള മുനിസിപ്പാലിറ്റിയുടെ ഓഡിറ്റ് കാലയളവിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ നമ്പറും തിയ്യതിയും |

| | | |
|---|---|---|
| | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| തൻവർഷം ഈ ഇനത്തിൽ വരവില്ല. | | | | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ ബിൽ നം/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | പൈപ് ലൈൻ എക്സ്റ്റൻഷൻ | Cc12251078530/27.1.22 | 5440000 (15,90,000 + 38,50,000) | 581299 | പൂർത്തീകരിച്ച<br>പൂർത്തീകരിച്ചിട്ടില്ല | ബാക്കി തുക 1008701 തിരികെ അടവാക്കി യിട്ടുണ്ട്. എന്നാൽ 38,50,000/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| KWA | JJM House Hold Water Connection Design And Survey | CO32258704399/23.03.2022 | 2110000 | - | ലഭ്യമല്ല | 2110000 |
| KSEB | ചെമ്പൻകുന്ന് അംഗൻവാടി മീറ്റർബോർഡ് മാറ്റിവെക്കൽ | 057149/17.04.2021 | 755 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | മീറ്റർബോർഡ് മാറ്റിവെക്കൽ | 057150/17.04.2021 | 784 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | RE Alignment Of HT Line At Old Market | 057163/04.05.21 | 20554 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | Dismantling Service Connection In Old Market | 000201/5.7.21 | 9880 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | Shifting Of LT Line At Moosakutty Memorial Bustand | 061946/28.09.21 | 85141 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | Electricity Temporory Connection At Moosakutty Memorial Bustand | 061963/7.10.21 | 12590 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | 200 KVA Transformer HT, 200 KVA | 662038/18.10.21 | 10340 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| | Generator MV Set And Connected Electric At The Premises Of Municipal Office, PMNA(PW2-13845/21) | | | | | |
| KSEB | Power Requirement Above 10-KVA To The Moosakutty Smaraka Modern Bus Stand(PW1-24825/21) | 062020/04.01.2022 | 11812 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | Inspection Fee And Electricity Duty (PW1-13845/21) | 534067/06.01.2022 | 895 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | Power Requirement In Moosakutty Smaraka Modern Bus Stand(PW1-24825/21) | Vr.No.42100205 | 361268 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | Power Requirement In Moosakutty Smaraka Modern Bus Stand(PW1-24825/21) | 062040/27.01.22 | 6432 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | Realignment LT Line At Vetticolony Ward 16(PW2-9082/21) | 0719991/02.03.2022 | 21609 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | Service Connection LT Normal For Moosakutty Bus Stand (PW1-24825/21) | 072011/15.03.22 | 11354 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/മൂല്യ നിർണ്ണയ വിവരം ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ആധുനിക മാർക്കറ്റ് നിർമ്മാണം (HUDCO വായ്പ) | GO. 2249/2018/LSGD Dtd 14.08.2018 | | 47500000 | 7895460 | 5364952 | 39604540 |
| 2 | ആധുനിക ബസ്സ്റ്റാന്റ് നിർമ്മാണം | GO. (Rt) 1923/18/LSGD Td 20.07.2018 | | 86152024 | 22493591 | 100002868 | 63658433 |
| 3 | ലൈഫ് ഭവന പദ്ധതി (HUDCO വായ്പ) | ലഭ്യമല്ല | | 151493333 | 11653333 | 0 | 139840000 |

കുറിപ്പ്: ബസ്സ്റ്റാന്റ് നിർമ്മാണം വായ്പ നീക്കിയിരിപ്പ് AFS മായി പൊരുത്തപ്പെടുന്നില്ല. തിരിച്ചടക്കാൻ ബാക്കിയുള്ള തുക ബാലൻസ്ഷീറ്റ് പ്രകാരം 63417148/- രൂപയാണ് . എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 63658433 /- രൂപയാണ്. ഹഡ്കോ ലോൺ (മാർക്കറ്റ്)31.3.2021 നീക്കി ബാക്കി AFS പ്രകാരം 42352766 രൂപ യാണെങ്കിലും രജിസറ്റർ പ്രകാരമുള്ള മുന്നിരിപ്പാണ് ചേർത്തിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4049130 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 4049130 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4049130 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| | തുക | രശീതി നം. |
|---|---|---|
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 500000 | 022 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 1000000 | 63/26.10.2016 |
| അർബൺ കോ – ഓപ്പറേറ്റീവ് ബാങ്ക്,പെരിന്തൽമണ്ണ | 2501000 | 21.03.2019 |
| പഞ്ചാബ് നാഷണൽ ബാങ്ക് പെരിന്തൽമണ്ണ | 48130 | 433800 |

കുറിപ്പ്: അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ 21.03.19 ൽ നിക്ഷേപിച്ച 1000/- രൂപയുടെ സ്ഥിര നിക്ഷേപം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFS മായി പൊരുത്തപ്പെടുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തിയ്യതി |
|---|---|---|---|---|
| 2017-18 | 3/28 | 2941 | സാജിദ്.കെ | 121010101225/26.04.21 |
| 2017-18 | 3/28 | 9840 | മുഹമ്മദ് മുസ്തഫ | 121010101226/26.04.21 |
| 2017-18 | 3/28 | 9923 | കൺവീനർ ചീരട്ടമണ്ണ സ്കൂൾ റോഡ് | 121010101227/26.04.21 |
| 2017-18 | 3/2 | 18296 | പ്രസാദ് | 121010101361/28.04.21 |
| 2017-18 | 3/2 | 16929 | രാഘവൻ | 121010101362/28.04.21 |
| 2017-18 | 3/28 | 6084 | സക്കീർ ഹുസൈൻ | 121010101366/28.04.21 |
| 2017-18 | 3/28 | 8949 | കൺവീനർ ലക്ഷം വീട് റോഡ് റീടാറിംഗ് | 121010115211/05.01.2022 |
| 2017-18 | 3/28 | 9833 | മുഹമ്മദാലി | 121010115214/05.01.2022 |
| 2017-18 | 3/28 | 9960 | ഷെർളിജ സി പി | 121010115216/05.01.2022 |
| 2017-18 | 3/28 | 9200 | മുഹമ്മദ് കൊയുണ്ണി | 121010115215/05.01.2022 |
| 2018-19 | 3/2 | 2350 | മധുസൂദനൻ | 121010101228/26.04.2021 |
| 2018-19 | 1/28 | 6170 | ജയപ്രകാശ് കെ ടി | 121010101360/28.04.2021 |
| 2018-19 | 3/2 | 23025 | ജയപ്രകാശ് കെ ടി | 121010101363/28.04.2021 |

| | | | | |
|---|---|---|---|---|
| 2018-19 | 3/2 | 2458 | അയ്യപ്പൻകുട്ടി | 121010101364/28.04.2021 |
| 2018-19 | 3/2 | 9896 | രഞ്ജിത്ത് | 121010101365/28.04.2021 |
| 2018-19 | 3/2 | 25000 | ശോഭ എം എസ് | 121010101362/20.07.2021 |
| 2018-19 | 3/2 | 25000 | സുനന്ദ എൻ എം | 121010101363/20.07.2021 |
| 2018-19 | 1/28 | 2777 | കെ എ അബ്ദുൾ റഷീദ് | 121010115212/05.01.2022 |
| 2018-19 | 3/2 | 15000 | കെ എ അബ്ദുൾ റഷീദ് | 121010115213/05.01.2022 |
| ആകെ | | 213631 | | |

ഓഡിറ്റ് റിക്കവറി ഇനത്തിൽ 4,60,157 / – രൂപ വരവുണ്ട്. ആയതിൽ 246526 /- രൂപ എൻക്വയറി നൽകിയതിനെ തുടർന്ന് അടവാക്കിയിട്ടുണ്ട്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 46, 47 | 2000-01 | മാർക്കറ്റ് സ്റ്റാളിലെ വാടക ഈടാക്കാത്തത് നഷ്ടം 54925 രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 50 | 2003-04 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 63 | 2003-04 | ടാർ വില | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 74 | 2003-04 | സംഗീത ക്രോസ് റോഡ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2007-08 | 3(38) | 2010-11 | -- | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2010-11<br>2011-12 | 2(10) | 2013-14 | ലഘു അവലോകനം (പൊതുമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ്) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2(1) | 2017-18 | -- | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3(26) | 2018-19 | -- | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3(26) | 2018-19 | മരാമത്ത് പ്രവർത്തികളിന്മേൽ കൃത്രിമം കാണിച്ച് 3.69 ലക്ഷം പിൻവലിച്ചു. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ഇല്ല.

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ( രസീത് നമ്പർ/ തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തിയ്യതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | പെരിന്തൽമണ്ണ നഗര | 2001-02 | 3(4) | സന്തോഷ്.ടി സെക്രട്ടറി. | LF-5822/ SP.Cell/ SC5/08 /19.6.2009 | 25350 | 25350 | | | | 25350 | 0 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സഭ | | | | | | | | | | | | |
| 2 | „ | 2006-07 | 3(6) | ലളിതാംബിക .കെ.എസ്. | LF 8998/ SP.Cell/csc /A2 /12 തി.24.8.2013 | 21450 | 1140110 3559/ 14.5.2014 | - | - | 21450 | - | 0 | |
| 3 | „ | 2007-08 | 3(5) | സുധാകരൻ സെക്രട്ടറി | LF 17183/ SP.Cell/ CSC/ A2/12/ തി.15.6.15 | 23026 | 115011 22710/ 21.1.16 | | | 23026 | | 0 | |
| 4 | „ | 1998-99 | 47,45 | സുരേന്ദ്രൻ സെക്രട്ടറി | LF-15394/ SP.Cell/SC-5/03തി. 2.7.2004 | 43153 | | - | - | - | - | 43153 | OP 200/ 2006 |
| 5 | „ | 1998-99 | 91 | പി.ജെ. ജോസഫ് എച്ച് .എം | LF 15394/ SP.Cell/SC-5/03തി. 3.9.2013 | 17108 | | - | - | - | - | -17108 | വിവരം ലഭ്യമല്ല |
| 6 | „ | 1998-99 | 838487 | ടി.എം.അപ്പു | LF 15394/ SP.Cell/SC-5/03തി. 3.9.2013 | 11500 | | | | | | 11500 | WPC 2490/ 04 PEN DING |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 389486340 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 391331703 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 586814 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11985518 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 310843 | ശ്രീ. നിഷാന്ത് കാവുങ്ങ പറമ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ – 155421 |
| | | ശ്രീമതി. ശറീൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 155422 |
| 3-2 | 40878 | ശ്രീ. പ്രസന്ന കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ – 20439 |
| | | ശ്രീ. ചന്ദ്രൻ സി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 20439 |
| 3-3 | 20070 | Rs. ശ്രീ. നിഷാന്ത് കാവുങ്ങ പറമ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ - 10035 |
| | | ശ്രീമതി. ശറീൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 10035 |
| 3-4 | 26644 | ശ്രീ. പ്രസന്ന കുമാർ അസിസ്റ്റന്റ് എഞ്ചിനീയർ – 13322 |
| | | ശ്രീ. ഉമ്മർ.കെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 13322 |
| 3-5 | 17827 | ശ്രീ. നിഷാന്ത് കാവുങ്ങ പറമ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ – 8914 |
| | | ശ്രീമതി. ശറീൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 8913 |
| 3-6 | 13718 | ശ്രീ. നിഷാന്ത് കാവുങ്ങ പറമ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ – 6859 |
| | | ശ്രീമതി. ശറീൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 6859 |
| 3-7 | 104464 | ശ്രീ. അബ്ദുൽ സജീം. എസ്, സെക്രട്ടറി |

| | | |
|---|---|---|
| 3-8 | 8583 | ശ്രീ. പ്രസന്ന കുമാർ അസിസ്റ്റന്റ് എഞ്ചിനീയർ – 4292 |
| | | ശ്രീ. ഉമ്മർ.കെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 4291 |
| 3-9 | 18640 | ശ്രീ. നിഷാന്ത് കാവുങ്ങ പറമ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 19207 | ശ്രീ. അബ്ദുൽ സജീം. എസ്, സെക്രട്ടറി |
| 3-11 | 5940 | ശ്രീ. നിഷാന്ത് കാവുങ്ങ പറമ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ – 2970 |
| | | ശ്രീമതി. ശറീൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 2970 |
| ആകെ | 586814 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-44 | 8131300 | ശ്രീ. അബ്ദുൾ നജീം., സെക്രട്ടറി – 5993946 |
| | | ശ്രീ. പി.എം സുനിൽ സൂപ്രണ്ട്( സെക്രട്ടറി -ഇൻ ചാർജ്ജ്) – 16000 |
| | | ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ ( സെക്രട്ടറി -ഇൻ ചാർജ്ജ്) – 2121354 |
| 1-56 | 3854218 | നിഷാന്ത് കാവുങ്ങപറമ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 11985518 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 310843 | ശ്രീ. നിഷാന്ത് കാവുങ്ങ പറമ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. ശറീൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രസന്നകുമാർ, എൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറ്റൂർ നഗരസഭ | മാരി നിവാസ്, കൊടുമ്പ് (പി.ഒ), പാലക്കാട്- 678551. |
| ശ്രീ. ഉമ്മർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | റിട്ടയേർഡ് | കാരയിൽ ഹൗസ്, നെല്ലിക്കാപറമ്പ്, മുക്കം, കോഴിക്കോട്- 673602 |
| ശ്രീ. നിഷാന്ത് കാവുങ്ങ പറമ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരിന്തൽമണ്ണ നഗരസഭ | കാവുങ്ങപറമ്പിൽ, മക്കരപ്പറമ്പ് (പി.ഒ)<br>മലപ്പുറം – 676507 |
| ശ്രീമതി. ശറീൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | ജാലകം ഹൗസ്, പൂപ്പലം, വലമ്പൂർ. 679325 |
| ശ്രീ. ചന്ദ്രൻ സി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | ഭരതം, പയ്യാനിങ്ങൽ, പോറോപ്പടി, മേരിക്കുന്ന് പി.ഒ, കോഴിക്കോട്<br>പിൻ – 673012 |
| ശ്രീ. അബ്ദുൾ സജീം, സെക്രട്ടറി | സെക്രട്ടറി, നെടുമങ്ങാട് നഗരസഭ | ഡ്രീംസ്, ഹൈവേ ഗാർഡൻ<br>16th മൈൽ സ്റ്റോൺ,<br>തോന്നക്കൽ (പി.ഒ),<br>തിരുവനന്തപുരം-695317 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1967-68 | എൽ.എഫ്.എം.10/322/88 തീ. 18.10.1987 | 3 |
| 1968-69 | എൽ.എഫ്.എം.10/347/88 തീ. 18.10.1987 | 3 |
| 1969-70 | എൽ.എഫ്.എം.10/323/88 തീ. 18.10.1987 | 12 |
| 1970-71 | എൽ.എഫ്.എം.10/809/88 തീ.19.02.1982 | 35 |
| 1971-72 | എൽ.എഫ്.എം.10/1540/81 തീ.19.02.1982 | 46 |
| 1972-73 | എൽ.എഫ്.എം.10/1539/81 തീ. 19.02.1982 | 02 |
| 1973-74 | എൽ.എഫ്.എം.10/1693/80 തീ 26.02.1982 | 12 |
| 1974-75 | എൽ.എഫ്.എം.10/1435/81 തീ. 26.02.1982 | 05 |
| 1975-76 | എൽ.എഫ്.എം.10/314/81 തീ. 21.10.1988 | 7 |
| 1976-77 | എൽ.എഫ്.എം.10/704/81 തീ. 21.10.1988 | 3 |
| 1978-79 | എൽ.എഫ്.എം.10/400/82 തീ.21.10.1988 | 12 |
| 1979-80 | എൽ.എഫ്.എം.10/122/82 തീ.21.10.1988 | 4 |
| 1980-81 | എൽ.എഫ്.എം.10/276/84 തീ. 21.10.1988 | 30 |
| 1981-82 | എൽ.എഫ്.എം.10/1200/85 തീ. 21.10.1988 | 30 |
| 1982-83 | എൽ.എഫ്.എം.10/179/85 തീ.21.10.1988 | 37 |
| 1983-84 | എൽ.എഫ്.എം.10/1435/85 തീ.08.02.1989 | 35 |
| 1984-85 | എൽ.എഫ്.എം.10/671(എ)/90 തീ. 21.07.1990 | 39 |
| 1990-91 | എൽ.എഫ്.എം.21/220/15(7) തീ.23.02.2015 | 24 |
| 1991-92,1992-93 | എൽ.എഫ്.എം.21/393/15(7) തീ.23.02.2015 | 22 |
| 1994-95,1995-96 | എൽ.എഫ്.എം.21/393/15(9) തീ.23.02.2015 | 41 |
| 1996-97 | എൽ.എഫ്.എം.21/393/15(10) തീ.23.02.2015 | 12 |
| 1997-98 | എൽ.എഫ്.എം.21/393/15(11) തീ.23.02.2015 | 50 |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.എം.21/393/15(12) തീ.24.02.2015 | 14 |
| 1999-00 | എൽ.എഫ്.എം.21/393/15(13) തീ.24.02.2015 | 57 |
| 2000-01 | എൽ.എഫ്.എം.21/393/15(14) തീ.24.02.2015 | 92 |
| 2001-02 | എൽ.എഫ്.എം.21/393/15(15) തീ.24.02.2015 | 26 |
| 2002-03 | എൽ.എഫ്.എം.21/393/15(16) തീ.24.02.2015 | 77 |
| 2003-04 | എൽ.എഫ്.എം.21/393/15(17) തീ.27.02.2015 | 42 |
| 2004-05 | എൽ.എഫ്.എം.21/393/15(18) തീ.27.02.2015 | 42 |
| 2005-06 | എൽ.എഫ്.എം.21/393/15(19) തീ.27.02.2015 | 21 |
| 2006-07 | എൽ.എഫ്.എം.11/2161/09 തീ. 20.01.2010 | 33 |
| 2007-08 | എൽ.എഫ്.എം.16/2162/09 തീ. 20.01.2010 | 69 |
| 2008-09 | എൽ.എഫ്.എം.11/247/12 തീ. 31.01.2012 | 30 |
| 2009-10 | എൽ.എഫ്.എം.11/247/12 തീ. 31.03.2012 | 40 |
| 2010-11,2011-12 | എൽ.എഫ്.എം.21/1581/13 തീ: 20.11.2013 | 44 |
| 2012-13 | എൽ.എഫ്.എം.21/895/15 തീ. 13-05-2015 | 28 |
| 2013-14,2014-15 | കെഎസ്എഎംപിഎം21/1425/2016തി.14.7.16 | 28 |
| 2015-16 | കെഎസ്എഎംപിഎം 21/178/2017 തി:02-05-2018 | 28 |
| 2016-17 | കെഎസ്എഎംപിഎം21/2459/2017തി.30-11-17 | 28 |
| 2017-18 | കെഎസ്എഎംപിഎം21/2866/2018തി.30-10-19 | 16 |
| 2018-19 | കെഎസ്എഎംപിഎം21/1441/2020തി.03-02-2021 | 17 |
| 2019-20 | കെഎസ്എഎംപിഎം21/600/22 | 13 |
| 2021-21 | കെ.എസ്.എ.എം.പി.എം.21/201/22 | 17 |

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്ന അവസ്ഥ ശരിയായ നടപടിയല്ല. നിലവിലുള്ള ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം ജില്ല

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്